
www.nerpatham.com | mail@nerpatham.com

# നേർപഥം

വാരിക

VOL NO: 01 | ISSUE 35 | 2017 SEP 09 | ₹10

## അഴിയെണ്ണുന്ന ആത്മീയാചാര്യന്മാരും
## അരക്ഷിതാവസ്ഥ സൃഷ്ടിക്കുന്ന അനുചരന്മാരും



## മുത്ത്വലാക്ക്
## പുതിയ വിധിയുടെ പശ്ചാത്തലത്തിൽ

സുന്നത്ത് നമസ്കാരങ്ങൾ || ഹദീഥിന്റെ പ്രാമാണികത

WISDOM
GLOBAL ISLAMIC MISSION

നേരിന്റെ വരമൊഴി

# നേർപഥം

വാരിക

പ്രമാണങ്ങൾക്കൊപ്പം

ഗുണകാംക്ഷയുടെ ശബ്ദം

നേരിന്റെ ആർജ്ജവം

വേറിട്ട വായനാനുഭവം

Circulation Manager | Nerpatham Weekly
EKP Complex | Kallai Road | Kozhikkode 2 | Kerala | India | Ph: 0495 4019437
mail@nerpatham.com | www.nerpatham.com

നേർപഥം
വാരിക

0035 / 2017 സെപ്തംബർ 09 / 1438 ദുൽഹിജ്ജ 07 / പുസ്തകം 01 / ലക്കം 35


# അഴിയെണ്ണുന്ന ആത്മീയാചാര്യന്മാർ

പി. വി. എ പ്രിംറോസ് / 06



# മുത്ത്വലാക്വ് പുതിയ വിധിയുടെ പശ്ചാത്തലത്തിൽ

സുഫ്‌യാൻ അബ്ദുസ്സലാം / 13


**മുഖമൊഴി**

സ്രഷ്ടാവിൽ ഭരമേൽപിക്കുക / 05
എഡിറ്റർ

**ലേഖനങ്ങൾ**

സുന്നത്ത് നമസ്കാരങ്ങൾ / 14
ദുൽക്കർഷാൻ.എ

ഹദീഥിന്റെ പ്രാമാണികത / 23
മൂസ സ്വലാഹി, കാര

മക്കളെ വളർത്തുമ്പോൾ... / 26
അൽഫിയ മെഹർ

നന്ദിയുള്ളവരായി ജീവിക്കുക/ 28
ഉസ്മാൻ പാലക്കാഴി

**ബാലപഥം**

പ്ലാസ്റ്റിക് പാത്രം / 18
റാഷിദ ബിൻത് ഉസ്മാൻ

രണ്ട് കവിതകൾ / 19
ടി.കെ ഉസ്മാൻ

**ചരിത്രപഥം**

പ്രളയത്തിനു ശേഷം / 20
ഹുസൈൻ സലഫി, ഷാർജ

**വിവർത്തനം**

സ്ത്രീ സംരക്ഷിക്കപ്പെടണം / 32
ഡോ. അബ്ദുർറസ്സാക്വ് അൽബദർ

**ക്വുർആൻ പഠനം**

പ്രവാചക വിമർശനങ്ങളിലെ ബാലിശതകൾ / 34
ശമീർ മദീനി



Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Managing Editor: Nasir Balusseri I Editor: Usman Palakkazhi
Chief Editor: Anil Primrose I Web Editor: Haseeb Elayur I Design & Layout: Elan Creativo
Cover: Riyas K I mail@nerpatham.com I www.nerpatham.com I 0495 4019437

## വായനക്കാർ എഴുതുന്നു




### ഗെയിമുകൾ കൊലപാതകികളാവുമ്പോൾ

കേവലം ആനന്ദങ്ങൾക്കും ആസ്വാദനങ്ങൾക്കും മാത്രം ഉപകാരപ്പെടുന്ന ഗെയിമുകൾ കനത്ത വിഷാദരോഗത്തിനും ആത്മഹത്യക്കും വരെ കാരണമാവുന്നു എന്ന വസ്തുത വ്യക്തമാക്കുന്ന നേർപഥത്തിലെ 'കളിപാതകങ്ങൾ' എന്ന കവർ സ്റ്റോറി ചിന്തോദ്ദീപകമായി. കുട്ടികളുടെ മനസ്സും മസ്തിഷ്കവും കാർന്ന് തിന്നുന്ന ഇത്തരം ഗെയിമുകൾ നിയമം മൂലം നിരോധിക്കാൻ സർക്കാർ മുൻകയ്യെടുക്കണം.

**അമീർ തലശ്ശേരി**

### പാരന്റിംഗ് തുടരണം

നേർപഥത്തിന്റെ ഒന്നാം ലക്കം മുതൽ പ്രസിദ്ധീകരിച്ച് കൊണ്ടിരുന്ന 'ഇസ്‌ലാമിക് പാരന്റിംഗ്' ഇപ്പോൾ തുടർച്ചയായി മുടങ്ങുന്നു. മറ്റു ഇസ്‌ലാമിക പ്രസിദ്ധീകരണങ്ങളിൽ നിന്ന് ഏറെ വ്യതിരിക്തത പുലർത്തിയിരുന്ന പ്രസ്തുത കോളം തുടരണം എന്ന് അപേക്ഷിക്കുന്നു.

**നിസാർ ഒളമതിൽ**

### മാധ്യമങ്ങൾ നന്മയുടെ പ്രചാരകരാവുക

പറവൂർ സംഭവത്തെ മാധ്യമങ്ങൾ നോക്കിക്കണ്ട രീതി ഏറെ പ്രശംസനീയമായിരുന്നു. സത്യസന്ധമായ വാർത്തകൾ അച്ചടിച്ചു വന്നു എന്ന് മാത്രമല്ല, അക്രമികളെ സമൂഹത്തിന് മുന്നിൽ തുറന്ന് കാണിക്കുന്നതിൽ അവർ മുമ്പിൽ നിൽക്കുകയും ചെയ്തു. എന്നാൽ ഈയവസരത്തിലും 'പെൺ സുന്നത്തും' 'റഹീംഭക്തരു'മായി ചർച്ചയെ വഴി തെറ്റിക്കാൻ ശ്രമിച്ച ചില മാധ്യമങ്ങളെ നാം കാണാതിരുന്നു കൂടാ. സമൂഹത്തിൽ ധ്രുവീകരണം ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന ഇത്തരം മാധ്യമങ്ങളെ ഒറ്റപ്പെടുത്താനുള്ള ബോധപൂർവ ശ്രമങ്ങൾ കൂടി നടത്തുമ്പോഴേ പൗരന്റെ 'മാധ്യമ സാക്ഷരത' പൂർണമാവൂ.

**റസ്മിയ മംഗലാപുരം**

**ധ്രുവീകരണത്തിനെതിരെ വിദ്യാർഥികളെ ബോധവൽക്കരിക്കണം: എം.എസ്.എം ആൽക്കെമി**

## എം.എസ്.എം ആൽക്കെമി വിദ്യാർഥി സമ്മേളനത്തിന് ഉജ്ജ്വല സമാപനം

അത്തോളി: വിഭാഗീയതയ്ക്കും വിദ്വേഷത്തിനുമെതിരെ വിദ്യാർഥികളിൽ ശക്തമായ ബോധവൽക്കരണ പരിപാടികൾ സർക്കാർ ആവിഷ്ക്കരിക്കണമെന്ന് വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷന്റെ ഭാഗമായി മുജാഹിദ് സ്റ്റുഡ്സ്ൻ മൂവ്മെന്റ് (എം.എസ്.എം) സംസ്ഥാന സമിതിയുടെ ആഭിമുഖ്യത്തിൽ അത്തോളി മിയാമി കൺവെൻഷൻ സെന്ററിൽ സംഘടിപ്പിച്ച ആൽക്കെമി ആർട്സ് & സയൻസ് വിദ്യാർഥി സമ്മേളനം അഭിപ്രായപ്പെട്ടു.

സാമൂഹിക തിന്മകൾക്കും വർഗീയ ധ്രുവീകരണങ്ങൾക്കുമെതിരെ കലാലയങ്ങളിൽ കൂട്ടായ്മകൾ രൂപീകരിക്കുന്നതിൽ അധ്യാപകരും സ്ഥാപനമേധാവികളും ശ്രദ്ധ പതിപ്പിക്കണം. വർഗീയ ശക്തികളുടെ വിളനിലങ്ങളായി കലാലയങ്ങൾ മാറാതിരിക്കാൻ ജാഗ്രത പുലർത്തണമെന്നും സമ്മേളനം കൂട്ടിച്ചേർത്തു. സമാപന സമ്മേളനം വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷൻ സംസ്ഥാന നിർവാഹക സമിതിയംഗം നാസർ ബാലുശ്ശേരി ഉദ്ഘാടനം ചെയ്തു. എം.എസ്.എം സംസ്ഥാന ജനറൽ സെക്രട്ടറി പി. ലുബൈബ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ജാമിഅ: അൽഹിന്ദ് അൽ ഇസ്‌ലാമിയ്യ പ്രിൻസിപ്പൾ കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ മുഖ്യപ്രഭാഷണം നിർവഹിച്ചു. എം.എസ്.എം സംസ്ഥാന പ്രസിഡണ്ട് എ.പി. മുനവ്വിർ സ്വലാഹി, നിസാർ സ്വലാഹി, സി.എം. അബ്ദുൽ ഖാലിക്ക്, നസീഫ് പി.പി, കെ.പി. മുഹമ്മദ് ഷമീൽ, നൂറുദ്ധീൻ സ്വലാഹി, സയ്യിദ് മുഹമ്മദ് മഷ്ഹൂർ തുടങ്ങിയവർ സംസാരിച്ചു.

രണ്ടു ദിവസങ്ങളിലായി നടന്ന സമ്മേളനത്തിൽ പി.കെ ഫിറോസ്, എസ്.കെ സജീഷ്, ഡോ. സി.എം സാബിർ നവാസ്, സി. മുഹമ്മദ് അജ്മൽ, സജ്ജാദ് ബിൻ അബ്ദുറസാഖ്, മുജാഹിദ് ബാലുശ്ശേരി, അബ്ദുറഹ്മാൻ ചുങ്കത്തറ, താജുദ്ദീൻ സ്വലാഹി, റഷീദ് കൊടക്കാട്, അബ്ദുറഹ്മാൻ അൻസാരി, ഹാരിസ് ഇബ്നു സലീം, ഹാരിസ് കായക്കൊടി, നദീം അബ്ദുല്ല, അബൂബക്കർ സലഫി, ടി.കെ അഷ്റഫ്, ഫൈസൽ മൗലവി തുടങ്ങിയവർ വിവിധ സെഷനുകളിലായി സംബന്ധിച്ചു.

മുഖമൊഴി

# സ്രഷ്ടാവിൽ ഭരമേൽപിക്കുക

**ദൈ**വചിന്തയാൽ സജീവമായിരിക്കണം വിശ്വാസിയുടെ മനസ്സ്. അവന്റെ അനുശാസനകൾ പാലിച്ച് എത്രത്തോളം അവന്റെ പ്രീതി നേടാൻ ശ്രമിക്കുന്നുവോ അത്രകണ്ട് അവൻ തന്റെ ദാസനോട് അടുക്കും.

വിശ്വാസ കാര്യങ്ങളിൽ ഒന്നാമത്തേതാണല്ലോ അല്ലാഹുവിലുള്ള വിശ്വാസം. അത് കേവലമായ വിശ്വാസത്തിൽ ഒതുക്കേണ്ടതല്ല. അവന്റെ ഏകത്വത്തിലുള്ള ഉള്ളറിഞ്ഞ ദൃഢബോധം, അവൻ അനാദിയും അനന്തനും പ്രപഞ്ചസ്രഷ്ടാവും വിധാതാവും പരിപാലകനുമാണ് എന്ന അറിവും ഓർമയും, തനിക്ക് ജന്മവും ജീവിതവും മരണവും സുഖവും ദുഃഖവും രോഗവും ആരോഗ്യവും ക്ഷേമവും ക്ഷാമവും ആപത്തും അനുഗ്രഹവുമെല്ലാം നൽകുന്നത് ഏകനായ അല്ലാഹുവാണെന്ന നിതാന്ത ബോധവും വിശ്വാസിക്കുണ്ടായിരിക്കണം. അപ്പോൾ അവന്റെയുള്ളിൽ ശുഭപ്രതീക്ഷ വളരും. അല്ലാഹുവിന്റെ സാമീപ്യം ലഭിക്കുവാനുള്ള അടങ്ങാത്ത താൽപര്യവുമുണ്ടായിത്തീരും. അതവനെ കർമനിരതനാക്കും. ദുരിത ഘട്ടത്തിൽ അവൻ നിരാശനാകില്ല. അല്ലാഹുവിനോട് മാത്രം അവൻ വിളിച്ചു പ്രാർഥിക്കും. തന്റെ കാര്യത്തിൽ അല്ലാഹു നിശ്ചയിച്ചുവെച്ചതിനപ്പുറം യാതൊന്നും സംഭവിക്കില്ലെന്ന ബോധം അവനിൽ ദൃഢമാകും. അത് ധൈര്യവും പ്രത്യാശയും നൽകും. അത്തരക്കാർക്ക് പ്രയാസഘട്ടങ്ങളിൽ പരിഭ്രാന്തിയുണ്ടാകില്ല. ആലസ്യവും നൈരാശ്യവും അവരെ പൊതിയുകയില്ല. ജീവസ്സുറ്റ, കർമനിരതമായ, അന്തസ്സും നിർഭയത്വവുമുള്ള വിഭാഗമാകും അവർ.

അബൂബക്ർ ﵁ പറയുന്നു: "ഞങ്ങൾ ഥൗർ ഗുഹയിലായിരിക്കെ തലക്കുമുകളിലൂടെ നടന്നു നീങ്ങുന്ന മുശ്‌രിക്കുകളുടെ പാദങ്ങൾ ഞാൻ കണ്ടിരുന്നു. അന്നേരം അല്ലാഹുവിന്റെ 'ദൂതരേ, അവരാരെങ്കിലും പാദങ്ങൾക്കു ചുവട്ടിലൂടെ നോക്കിയാൽ നമ്മെ കണ്ടെത്തുമല്ലോ' എന്നു ഞാൻ പറഞ്ഞു. അപ്പോൾ പ്രവാചകൻ ﷺ പറഞ്ഞു: 'അബൂബക്റേ, മൂന്നാമനായി അല്ലാഹു കൂടെയുള്ള രണ്ടാളുകളെ കുറിച്ച് താങ്കളുടെ വിചാരമെന്താണ്?' (ബുഖാരി, മുസ്‌ലിം).

അല്ലാഹുവിന്റെ റസൂൽ ﷺ യും അബൂബക്ർ ﵁ വും ഹിജ്‌റയുടെ വേളയിൽ ഒളിച്ചിരുന്ന ഥൗർഗുഹയുടെ അടുത്തെത്തിയ ശത്രുക്കൾക്ക് ഗുഹയിലേക്കൊന്ന് പാളിനോക്കാൻ തോന്നിയില്ല. നോക്കിയാൽ അവരെ കണ്ടെത്തിയേനെ. അല്ലാഹുവിലുള്ള അചഞ്ചമായ വിശ്വാസം, അവനിലുള്ള തവക്കുൽ അവരെ രക്ഷിച്ചു. സ്രഷ്ടാവിൽ ഭരമേൽപിച്ചവർ പിന്നെന്തു ഭയപ്പെടാൻ!

അല്ലാഹുവിൽ ഭരമേൽപിക്കാത്തവർക്ക് നിരാശയായിരിക്കും അത്യന്തിക ഫലം. ഭയം അവരെ വലയം ചെയ്തിരിക്കും. അപകർഷതാബോധവും കർമവൈമുഖ്യവും അവരെ പിന്തുടർന്നുകൊണ്ടിരിക്കും. അതുകൊണ്ടു തന്നെ വിശുദ്ധ ക്വുർആനിൽ ധാരാളം സ്ഥലങ്ങളിൽ അല്ലാഹുവിൽ ഭരമേൽപിക്കാനുള്ള കൽപന കാണാം.

"അല്ലാഹുവെ പറ്റി പറയപ്പെട്ടാൽ ഹൃദയങ്ങൾ പേടിച്ച് നടുങ്ങുകയും അവന്റെ ദൃഷ്ടാന്തങ്ങൾ വായിച്ചു കേൾപിക്കപ്പെട്ടാൽ വിശ്വാസം വർധിക്കുകയും തങ്ങളുടെ രക്ഷിതാവിന്റെ മേൽ ഭരമേൽപിക്കുകയും ചെയ്യുന്നവർ മാത്രമാണ് വിശ്വാസികൾ" (8:2).

അനസ് ﵁ വിൽ നിന്ന്. നബി ﷺ പറഞ്ഞു: "ആരെങ്കിലും തന്റെ വീട്ടിൽ നിന്ന് പുറപ്പെടുമ്പോൾ 'അല്ലാഹുവിന്റെ നാമത്തിൽ. ഞാൻ അല്ലാഹുവിൽ ഭരമേൽപിച്ചിരിക്കുന്നു. അല്ലാഹുവിൽ നിന്നല്ലാതെ യാതൊരു ശക്തിയും കഴിവുമില്ല' എന്നു പറഞ്ഞാൽ (മലക്കുകൾ വഴി) പറയപ്പെടും: 'നീ സന്മാർഗം പ്രാപിച്ചിരിക്കുന്നു. നീ സംരക്ഷിക്കപ്പെട്ടിരിക്കുന്നു.' പിശാച് അവനിൽ നിന്ന് അകന്നു പോകുകയും ചെയ്യും" (അബൂദാവൂദ്, തിർമുദി). ●

പി.വി.എ പ്രിംറോസ്
anilprimrose@gmail.com

ലേഖനം



# അഴിയെണ്ണുന്ന ആത്മീയാചാര്യന്മാരും അരക്ഷിതാവസ്ഥ സൃഷ്ടിക്കുന്ന അനുചരന്മാരും

"Leave your mind where you leave your shoes." ഭാരതത്തിലെ അറിയപ്പെട്ട ആൾദൈവമായിരുന്ന ഓഷോ രജനീഷിന്റെ ധ്യാനകേന്ദ്രത്തിന്റെ പടിവാതിലിൽ എഴുതിവെച്ച വാചകമായിരുന്നു ഇത്. ചെരുപ്പും ചിന്തയും ഉപേക്ഷിച്ച് അകത്ത് കയറാൻ ആഹ്വാനം ചെയ്ത ആത്മീയാചാര്യന്മാരുടെ അന്ധവിശ്വാസികളായ അനുയായികൾ ഇന്നും ജീവിച്ചിരിക്കുന്നു എന്ന വസ്തുതയാണ് ദേര സച്ചാ സൗദാ പ്രാസ്ഥാനികാചാര്യൻ ഗുർമീത് റാം റഹീം സിംഗിന്റെ ആരാധകർ അഞ്ച് സംസ്ഥാനങ്ങളിൽ നടത്തിയ അഴിഞ്ഞാട്ടങ്ങൾ കണ്ടപ്പോൾ ബോധ്യപ്പെട്ടത്.

ആൾക്കൂട്ട ഭീകരത ഫാഷനായി മാറിയ സമകാലിക സാഹചര്യത്തിൽ, ഏതെങ്കിലും 'അഭിപ്രായ സ്വാതന്ത്ര്യ'ത്തിനാണ് 'ഭക്തജനങ്ങൾ' നിയമം കയ്യിലെടുത്തതെന്ന് കരുതിയെങ്കിൽ തെറ്റി. സ്വാമിജി ചെയ്ത നിരവധി അധാർമികവൃത്തികളിൽ രണ്ട് ബലാൽസംഗ കേസുകൾ തെളിയിക്കപ്പെടുകയും അതിന് ശിക്ഷ വിധിക്കുകയും ചെയ്ത സാഹചര്യത്തിലാണ് ഈ കൂട്ടക്കൊലപാതങ്ങളും തീവണ്ടിയടക്കമുള്ള വാഹനങ്ങൾ കത്തിക്കലുമെല്ലാമുണ്ടായത്.

സിനിമാ തിരക്കഥകളെ പോലും വെല്ലുന്ന തരത്തിലായിരുന്നു സ്വാമിയുടെ ആശ്രമ ജീവിതം. എന്തു കൊള്ളരുതായ്മകൾ ചെയ്താലും ദൈവത്തിന്റെ നിയമങ്ങളാണെന്ന ഉറപ്പിൽ അതെല്ലാം ശിരസ്സാവഹിക്കുന്ന അനുയായികളും സർവ തോന്ന്യാസങ്ങൾക്കും പച്ചക്കൊടി വീശുന്ന രാഷ്ട്രീയ മുതലാളിമാരുമുള്ളപ്പോൾ റാം റഹീം പകരം വെക്കാനില്ലാത്ത സാമ്രാജ്യത്തിന്റെ ഉടമയായി മാറി.

അധാർമിക വൈകൃതങ്ങൾക്കുള്ള അണികളുടെ 'ആചാര വായനകൾ' പരകോടിയിൽ നിൽക്കുന്നതിനിടെയാണ് ഹരിയാന സിർസയിലെ ദേര ആസ്ഥാനത്ത് നിന്ന് ഒരു ഊമക്കത്ത് വരുന്നത്. 2002ൽ അന്നത്തെ പ്രധാനമന്ത്രി എ.ബി വാജ്പേയിക്ക് ലഭിച്ച മൂന്ന് പേജ് കത്തോട് കൂടെയാണ് ആശ്രമത്തിലെ വനിതകൾക്ക് നേരെ ആചാര്യൻ ചെയ്യുന്ന ക്രൂരമായ രതിവൈകൃതങ്ങളുടെ ഞെട്ടിക്കുന്ന യാഥാർഥ്യങ്ങൾ പുറംലോകമറിയുന്നത്. പഞ്ചാബ്-ഹരിയാന ഹൈക്കോടതിക്ക് വാജ്പേയ് കൈമാറിയ കത്ത് സിർസിലെ ജില്ലാ ജഡ്ജി എം.എസ് സുള്ളർ അന്വേഷണത്തിനായി ഉത്തരവിടുകയും 2002 ഡിസംബർ 12 സി.ബി.ഐ ഏറ്റെടുക്കുകയും ചെയ്തു.

ഊമക്കത്തെഴുതിയ ആളുകളെ കണ്ടെത്തി കേസുമായി മുന്നോട്ട് പോകുന്ന വേളയിൽ എഴുതിയയാളുടെ സഹോദരനെ ദേര സച്ചാ സൗദയുടെ അനുയായികൾ കൊലപ്പെടുത്തി. മാത്രമല്ല കേസ് വാദിച്ച പ്രൊസിക്യൂട്ടർ എച്ച്.പി.എസ് വർമയെ കാറിടിച്ച് കൊലപ്പെടുത്താനും ശ്രമമുണ്ടായി. ജുഡീഷ്യറിയുടെ നിശ്ചയദാർഢ്യത്തിനൊടുവിൽ, 15 വർഷത്തെ നിരന്തര അന്വേഷണങ്ങളുടെയും നിയയമപ്പോരാട്ടങ്ങളുടെയും ഫലമായി 20 വർഷം കഠിന തടവ് വിധിച്ചിരിക്കുകയാണ് കോടതി. ഭക്തജനങ്ങളുടെ കണ്ണീരിന് പരിഹാരം കാണുന്ന സ്വാമി പൊട്ടിക്കരഞ്ഞ് കോടതിയോട് മാപ്പ് ചോദിച്ചതാണ് വിധിന്യായത്തിലെ കൗതുകവാർത്ത.

അധാർമികവൃത്തികളുടെ പേരിൽ ശിക്ഷിക്കുന്ന ആദ്യ ഇന്ത്യൻ ആത്മീയാചാര്യനൊന്നുമല്ല റാം റഹീം. ഇതിന് മുമ്പും ഇതിന് സമാനമായ സാഹചര്യത്തിൽ നിരവധി പേരെ വിസ്താരം നടത്തുകയും കുറ്റക്കാരാണെന്ന് കണ്ട് കോടതി ശിക്ഷ വിധിക്കുകയും ചെയ്തിട്ടുണ്ട്.

പതിനാറുകാരിയായ തന്റെ അനുയായിയെ മാനഭംഗപ്പെടുത്തിയതിന്റെ പേരിൽ 2013ൽ അറസ്റ്റ് ചെയ്യപ്പെട്ട ആൾദൈവമാണ് ആസാറാം ബാപ്പു. അസുമൽ സിരമലാനി എന്ന നാമധേയത്തിലറിയപ്പെടുന്ന 76കാരനായ ബാപ്പുവിനെ ബ്രഹ്മചര്യത്തിന്റെ മേന്മയും ആശ്രമജീവിതത്തിന്റെ മഹത്ത്വവും വാതോരാതെ ഉദ്ഘോഷിച്ചിരുന്ന സാത്വികനായാണ് അനുയായി വൃന്ദങ്ങൾ മനസ്സിലാക്കിയിരുന്നത്. സ്വദേശത്തും വിദേശത്തും നിരവധി ആശ്രമങ്ങളുള്ള ബാപ്പുവിനെ അഹ്മദാബാദിലെ സ്വന്തം ആശ്രമത്തിൽ നിന്ന് പിടികൂടുമ്പോൾ ആയിരക്കണക്കിന് കോടിയുടെ സ്വത്ത് കൈവശം വെച്ചിരുന്നു എന്ന് നിയമപാലകർ സാക്ഷ്യപ്പെടുത്തുന്നു.

സമാന കേസിൽ മകനും, കേസിലെ സാക്ഷികളെ കൊലപ്പെടുത്തിയതിന്റെ പേരിൽ സുരക്ഷാ ജീവനക്കാരനായിരുന്ന കാർത്തിക് ഹൽദറാമും ഇപ്പോൾ വിചാരണ നേരിട്ട് കൊണ്ടിരിക്കുന്നു എന്ന് പറയുമ്പോൾ സ്വാമിയുടെ ക്രിമിനൽ പശ്ചാത്തലത്തിന്റെ വ്യാപ്തി നമുക്ക് ഊഹിക്കാവുന്നതേ ഉള്ളൂ.

ഉറ്റ അനുയായിയുമായുള്ള പടലപ്പിണക്കത്താൽ തെന്നിന്ത്യൻ നടിയുമായുള്ള ലൈംഗികകേളി പുറം ലോകമറിഞ്ഞാണ് 2010ൽ സ്വാമി നിത്യാനന്ദ അറസ്റ്റിലാകുന്നത്. വീഡിയോയുടെ ആധികാരികത അംഗീകരിച്ച സിനിമാ നടിയാവട്ടെ നിത്യാനന്ദയിൽ നിന്ന് തന്നെ കാർമികത്വം സ്വീകരിച്ച് അതേ ആശ്രമത്തിൽ തന്നെ സന്യാസിനിയായി ഇപ്പോഴും ജീവിക്കുന്നു.

ലൈംഗിക കേന്ദ്രത്തിന്റെയും മനുഷ്യക്കടത്തിന്റെയും പേരിലാണ് ഡൽഹി സ്വദേശി സ്വാമി സദാചാരി അറസ്റ്റിലാകുന്നത്. കൊലപാതകമുൾപ്പെടെ 30 കേസുകളിൽ പ്രതിയായിരുന്നു 2014ൽ അറസ്റ്റ് ചെയ്യപ്പെട്ട ഹരിയാനയിലെ റോഹ്തക് ജില്ലക്കാരനായ റാം പാൽ. 1000 ഏക്കർ ആശ്രമ സമുച്ചയത്തിൽ നിത്യവും പാലിൽ കുളിച്ച് സ്വന്തം നിയമങ്ങളുമായി കഴിഞ്ഞ രാഷ്ട്രീയ സമാജ് സേവാ സമിതി നേതാവ് റാം പാലിനെ അറസ്റ്റ് ചെയ്യാനായി 4000 കമാൻഡോകളെ നിയോഗിക്കേണ്ടി വന്നു സർക്കാരിന്.

അധാർമികവൃത്തികളുടെ പേരിൽ ആരോപണം നേരിട്ട നിരവധി ആൾ ദൈവങ്ങൾ ഇന്ത്യയിൽ ഇനിയുമെമ്പാടുണ്ട്. തയ്യൽക്കാരിയായി വളർന്നുവന്ന് 'അടിപൊളി വേഷ'ത്തിൽ നൃത്തമാടി അനുയായികളെ ചുംബിക്കുന്ന പഞ്ചാബിലെ ഹോഷിയാർപൂർ സ്വദേശിനി സുഖവിന്ദർ കൗർ എന്ന രാധാമേ, നക്ഷത്രവേശ്യാലയം നടത്തിയതി

**ആത്മീയ ഗുരുക്കന്മാരും സന്യാസിനിമാരുമെല്ലാം നടത്തിക്കൊണ്ടിരിക്കുന്ന തട്ടിപ്പുകളും അധാർമികവൃത്തികളും ഇടയ്ക്കിടെ പുറത്തുവരുന്നത് ആശ്വാസകരമാണ്. എന്നാൽ ഇതിൽ ഏറിയ പങ്കും അണികളെ സ്വാധീനിക്കുന്നില്ലെന്നതും മീഡിയകൾ ഏറ്റുപിടിക്കുന്നില്ലെന്നതും ദൗർഭാഗ്യകരമാണ്. കൃത്യമായ നിയമനടപടികൾ നിലനിന്നാൽ ഈ ചൂഷണത്തിന്റെ വേരറുക്കാൻ ഏറെയൊന്നും പ്രയാസപ്പെടേണ്ടി വരില്ല.**

ന്റെ പേരിൽ 1997ൽ അറസ്റ്റ് ചെയ്യപ്പെട്ട ചിത്രകൂടം സ്വാമി എന്ന് പേരുള്ള ഇച്ഛാധാരി സന്ത് സ്വാമി ഭീമാനന്ദ് മഹാരാജ്, നേതാജിയുടെ പുനരവതാരമെന്ന് അവകാശപ്പെട്ട് രാഷ്ട്രീയ നേതാക്കന്മാരുടെ ഇഷ്ട പ്രാണേശ്വരനായി വളർന്ന് അടിയന്തരാവസ്ഥക്കാലത്ത് അറസ്റ്റ് ചെയ്യപ്പെട്ട ജയ് ഗുരുദേവ് എന്ന തുൾസി ദാസ്, തിരിച്ചുവരവ് പ്രതീക്ഷിച്ച് മരിച്ചിട്ടും ഫ്രീസറിൽ സൂക്ഷിച്ച് കാത്തിരുന്ന അനുയായികളുള്ള പഞ്ചാബിലെ ഗുരു അശുതോഷ്, ലൈംഗിക പീഡനത്തിന്റെയും ബ്ലൂഫിലിം നിർമാണത്തിന്റെയും പേരിൽ കേരളത്തിൽ നിന്ന് കസ്റ്റഡിയിലെടുത്ത സന്തോഷ് മാധവൻ... തുടങ്ങി പൗരസ്ത്യ ആത്മീയ പാരമ്പര്യത്തെ നാണം കെടുത്തിയ നിരവധി ആൾദൈവങ്ങൾ ഭാരതത്തിൽ കഴിഞ്ഞുപോയിട്ടുണ്ട്.

പിടിക്കപ്പെട്ട തട്ടിപ്പുകളുടെയും അസാന്മാർഗിക കഥകളുടെയും എണ്ണത്തെക്കാൾ വലുതാണ് പിടിക്കപ്പെടാതെ പോകുന്നത്. കേരളത്തിലെ അറിയപ്പെട്ട ആൾദൈവമായ അമ്മയുടെ കഥ തന്നെയെടുക്കാം. ആത്മീയത തേടി 21ാം വയസ്സിൽ മാതാ അമൃതാനന്ദമയിയുടെ ആശ്രമത്തിലെത്തി, 1979 മുതൽ 1999 വരെയുള്ള നീണ്ട 20 വർഷം അമ്മയുടെ അടുത്ത ശിഷ്യയും പേഴ്സണൽ അസിസ്റ്റന്റുമായി ഒടുക്കം ആശ്രമത്തിലെ തിക്താനുഭവങ്ങളിൽ മനംമടുത്ത് സ്വദേശത്തേക്ക് തിരികെ പോയ ആസ്ത്രേലിയക്കാരി ഗെയ്ൽ ട്രെഡ്‌വെൽ രചിച്ച് കേരളത്തിന്റെ ആത്മീയ കാപട്യത്തിന് നടുപ്രഹരമേൽപിച്ച Holly Hell: A memoir of faith, devotion and pure madness എന്ന 229 പേജുള്ള വിവാദ പുസ്തകം മഠത്തിലെ ഇത്തരം തട്ടിപ്പുകളുടെ തുറന്നെഴുത്താണ്.

വള്ളിക്കാവിലെ ആശ്രമത്തിൽ നടന്ന ബലാത്സംഗ പരമ്പരകളടക്കം ഞെട്ടിക്കുന്ന രഹസ്യങ്ങളാണ് ഗെയ്ൽ പുസ്തകത്തിലൂടെ അനാവരണം ചെയ്തിരിക്കുന്നത്. ആശ്രമം ലൈംഗികാതിക്രമണങ്ങളുടെയും അരാജകത്വത്തിന്റെയും കേന്ദ്രമായിരുന്നു എന്നും താൻ തന്നെ ആശ്രമത്തിൽ പലതവണ ബലാത്സംഗത്തിന് ഇരയായിട്ടുണ്ട് എന്നും അവർ വെളിപ്പെടുത്തുന്നു.

**അസുമൽ സിരമലാനി എന്ന നാമധേയത്തിലറിയപ്പെടുന്ന 76കാരനായ ആസാറാം ബാപ്പുവിനെ, ബ്രഹ്മചര്യത്തിന്റെ മേന്മയും ആശ്രമജീവിതത്തിന്റെ മഹത്ത്വവും വാതോരാതെ ഉദ്ഘോഷിച്ചിരുന്ന സാത്വികനായാണ് അനുയായി വൃന്ദങ്ങൾ മനസ്സിലാക്കിയിരുന്നത്. ബാലികാപീഡനത്തിന് ബാപ്പുവിനെ അഹ്മദാബാദിലെ സ്വന്തം ആശ്രമത്തിൽ നിന്ന് പിടികൂടുമ്പോൾ ആയിരക്കണക്കിന് കോടിയുടെ സ്വത്ത് കൈവശം വെച്ചിരുന്നു എന്ന് നിയമപാലകർ സാക്ഷ്യപ്പെടുത്തുന്നു.**

കൊടുങ്ങല്ലൂർ മഠത്തിൽ പറമ്പിൽ വെള്ളാപ്പുള്ളി വീട്ടിൽ നാരായണൻ കുട്ടിയുടെ 1990 ഏപ്രിലിൽ നടന്ന മരണത്തെ കുറിച്ചും അമൃതപുരി ആശ്രമത്തിലെ ധുരംധറിന്റെ 2000 ജൂലൈ 15ലെ മരണത്തെ കുറിച്ചും അമൃതാനന്ദ മഠത്തിലെ 12-ാം നിലയിൽ നിന്ന് വീണ് 2001 സെപ്തംബർ 6ന് കൊല്ലപ്പെട്ട രാമനാഥ അയ്യരെ കുറിച്ചും 'അല്ലാഹു അക്ബർ' എന്നുച്ചരിച്ചു കൊണ്ട് ഏതാനും വർഷം മുമ്പ് അമ്മയുടെ ആശ്രമത്തിലേക്ക് പ്രവേശിച്ച സത്നാം സിംഗിന്റെ ദുരൂഹ മരണത്തെ കുറിച്ചുമെല്ലാം നിരവധി ആരോപണങ്ങൾ അമൃതാനന്ദമയിയും ആശ്രമവും മുമ്പേ നേരിട്ടുകൊണ്ടിരുന്നതുമാണ്. എന്നിട്ടും നിയമപാലകരും ഭരണകൂടവും ഇക്കാര്യത്തിന് നേരെ കണ്ണടച്ചിരിക്കുകയാണ്.

'മനുഷ്യദൈവ'ങ്ങളിൽ പലരും ഇത്തരം അധാർമികവൃത്തികൾ തങ്ങളുടെ ആചാരങ്ങളുടെ ഭാഗമായി നടപ്പിൽ വരുത്തിക്കൊണ്ടിരുന്നവരാണ് എന്നതാണ് വാസ്തവം. റഷ്യൻ ആചാര്യനായ ഗ്രിഗറി റാസ്പുടിൻ അഹങ്കാരമാണ് സ്വർഗപ്രാപ്തിക്ക് വിഘ്നതമെന്ന് വിശ്വസിച്ച ആളായിരുന്നു. അഹങ്കാരനിരാസത്തിന് മാർഗമായി അദ്ദേഹം നിർദേശിച്ചതാവട്ടെ താനുമായി ലൈംഗിക ബന്ധത്തിലേർപ്പെടുകയെന്നതും! തന്റെ ശിഷ്യഗണങ്ങളിൽ ആരുമായും സ്വതന്ത്രരതി നടത്താൻ അധികാരമുണ്ടെന്ന് വിശ്വസിച്ചവരായിരുന്നു കൊറേഷും മഹേഷ് യോഗിയും ഇവാനോവിച്ച് ഗുർജിഫുമെല്ലാം. അടച്ചിട്ട മുറിയിൽ നിന്ന് 72 മണിക്കൂർ സംഘരതിയിൽ ഏർപ്പെട്ട് തന്ത്രധ്യാനം നടത്തിയ രജനീഷും തന്റെ അമേരിക്കൻ സഹായിയായ താൽബ്രൂക്കിനെ സ്വവർഗരതിക്കായി ഉപയോഗിച്ച പുട്ടപർത്തിയിലെ 'മാജിക് ദൈവ'വുമെല്ലാം ഇക്കാര്യത്തിൽ സ്വന്തം ഭാഗധേയം നിർവഹിച്ചുകഴിഞ്ഞവരാണ്.

അണിയറയിലെ പടലപ്പിണക്കം മൂലമോ മാനസാന്തരം മൂലമോ ആത്മീയ ഗുരുക്കന്മാരും സന്യാസിനിമാരുമെല്ലാം നടത്തിക്കൊണ്ടിരിക്കുന്ന തട്ടിപ്പുകളും അധാർമികവൃത്തികളും ഇടയ്ക്കിടെ പുറത്തുവരു

**കപട ആത്മീയതയുടെ കാര്യത്തിൽ ദേര സച്ചാ സൗദാ പ്രാസ്ഥാനികാചാര്യൻ ഗുർമീത് റാം റഹീം സിംഗിന് മുൻഗാമികൾ ഒരുപാടുണ്ട്. തട്ടിപ്പും വെട്ടിപ്പും അധാർമികവൃത്തികളും കൈമുതലാക്കിയ മഠങ്ങളുടെ പിന്നാമ്പുറങ്ങളിൽ പുറത്തുവരാത്ത കഥകൾ ഇനിയുമുണ്ടാവും. ആയിരക്കണക്കിന് അനുയായികളുടെ ആശയും കീശയും അപഹരിക്കുന്ന വ്യാജ ആത്മീയത്തമ്പുരാക്കന്മാരെ കൂച്ചുവിലങ്ങിടാൻ ഭരണകൂടം തയ്യാറാവേണ്ടതുണ്ട്.**

ന്നത് ആശ്വാസകരമാണ്. എന്നാൽ ഇതിൽ ഏറിയ പങ്കും അണികളെ സ്വാധീനിക്കുന്നില്ലെന്നും മീഡിയകൾ ഏറ്റുപിടിക്കുന്നില്ലെന്നതും ദൗർഭാഗ്യകരമാണ്.


സാമൂഹിക കേന്ദ്രീകൃതമായ പ്രബോധന പ്രവർത്തനങ്ങളിലൂടെ ജനങ്ങളുമായി ഇടപഴകി ജീവിക്കുവാൻ അവസരം ലഭിച്ചവരാണ് യഥാർഥ ആത്മീയതയുടെ വക്താക്കൾ. സാമൂഹിക അസമത്വത്തിനെതിരിലും ജീവിതവ്യവഹാരത്തിന്റെ മറ്റിതരമേഖലകളിലെ അസന്തുലിതാവസ്ഥയോട് പ്രതികരിച്ചും സമൂഹത്തിന്റെ മുഖച്ഛായ മാറ്റാൻ യത്നിച്ചവരാണവർ. 'പ്രശ്നബാധിത പ്രദേശങ്ങ'ളിലൊന്നും ഇറങ്ങിച്ചെല്ലാതെ അരമനകൾക്കുള്ളിലിരുന്ന് സർവാംഗീകൃതമായ വിഷയങ്ങളെക്കുറിച്ച് മാത്രം വാചാലമാവുകയും സ്നേഹം, സമാധാനം തുടങ്ങിയ ഉദാത്ത ശബ്ദങ്ങളെ ആവർത്തിച്ചുരുവിടുന്നതിൽ 'ശാന്തി' കണ്ടെത്തുകയും ചെയ്യുന്ന രൂപത്തിലാണ് വ്യാജ ആത്മീയതയുടെ വക്താക്കളെ അധികവും കണ്ടുവരുന്നത്.

ആത്മീയതയെ കച്ചവടച്ചരക്കാക്കിയ ഒരുപാട് വ്യക്തികളെ ലോകം കണ്ട് കഴിഞ്ഞതാണ്. സാൻ ഫ്രാൻസിസ്കോയിൽ നിന്നും 36 മണിക്കൂർ യാത്രാ ദൈർഘ്യമുള്ള തീരദേശതലസ്ഥാനമായ ഗയാനയിൽ 'കൃഷികമ്യൂൺ' സ്ഥാപിച്ച് അനുയായികളൊഴികെയുള്ളവർക്കെല്ലാം പ്രവേശനം നിഷേധിച്ച രൂപത്തിലായിരുന്നു അറിയപ്പെട്ട ആൾദൈവമായ ജിം ജോൺസ് തന്റെ ആശ്രമം പണിതിരുന്നത്. ആളുകൾ അകത്തുകടക്കുന്നതിനും പുറത്തു പോകുന്നതിനും കർശനമായ കാവലേപെടുത്തി അദ്ദേഹം തന്റെ അനുയായികളെപ്പോലെത്തന്നെ ഏതോ മായികലോകത്തിലായിരുന്നു ജീവിച്ചിരുന്നത്.

റാഞ്ച് അപ്പോക്കാലിപ്സ് എന്ന് പേരിട്ട മൗണ്ട് കാർമലിലെ ഒരു വൃത്തികെട്ട സ്ഥലത്ത് തന്റെ അനുയായികളോടൊപ്പം ജീവിച്ച, വെളിപാട് പുസ്തകത്തിൽ പ്രവചിക്കപ്പെട്ട പ്രവാചകനെന്ന് വാദിച്ച വെർണൻ ഹോവേലും, അമേരിക്കയിലെ ഓറിഗോ പ്രദേശത്ത് 64229 ഏക്കർ ഭൂമി വിലയ്ക്ക് വാങ്ങി അവിടെ ആസ്ഥാനം സ്ഥാപിച്ച് അനുയായികളോടൊപ്പം കഴിഞ്ഞുകൂടിയ ഓഷോയുമെല്ലാം ജീവിതത്തിന്റെ പരുപരുത്ത യാഥാർഥ്യങ്ങളിൽ നിന്നും മാറി, സുഖലോലുപതയുടെ സൈകതഭൂവിൽ സ്വന്തം മേച്ചിൽപുറം കണ്ടെത്തിയവരാണ്.

കപട ആത്മീയതയുടെ വക്താക്കളിൽ മോക്ഷപ്രാപ്തിക്കായുള്ള മാർഗം വിഭിന്നവും ഏറെ വിചിത്രവുമാണ്. ഗയാനയിലെ തെരുവിൽ വച്ച് തൊള്ളായിരം അനുയായികൾക്കൊപ്പം വിഷം കുടിച്ച് ആത്മഹത്യചെയ്ത ജിം ജോൺസ്, പിനോ ബാർബിറ്റോ എന്ന രാസവസ്തു വോഡ്കയിൽ കലർത്തിക്കുടിച്ച് കയറ്റുകട്ടിലിൽ ചാരിക്കിടന്ന് പരലോകം പൂകിയ ഹെവൻഗേറ്റ് സംഘടനാ സാരഥികൾ, തന്റെ അനുയായികൾക്കൊപ്പം വൃഷണഛേദം നടത്തി ഹിജഡകളായി ജീവിച്ച് മരിച്ച മാർഷൽ ആപ്പിൾവൈറ്റും ശിഷ്യന്മാരും, റാഞ്ച് അപ്പോക്കാലിപ്സ് പ്രദേശത്ത് വച്ച് അനുയായികളെക്കൊന്ന് തലക്ക് വെടിവെച്ച് മരിച്ച ഡേവിഡ് കൊറേഷ്, ഓക്ലോഹ തെരുവീഥിയിൽ വച്ച് തന്റെ അനുയായികളെ നെർവ്ഗ്യാസ് പ്രയോഗിച്ച് കൊന്നൊടുക്കിയ ഓംഷിന്റിക്കിയോ തലവൻ അസഹാര...

കപട ആത്മീയതയുടെ കാര്യത്തിൽ ദേര സച്ചാ സൗദാ പ്രാസ്ഥാനികാചാര്യൻ ഗുർമീത് റാം റഹീം സിംഗിന്റെ മുൻഗാമികളാണ് ഇവരെല്ലാം. തട്ടിപ്പും വെട്ടിപ്പും അധാർമികവൃത്തികളും കൈമുതലാക്കിയ ഇത്തരം മഠങ്ങളുടെ പിന്നാമ്പുറങ്ങളിൽ പുറത്തുവരാത്ത കഥകൾ ഇനിയുമുണ്ടാവും. ആയിരക്കണക്കിന് അനുയായികളുടെ ആശയും കീശയും അപഹരിക്കുന്ന വ്യാജ ആത്മീയത്തമ്പുരാക്കന്മാരെ കൂച്ചുവിലങ്ങിടാൻ ഭരണകൂടം തയ്യാറാവേണ്ടതുണ്ട്. ചുരുങ്ങിയത്, പുറത്തുവരുന്ന ഞെട്ടിക്കുന്നവാർത്തകളുടെ സത്യാവസ്ഥ പരിശോധിക്കാനെങ്കിലും സർക്കാർ തയ്യാറാവണം. ഇന്ദിരാഗന്ധിയുടെ കാലത്ത് ധീരേന്ദ്ര ബ്രഹ്മചാരിക്കും നരസിംഹറാവു മന്ത്രിസഭാ കാലത്ത് ചന്ദ്രസ്വാമിക്കുമെല്ലാം സ്വാതന്ത്ര്യം നൽകിയതു പോലെയായാൽ അത് പുതിയ തട്ടിപ്പു കേന്ദ്രങ്ങളുടെ വളർച്ചക്കും അതുവഴി സമൂഹത്തിന്റെ സർവനാശത്തിനും മാത്രമേ വഴി വെക്കൂ. ●



കവർ സ്റ്റോറി

സുഫ്‌യാൻ അബ്ദുസ്സലാം
sufyanasalam@gmail.com

# മുത്ത്വലാക്വ്

## പുതിയ വിധിയുടെ പശ്ചാത്തലത്തിൽ

മുത്ത്വലാക്വ് വിഷയത്തിൽ സുപ്രീംകോടതിയുടെ അഞ്ചംഗ ബെഞ്ചിന്റെ പുതിയ വിധി പ്രതീക്ഷകൾക്കും ആശങ്കൾക്കും വഴിവെച്ചിരിക്കുകയാണ്. അഞ്ചംഗ ബെഞ്ചിലെ രണ്ടുപേർ മുത്ത്വലാക്വ് മൗലികാവകാശത്തിന്റെ പരിധിയിൽ വരുമെന്ന് നിരീക്ഷിച്ചപ്പോൾ മറ്റു രണ്ടുപേർ അത് ഭരണഘടനാ വിരുദ്ധമാണെന്നു പ്രസ്താവിച്ചു. ഒരാൾ മുത്ത്വലാക്വ് ഇസ്‌ലാമികപ്രമാണങ്ങൾക്ക് എതിരായതുകൊണ്ട് തന്നെ അത് ശരീഅത്തിന് വിരുദ്ധമാണെന്നാണ് പറഞ്ഞത്. ഒരു പക്ഷേ, ഇന്ത്യൻ ജുഡീഷ്യറിയുടെ ചരിത്രത്തിൽ തന്നെ ഒരേ ബെഞ്ചിൽ നിന്ന് ഒരേ വിഷയത്തിൽ വ്യത്യസ്ത വിധികൾ വന്ന അപൂർവം സംഭവങ്ങളിലൊന്നാവാം ഇത്. ഈ വിധികളെ മുസ്‌ലിം സമുദായവും പൊതുസമൂഹവും എപ്രകാരമാണ് വിലയിരുത്തേണ്ടതെന്ന കാര്യമാണ് രാജ്യം ഉറ്റുനോക്കിക്കൊണ്ടിരിക്കുന്നത്. അതുപോലെ ഭരണകൂടം ഈ വിധിയെ നടപ്പിൽ വരുത്തുന്നതെങ്ങനെയെന്നതും ഉത്കണ്ഠാജനകമാണ്.

ന്യാധിപന്മാരിലെ ഓരോ വിഭാഗവും നടത്തിയ വിധികളെ സൂക്ഷ്മവിശകലനം ചെയ്യാം. ജസ്റ്റിസുമാരായ ആർ.എഫ് നരിമാനും യു.യു ലളിതും മുത്ത്വലാക്വ് ഭരണഘടനയുടെ 14ാം അനുച്ഛേദം അനുവദിക്കുന്ന തുല്യതക്കുള്ള മൗലികാവകാശത്തെ ഹനിക്കുന്നുവെന്നും അതുകൊണ്ടു തന്നെ അത് ഭരണഘടനാ വിരുദ്ധവുമാണെന്നാണ് ചൂണ്ടിക്കാട്ടിയത്. ജസ്റ്റിസ് കുര്യൻ ജോസഫ് ഭരണഘടനാ വിരുദ്ധമാണെന്നു ചൂണ്ടിക്കാട്ടിയത് മറ്റൊരു കാരണത്താലാണ്. ക്വുർആൻ പ്രകാരമുള്ള ശരീഅത്തിന് വിരുദ്ധമായ സമ്പ്രദായങ്ങൾ ഇല്ലാതാക്കാനാണ് 1937ൽ ശരീഅത്ത് ആക്റ്റ് കൊണ്ടുവന്നതെന്നും അതുകൊണ്ടുതന്നെ ക്വുർആന് വിരുദ്ധമായ ഒന്നും തന്നെ സ്വീകരിക്കാനാവില്ലെന്നും ചൂണ്ടിക്കാണിച്ചുകൊണ്ടാണ് മുത്ത്വലാക്വിനു ഭരണഘടനാ സാധുത കൽപിക്കാനാവില്ല എന്ന് കുര്യൻ ജോസഫ് പറഞ്ഞത്. ഈ മൂന്നു പേരും മുത്ത്വലാക്വ് ഭരണഘടനാ വിരുദ്ധമാണെന്ന കാര്യത്തിൽ യോജിച്ചിരിക്കുന്നു.

ശേഷിക്കുന്ന ജഡ്ജിമാർ സുപ്രീംകോടതിയുടെ ചീഫ് ജസ്റ്റിസ് ജെ.എസ് ഖേഹാറും ജസ്റ്റിസ് അബ്ദുൽ നസീറുമാണ്. അവർ പറഞ്ഞതിനെ ഇങ്ങനെ സംഗ്രഹിക്കാം: മുത്ത്വലാക്വ് മതത്തിന്റെ അവിഭാജ്യഘടകമാണെന്നും മുസ്‌ലിം വ്യക്തിനിയമം മൗലികാവകാശമായതിനാൽ മുത്ത്വലാക്വ് മൗലികാവകാശമാണെന്ന മുസ്‌ലിം വ്യക്തിനിയമ ബോഡിന്റെ വാദം ശരിയാണെന്നുമായിരുന്നു അവരുടെ വിധിയിൽ പറഞ്ഞത്. പക്ഷേ, അഞ്ചുപേരിൽ മൂന്നു പേരും മുത്ത്വലാക്വ് ഭരണഘടനാ വിരുദ്ധമാണെന്ന നിലപാടിൽ എത്തിയതോടെ ഇവരുടെ വിധി തള്ളിപ്പോവുകയാണുണ്ടായത്. അതേസമയം, കുര്യൻ ജോസഫ് വ്യക്തിനിയമം മൗലികാവകാശമാണെന്ന കാര്യത്തിൽ ഖേഹാറിനോടും അബ്ദുൽ നസീറിനോടും യോജിച്ചുവെന്നത് വളരെ പ്രസക്തമായ കാര്യമാണ്. 1937ലെ മുസ്‌ലിം വ്യക്തി നിയമം റദ്ദാക്കി പുതിയ നിയമം സ്ഥാപിക്കണമെന്ന ആവശ്യവും ഇതോടെ തള്ളപ്പെട്ടുവെന്നത് രാജ്യത്തിന്റെ ജുഡീഷ്യൽ സംവിധാനം എത്രമാത്രം മതേതരമാണെന്നു സ്ഥാപിക്കുന്നതാണ്. ഇതോടെ വ്യക്തിനിയമം മൗലികാവകാശമാണെന്ന മുസ്‌ലിം വ്യക്തിനിയമ ബോഡിന്റെയും ഇതര മുസ്‌ലിം സംഘടനകളുടെയും രാജ്യത്തെ മതേതരവിശ്വാസികളുടെയും വാദങ്ങൾ ശരിയെന്നു വരികയും ചെയ്തു.

വ്യക്തിനിയമം ഭരണഘടനയുടെ ഇരുപത്തിയഞ്ചാം അനുച്ഛേദത്തിനു അനുസൃതമായ മൗലികാവകാശമാണെന്ന ചീഫ് ജസ്റ്റിസ് ഖേഹാറിന്റെ നിലപാട് ശരിവെക്കുന്നതോടൊപ്പം മുത്ത്വലാക്വ് മതപരമായ അനുഷ്ഠാനത്തിന്റെ അവിഭാജ്യഘടകമാണെന്ന പ്രസ്താവന നിരാകരിക്കുകയും ചെയ്യുന്നുവെന്നാണ് ജസ്റ്റിസ് കുര്യൻ ജോസഫ് പറഞ്ഞത്. മുത്ത്വലാക്വിനെ കുറിച്ച് കുര്യൻ ജോസഫ് നടത്തിയ ഈ അഭിപ്രായത്തെ സദുദ്ദേശപൂർവം പരിഗണിച്ച് സമുദായത്തിൽ ആവശ്യമായ ബോധവൽക്കരണം നടത്തൽ അനിവാര്യമാണ്. ഇതിനോടകം തന്നെ ഉത്തർപ്രദേശിലെ മദ്‌റസകളിൽ ശരീഅത്ത് അനുശാസിക്കുന്ന ത്വലാക്വിന്റെ രീതി പഠിപ്പിക്കാൻ ജമാഅത്തെ റസായെ മുസ്തഫ എന്ന ഒരു ബറേൽവി സംഘടന മുന്നോട്ടു വന്നത് ബോധവൽക്കരണത്തിലേക്ക് സമുദായം കാലെടുത്തുവെക്കുന്നതിന്റെ സൂചനയാണ്. മുത്ത്വലാക്വിനെതിരെ സമുദായത്തിനകത്ത് ബോധവൽക്കരണം നടത്തുമെന്ന അഖിലേന്ത്യാ മുസ്‌ലിം വ്യക്തിനിയമ ബോർഡിന്റെ തീരുമാനവും ഇത്തരുണത്തിൽ എടുത്തുപറയേണ്ടതാണ്. മുത്ത്വലാക്വ് സമുദായത്തിൽ വളരെ വ്യാപകമല്ലെങ്കിലും ഒറ്റപ്പെട്ട സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. സുപ്രീംകോടതി ഈ വിഷയത്തിൽ ഇടപെടാനുണ്ടായ സാഹചര്യവും മുത്ത്വലാക്വിനു വിധേയരായ അഞ്ചു സ്ത്രീകളുടെ പരാതികളാണ്. അതിൽ പശ്ചിമ ബംഗാളിലെ ഇസ്രത്ത് ജഹാനും ഉത്തരാഖണ്ഡിലെ സൈറാബാനുവും ഫോണിലൂടെയാണ് അതിന് വിധേയരായതെന്നത് നമ്മെ അത്ഭുതപ്പെടുത്തുന്നു.

മുത്ത്വലാക്വ് ശരീഅത്തിന്റെ ചൈതന്യം കെടുത്തിക്കളയുന്നുവെന്നത് നിഷേധിക്കാൻ സാധ്യമല്ല. സ്നേഹത്തോടെ കഴിഞ്ഞിരുന്ന ദമ്പതികൾക്കിടയിലുണ്ടായ അകൽച്ചയെ ഇല്ലാതാക്കി അവരെ അടുപ്പിക്കുവാനുള്ള ശ്രമങ്ങൾ നിർബന്ധമാണെന്ന ക്വുർആനിന്റെ കൽപനക്ക് വിരുദ്ധമാണ് ഒറ്റയടിക്ക് മൂന്നും ചൊല്ലി ബന്ധം വേർപ്പെടുത്തുന്നതെന്ന കാര്യത്തിൽ സംശയമില്ല. ഒരേസമയത്ത് നടത്തിയ മൂന്നു ത്വലാക്വുകൾ പ്രവാചകന്റെ കാലത്ത് ഒരൊറ്റ ത്വലാക്വായി മാത്രമെ ഗണിച്ചിരുന്നുവെന്നുള്ളതിനു തെളിവുകൾ ധാരാളമാണ്. 'ഞാൻ നിങ്ങൾക്കിടയിൽ ജീവിച്ചിരിക്കുമ്പോൾ തന്നെ അല്ലാഹുവിന്റെ ഗ്രന്ഥം കൊണ്ട് നിങ്ങൾ കളിക്കുകയാണോ?' എന്ന് ഒറ്റയടിക്ക് മൂന്നു ത്വലാക്വും ചൊല്ലിയ വ്യക്തിയോട് പ്രവാചകൻﷺ ചോദിച്ചത് ഹദീഥ് ഗ്രന്ഥങ്ങളിൽ കാണാം. പ്രവാചകന്റെയും അബൂബക്‌റിന്റെയും കാലത്തും ഉമറിന്റെ ആദ്യകാലത്തും മൂന്നും ഒറ്റയടിക്ക് ചൊല്ലിയാലും ഒന്നായി മാത്രമെ ഗണിച്ചിരുന്നുള്ളൂ എന്ന് ഇബ്നു അബ്ബാസ്‌ؓ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഉമർؓവിന്റെ കാലത്ത് ആളുകൾ ത്വലാക്വിന്റെ കാര്യത്തിൽ യാതൊരു തത്ത്വദീക്ഷയുമില്ലാതെ പെരുമാറാൻ തുടങ്ങുകയും ത്വലാക്വിന്റെ വാചകങ്ങൾ നിരന്തരം ഉച്ചരിക്കാൻ തുടങ്ങുകയും ചൊല്ലലും മടക്കിയെടുക്കലും ഒരു സമ്പ്രദായമായി ചിലർ സ്വീകരിക്കുകയും ചെയ്തു തുടങ്ങിയപ്പോൾ അതിനെ നിയന്ത്രിക്കാൻ വേണ്ടി ഉമർؓ മുത്തലാക്വിനെ തിരിച്ചെടുക്കാൻ സാധിക്കാത്ത ത്വലാക്വായി പ്രഖ്യാപിച്ചുവെന്നാണ് പറയപ്പെടുന്നത്. അതുകൊണ്ട് തന്നെ ഈ വിഷയത്തിൽ മുസ്‌ലിം സമുദായത്തിൽ വ്യത്യസ്ത അഭിപ്രായങ്ങൾ നിലനിൽക്കുന്നു. വ്യത്യസ്ത മദ്ഹബുകൾ നിലനിൽക്കുന്ന ഇന്ത്യയിൽ മുത്ത്വലാക്വ് ഒരു സമ്പ്രദായമായി അവശേഷിച്ചാൽ പോലും അതിൽ അത്ഭുതമില്ല. അതുകൊണ്ടു തന്നെ ഈ വിഷയത്തിൽ ഏകീകൃതമായ ഒരു അഭിപ്രായത്തിലേക്ക് ഒരു സമുദായം എന്ന നിലയ്ക്ക് ഇന്ത്യയിലെ മുസ്‌ലിംകൾ എത്തിച്ചേരണമെങ്കിൽ അഭിപ്രായവ്യത്യാസങ്ങൾ ക്വുർആനിലേക്കും സുന്നത്തിലേക്കും മടക്കണമെന്ന നിലപാടിലേക്ക് സമുദായം എത്തേണ്ടതുണ്ട്. ഇപ്പോൾ തുടങ്ങി വെച്ച ബോധവൽക്കരണ പ്രക്രിയകൾ വഴി സമുദായത്തിൽ നിന്നും മുത്ത്വലാക്വിനെ പാടെ തുടച്ചുനീക്കാൻ സാധിക്കുമെന്ന ആത്മവിശ്വാസം സമുദായ നേതാക്കൾ തന്നെ പ്രകടിപ്പിച്ചു തുടങ്ങിയിട്ടുമുണ്ട്. അതുകൊണ്ടാണ് അതിന് അനുകൂലമായി

സംസാരിച്ചിരുന്ന പണ്ഡിതന്മാരിൽ പലരും വളരെ കരുതലോടെയുള്ള പ്രതികരണം നടത്തിയത്.

പക്ഷേ, മുത്ത്വലാക് അവസാനിപ്പിക്കണമെന്ന വാദത്തോടൊപ്പം ഇന്ത്യയിൽ നിലവിലുള്ള ശരീഅത്ത് ആക്റ്റ് പരിഷ്കരിക്കണമെന്ന വാദവും വളരെ ശക്തമാണ്. ഈ വാദത്തെ വളരെ സൂക്ഷ്മതയോടെ കൈകാര്യം ചെയ്തില്ലെങ്കിൽ വലിയ അപകടങ്ങളാണ് വരാൻ പോവുന്നത്. ഇന്ത്യയിലെ ശരീഅത്ത് നിയമങ്ങളെക്കുറിച്ച് മനസ്സിലാക്കാൻ ശ്രമിക്കാതെ ചില മുസ്‌ലിം സംഘടനകളും വ്യക്തികളും ശരീഅത്ത് ആക്റ്റ് ക്വുർആൻ അനുസരിച്ച് പരിഷ്കരിക്കണമെന്നും അത് ഇസ്‌ലാമിക ശരീഅത്തിന് അനുസൃതമായി ക്രോഡീകരിക്കണമെന്നുമൊക്കെ ആവശ്യപ്പെടാറുണ്ട്. യഥാർഥത്തിൽ ഈ ആവശ്യം കൂടുതൽ സന്തോഷിപ്പിക്കുക ശരീഅത്തിന് പകരം ഏകീകൃത സിവിൽ കോഡ് നടപ്പാക്കണമെന്ന് ആവശ്യപ്പെടുന്നവരെയായിരിക്കും. കാരണം നിലവിലെ മുസ്‌ലിം വ്യക്തി നിയമം വിശുദ്ധ ക്വുർആനും സുന്നത്തും അടിസ്ഥാനമായി സ്വീകരിക്കണമെന്നോ ഏതെങ്കിലുമൊരു മദ്ഹബ് സ്വീകരിക്കണമെന്നോ പറയുന്നില്ല. ഏതെങ്കിലുമൊന്ന് അടിസ്ഥാനമാക്കണമെന്നു പറഞ്ഞാൽ മുസ്‌ലിംകൾക്ക് ആ പോയന്റിൽ യോജിക്കാൻ കഴിയില്ല. അത് മുസ്‌ലിംകൾക്കിടയിൽ ആഭ്യന്തര കലഹമുണ്ടാക്കുകയും മുസ്‌ലിം വ്യക്തി നിയമത്തെ നിർവീര്യമാക്കാനും പകരം ഏകീകൃത സിവിൽ കോഡിനു അത് വഴിവെക്കുകയും ചെയ്യും.

ശരീഅത്തുമായി ബന്ധപ്പെട്ടു കോടതികളിൽ വന്ന കേസുകൾ പരിശോധിക്കുമ്പോൾ ശരീഅത്തിന് അടിസ്ഥാനമായി മുസ്‌ലിംകൾ എന്ത് അംഗീകരിക്കുന്നുവോ അത് അംഗീകരിക്കുക എന്ന നിലപാട് മാത്രമാണ് കോടതികൾ സ്വീകരിച്ചതെന്ന് കാണാം. കേസുകളുമായി ബന്ധപ്പെട്ട കക്ഷികൾ ക്വുർആനും സുന്നത്തും അവലംബമാക്കണമെന്നു പറഞ്ഞാൽ അത് അംഗീകരിക്കുകയും അതല്ല മദ്ഹബീ കാഴ്ചപ്പാടുകൾ സ്വീകരിക്കണമെന്ന് പറഞ്ഞാൽ അത് സ്വീകരിക്കുകയും ചെയ്യുന്ന വളരെ അയവുള്ള നിലപാടാണ് കോടതികൾ സ്വീകരിച്ചിട്ടുള്ളത്. ബ്രിട്ടീഷുകാരുടെ കാലത്ത് മുസ്‌ലിംകൾക്ക് വ്യക്തിപരമായി അവരെ ബാധിക്കുന്ന ഏതാനും വിഷയങ്ങളിൽ മതനിയമങ്ങൾ അനുസരിച്ച് തീർപുകൽപിക്കാൻ അനുവദിച്ച ആക്റ്റാണ് 1937ലെ മുസ്‌ലിം വ്യക്തി നിയമ പ്രയോഗ ആക്റ്റ് (Muslim Personal Law (Sariat) Application Act). ആക്റ്റിലെ ഏറ്റവും പ്രധാനഭാഗം ഇതാണ്: 'എന്തെല്ലാം നാട്ടാചാരങ്ങളോ വഴക്കങ്ങളോ ഉണ്ടായാലും മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം അതിനു നിയമത്തിന്റെ സ്ഥാനമില്ല. അവർക്ക് അവരുടെ ശരീഅത്ത് നിയമമാണ് ബാധകം.' ഇന്ത്യ സ്വതന്ത്രമായതിനു ശേഷം 1954ലെ വക്ഫ് ഭേദഗതിയും 1986ലെ ഷാബാനു കേസിനെ തുടർന്നുണ്ടായ മുസ്‌ലിം സ്ത്രീ സംരക്ഷണ നിയമവുമാണ് ഭേദഗതികളായി വന്നിട്ടുള്ളത്.

ശരീഅത്ത് നിയമമാണ് മുസ്‌ലിംകൾക്ക് ബാധകം എന്ന് മുസ്‌ലിം വ്യക്തിനിയമം പറയുമ്പോൾ അതിൽ ക്വുർആനും സുന്നത്തും അടങ്ങുമെന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ, മുസ്‌ലിംകൾ ക്വുർആനിൽ നിന്നും സുന്നത്തിൽ നിന്നും മതവിധികൾ സ്വീകരിക്കുന്നതിന് പകരം ഓരോ വിഭാഗവും അവരവരുടെ മദ്ഹബാണ് അവസാന വാക്കായി സ്വീകരിച്ചു വന്നത്. അതുവഴി മദ്ഹബ് ഗ്രന്ഥങ്ങൾക്ക് കോടതികളിൽ വലിയ സ്വീകാര്യതയുണ്ടായി. മദ്ഹബ് ഗ്രന്ഥങ്ങൾ അറബിയിലായിരുന്നതിനാൽ അവയുടെ ഇംഗ്ലീഷ് പരിഭാഷകൾ നിയമജ്ഞർക്ക് വളരെ പരിചിതമായി. ഇനി മുത്ത്വലാകിന്റെ വിഷയത്തിലേക്ക് വന്നാൽ അതുമായി ബന്ധപ്പെട്ടു ക്വുർആനും സുന്നത്തും സ്വീകരിക്കാൻ പാടില്ലെന്ന് ശരീഅത്ത് ആക്റ്റ് പറയുന്നില്ല. ഇന്നതേ സ്വീകരിക്കാവൂ എന്നില്ല. അതുകൊണ്ടു തന്നെ അടിസ്ഥാനപരമായി ഇസ്‌ലാമിക ശരീഅത്തും ശരീഅത്ത് ആക്റ്റും തമ്മിൽ വിയോജിപ്പുണ്ടെന്നു പറയാൻ പറ്റില്ല. പ്രായോഗികമായി വരുന്ന വ്യതിചലനങ്ങൾക്ക് കാരണം ഇസ്‌ലാമിക ശരീഅത്തോ ശരീഅത്ത് ആക്ടോ അല്ലതാനും. മുസ്‌ലിംകൾക്കിടയിലെ ഭിന്നതയാണ് കാരണം. ഇതിനുള്ള പരിഹാരം മുസ്‌ലിം വ്യക്തിനിയമ ഭേദഗതിയല്ല; പ്രത്യുത മുസ്‌ലിം സമൂഹത്തെ ക്വുർആനിന്റെയും സുന്നത്തിന്റെയും അടിസ്ഥാനത്തിൽ പരിഷ്കരിക്കുകയെന്ന നവോത്ഥാനപ്രക്രിയയാണ്. മൂന്നു ത്വലാക് ഒന്നിച്ച് ചൊല്ലിയാൽ അതിനെ മൂന്നായി ഗണിക്കണമെന്നും ശരീഅത്ത് ആക്റ്റ് എവിടെയും പറയുന്നില്ല.


ഇന്ത്യൻ മുസ്‌ലിംകളിൽ ഭൂരിപക്ഷവും ഹനഫികളാണ്. മൂന്നു ത്വലാക് ഒറ്റയടിക്ക് ചൊല്ലുന്നതിനെ അവർ ബിദഈ തലാക് എന്ന് പറയുമെങ്കിലും ആ 'ബിദ്അത്ത്' കുഴപ്പമില്ലെന്നാണ് അവരുടെ പക്ഷം. അവർ കാണുന്ന ശരീഅത്ത് അങ്ങനെ ആയത്കൊണ്ട് കോടതികളും അതംഗീകരിക്കുന്നു. ശാഫിഈ മദ്ഹബ് അനുസരിച്ച് മൂന്നു ത്വലാക് ഒന്നിച്ച് ചൊല്ലിയാൽ അത് മൂന്നായി പരിഗണിക്കും. പിന്നെ വിവാഹ ബന്ധം പുനഃസ്ഥാപിക്കാൻ 'ചടങ്ങു നിൽക്കുക' എന്ന പ്രവാചകൻ വിരോധിച്ച സമ്പ്രദായമാണ് അവരിൽ പലരും മുൻകാലങ്ങളിൽ സ്വീകരിച്ചു വന്നത്. വിവാഹമോചിതയെ ഒരാൾ പേരിനു കല്യാണം കഴിക്കുകയും ഉടനെ മൊഴി ചൊല്ലുകയും അങ്ങനെ ആദ്യത്തെ ഭർത്താവിന് അവളെ വിവാഹം കഴിക്കാനുള്ള സാഹചര്യം ഒരുക്കുകയെന്ന പ്രവാചകൻﷺ ശപിച്ച

ജാഹിലിയ്യത്താണ് അവർ അവലംബിച്ചത്. ഇത് തീർത്തും ഉദ്ബുദ്ധതയുടെ കുറവുകൊണ്ടാണ് സംഭവിക്കുന്നത്. ഇത്തരം ആചാരങ്ങൾ സമുദായത്തിൽ അവശേഷിക്കുന്നുണ്ടെങ്കിൽ അത് തിരുത്താൻ സമുദായനേതൃത്വവും പണ്ഡിതന്മാരും രംഗത്ത് വരേണ്ടതുണ്ട്. ഇത്തരം സമ്പ്രദായങ്ങൾ പലപ്പോഴും ശരീഅത്ത് തെറ്റുധരിക്കപ്പെടാനും കാരണമാവുന്നുണ്ട്.

പല മുസ്‌ലിം രാജ്യങ്ങളിലും ശരീഅത്ത് പരിഷ്‌കരണവും ക്രോഡീകരണവും നടക്കുമ്പോൾ ഇന്ത്യയിൽ മാത്രം അത് നടപ്പാക്കാതിരിക്കുന്നത് ശരിയല്ലെന്ന വാദവും വളരെ ശക്തമാണ്. ചില മുസ്‌ലിം പുരോഗമന വിഭാഗങ്ങളും ചില ബുദ്ധിജീവികളുമാണ് ഈ വാദത്തെ വല്ലാതെ പൊലിപ്പിക്കുന്നത്. നടേ സൂചിപ്പിക്കപ്പെട്ട പോലെ ക്വുർആനും സുന്നത്തുമാണ് പ്രമാണമെന്നു മുസ്‌ലിം സമുദായം തീർത്തും അംഗീകരിക്കുമ്പോൾ മാത്രമെ അത്തരമൊരു പരിഷ്‌കരണം പ്രസക്തവും പ്രായോഗികവുമാവുകയുള്ളൂ. ശരീഅത്ത് ക്രോഡീകരണം നടന്ന പ്രധാന മുസ്‌ലിം രാഷ്ട്രങ്ങളാണ് ഈജിപ്തും തുർക്കിയും പാക്കിസ്ഥാനും. ഈജിപ്തിൽ അൽഅസ്ഹർ സർവകലാശാലയുടെ പിന്തുണയും റഷീദ് രിദയുടെ നേതൃത്വത്തിൽ പ്രവർത്തിച്ച പരിഷ്‌കരണ പ്രസ്ഥാനങ്ങളുമൊക്കെ ഈ പ്രക്രിയക്ക് ആക്കം കൂട്ടിയെന്നാണ് ചരിത്രം. സൂപ്പർ മോഡേണിസ്റ്റുകളുടെ സാന്നിധ്യം ശക്തമായിരുന്ന ഈജിപ്തിൽ ശരീഅത്ത് ക്രോഡീകരണത്തിന്റെ മേന്മയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടായിട്ടുണ്ട്. പൂർണമായും ക്വുർആനിന്റെയും സുന്നത്തിന്റെയും അടിസ്ഥാനത്തിൽ സംതൃപ്തമായ ഒരു ക്രോഡീകരണം അവിടെ ഉണ്ടായിട്ടില്ല.

ഉസ്മാനിയ സാമ്രാജ്യം എന്നറിയപ്പെട്ട ഇസ്‌ലാമിക ഖിലാഫത്തിന്റെ ആസ്ഥാനമായ തുർക്കിയിൽ 1876 മുതൽ ശരീഅത്ത് ക്രോഡീകരണം ആരംഭിച്ചിട്ടുണ്ട്. ശരീഅത്ത് ക്രോഡീകരണം ഉണ്ടായിട്ടു പോലും ഉസ്മാനിയ ഭരണകൂടം ദുർബലമായപ്പോൾ ഇസ്‌ലാമിക ഖിലാഫത്ത് അസ്തമിക്കുകയും 1923ൽ ശരീഅത്ത് നിയമങ്ങൾ ഇല്ലാതാവുകയും ചെയ്തു. പിന്നീട് സ്വിറ്റ്‌സർലൻഡ് നിർമിച്ച സിവിൽ കോഡുകളാണ് 1926 മുതൽ തുർക്കിയിൽ നടപ്പാക്കി തുടങ്ങിയത്. പാക്കിസ്ഥാനിലാവട്ടെ ഒരു മുസ്‌ലിം രാജ്യമായിട്ടും ശരീഅത്ത് ക്രോഡീകരണത്തിൽ കാണിച്ച ഉദാസീനത ചെറുതൊന്നുമല്ല. പിന്തുടർച്ച നിയമവുമായി ബന്ധപ്പെട്ട ഒട്ടേറെ വിവാദങ്ങൾ പാക്കിസ്ഥാനിൽ ഉണ്ടായിട്ടുണ്ട്. എല്ലാ നിയമവും ക്വുർആനിനെയും സുന്നത്തിനെയും അടിസ്ഥാനപ്പെടുത്തിയായിരിക്കണമെന്ന നിയമമുണ്ടായിട്ടു പോലും ശരീഅത്തുമായി ബന്ധപ്പെട്ട പല തർക്കങ്ങളിലും അത് പാലിക്കപ്പെടാതെ പോയിട്ടുണ്ട്. ക്വുർആൻ കൊണ്ടും സുന്നത്ത് കൊണ്ടും ശരീഅത്ത് നിയമങ്ങൾ ഉണ്ടാക്കണമെന്ന് പറഞ്ഞാലും അവയുടെ അടിസ്ഥാനത്തിലുള്ള ഒരു 'മൻഹജ്' (മാർഗം) സ്വീകരിക്കുന്ന ജനതതിയായിരിക്കണം അതാത് രാജ്യങ്ങളിൽ ഉണ്ടായിരിക്കേണ്ടത് എന്ന യാഥാർഥ്യത്തിലേക്കാണ് ഇതെല്ലാം വിരൽ ചൂണ്ടുന്നത്. അതില്ലാത്തതുകൊണ്ടാണ് ക്രോഡീകരണം നടന്നിട്ടുപോലും ഈജിപ്തിലും തുർക്കിയിലും പാക്കിസ്ഥാനിലുമെല്ലാം ശരീഅത്ത് പൂർണാർഥത്തിൽ നടപ്പിൽ വരുത്താൻ സാധിക്കാതെ പോയത്. അതേസമയം സൗദി അറേബ്യയിൽ അവ നടപ്പാക്കാൻ സാധിക്കുന്നത് ക്രോഡീകരണം ഉണ്ടായതുകൊണ്ടല്ല; അവർ ക്വുർആനിലേക്കും സുന്നത്തിലേക്കും മടങ്ങുന്ന ഒരു സമൂഹമായതുകൊണ്ടാണ്.

അതുകൊണ്ട് ഇന്ത്യയിലെ മുസ്‌ലിം വ്യക്തിനിയമങ്ങൾ പരിഷ്‌കരിക്കണമെന്ന വാദം ഒറ്റനോട്ടത്തിൽ നല്ലതെന്നു തോന്നിയേക്കാമെങ്കിലും അതുകൊണ്ട് വരാനിരിക്കുന്ന ഭവിഷ്യത്തുക്കളെ കാണാതെ പോവരുത്. ഇപ്പോഴുള്ള നിയമത്തിൽ പോരായ്മകളുണ്ടാവാമെങ്കിലും ആ പോരായ്മകളെ പ്രമാണങ്ങൾ കൊണ്ട് കോടതികളിലൂടെ തിരുത്തി മുമ്പോട്ടുപോകുവാനുള്ള സാമൂഹിക സാഹചര്യം ഇന്ത്യയിലുണ്ട്. അതേസമയം പൂർണമായും ക്വുർആനിന്റെയും സുന്നത്തിന്റെയും അടിസ്ഥാനത്തിലുള്ള വിശദമായ ഒരു ശരീഅത്ത് ആക്റ്റ് കൊണ്ടുവരാനുള്ള സാഹചര്യം നിലനിൽക്കുന്നുമില്ല. മാത്രവുമല്ല ധൃതഗതിയിൽ മാറ്റങ്ങൾക്ക് വിധേയമാവുന്ന സാഹചര്യത്തിൽ അതിനൊപ്പം നിയമങ്ങളിൽ ഭേദഗതികൾ കൊണ്ടുവരാനുള്ള ഫ്‌ലെക്‌സിബിലിറ്റി ഒരു ഇസ്‌ലാമിക രാജ്യം പോലെ നമ്മുടെ ഇന്ത്യയിലില്ല. രാജ്യത്താകട്ടെ വർഗീയ ഫാഷിസ്റ്റ് ശക്തികൾക്ക് കൂടുതൽ മേൽക്കൈ ഉണ്ടായിക്കൊണ്ടിരിക്കുന്ന സാഹചര്യമാണുള്ളത്. മുസ്‌ലിംകൾ തന്നെ ശരീഅത്ത് ഭേദഗതി വേണമെന്ന് ആവശ്യപ്പെടുന്ന സാഹചര്യം മുതലെടുത്ത് വളരെ പെട്ടെന്ന് ഇന്ത്യൻ ശരീഅത്ത് ആക്റ്റിനു പോരായ്മകളുണ്ടെന്ന വാദത്തെ മുമ്പോട്ടുവെച്ച് ഏക സിവിൽ കോഡാണ് പരിഹാരമെന്ന് സമർഥിക്കാൻ ഫാഷിസ്റ്റുകൾക്കും മതനിരാസ പ്രസ്ഥാനങ്ങൾക്കും വലിയ പ്രയാസമുണ്ടാവില്ല. ഇപ്പോൾ തന്നെ ജെ.എസ് ഖേഹാറും അബ്ദുൽ നസീറും പുറപ്പെടുവിച്ച ന്യൂനപക്ഷ വിധിയിൽ 'ത്വലാക്വേ ബിദ്അ' എന്നറിയപ്പെടുന്ന മുത്ത്വലാക്വിനു പകരമായി ആറു മാസത്തിനകം പുതിയ നിയമം കൊണ്ടുവരണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ ആവശ്യം മുന്നിൽ വെച്ച് കിട്ടിയ അവസരം ദുരുപയോഗം ചെയ്യാൻ സർക്കാർ മുമ്പോട്ടുവരുമോ എന്ന കാര്യത്തിൽ മുസ്‌ലിം സംഘടനകളും നേതാക്കളും ജനപ്രതിനിധികളും പേഴ്‌സണൽ ലോ ബോഡും ജാഗ്രത പുലർത്തേണ്ടതുണ്ട്. ●



ദുൽക്കർഷാൻ.എ
dulkaralr@gmail.com

ലേഖനം

# സുന്നത്ത് നമസ്കാരങ്ങൾ

**ദി**നംപ്രതിയുള്ള അഞ്ച് നേരത്തെ നിർബന്ധ നമസ്കാരങ്ങൾക്ക് പുറമെയുള്ള നമസ്കാരങ്ങളാണ് ഐഛിക (സുന്നത്ത്) നമസ്കാരങ്ങൾ. നിർബന്ധ നമസ്കാരങ്ങളിൽ വരുന്ന വീഴ്ചകളും പോരായ്മകളും ഐഛിക നമസ്കാരങ്ങളിലൂടെ പരിഹരിക്കപ്പെടുമെന്ന് നബിﷺ അറിയിച്ചിട്ടുണ്ട്.

തമീമുദ്ദാരി رضي الله عنه നിവേദനം: നബിﷺ പറഞ്ഞു: "അന്ത്യനാളിൽ ഒരു അടിമ ആദ്യമായി (കർമങ്ങളുടെ കൂട്ടത്തിൽ) ചോദ്യം ചെയ്യപ്പെടുന്നത് അവന്റെ നമസ്കാരത്തെ സംബന്ധിച്ചാണ്. അത് പരിപൂർണമായി നിർവഹിക്കപ്പെട്ടതാണെങ്കിൽ അവനത് പരിപൂർണമായി രേഖപ്പെടുത്തുന്നതാണ്. എന്നാൽ, അത് പരിപൂർണമല്ലെങ്കിൽ ഉന്നതനായ അല്ലാഹു തന്റെ മലക്കുകളോട് പറയും: എന്റെ ഇന്ന അടിമക്ക് ഐഛികമായ വല്ല നമസ്കാരവും ഉണ്ടോയെന്ന് നോക്കുക. അതിലൂടെ അവന്റെ നിർബന്ധമായ നമസ്കാരങ്ങളിൽ വന്ന പോരായ്മകൾ പൂർത്തീകരിക്കുക. പിന്നീട് സകാത്ത് ഈ രൂപത്തിൽ പൂർത്തീകരിക്കുക. ഇതേരൂപത്തിലാണ് എല്ലാ കർമങ്ങളും സ്വീകരിക്കുന്നത്" (അബൂദാവൂദ്, ഇബ്നുമാജ).

അപ്പോൾ നിർബന്ധ നമസ്കാരങ്ങളിൽ വരുന്ന വീഴ്ചകൾ പരിഹരിക്കാൻ സുന്നത്ത് നമസ്കാരങ്ങൾ കൊണ്ട് സാധിക്കുന്നു. മാത്രമല്ല, സുന്നത്ത് നമസ്കാരങ്ങൾ അധികരിപ്പിക്കുന്നതിലൂടെ അല്ലാഹുവിലേക്ക് കൂടുതൽ അടുക്കുവാൻ സാധിക്കുകയും പാപങ്ങൾ പൊറുക്കപ്പെടുകയും അല്ലാഹുവിന്റെ അടുക്കൽ പദവികൾ ഉയർത്തപ്പെടാൻ അത് കാരണമാകുകയും ചെയ്യും.

ഥൗബാൻ رضي الله عنه നിവേദനം: നബിﷺ അദ്ദേഹത്തോട് പറയുകയുണ്ടായി:"നീ സുജൂദ് (നമസ്കാരം) അധികരിപ്പിക്കുക. കാരണം, നീ അല്ലാഹുവിന് വേണ്ടി സുജൂദ് ചെയ്യുമ്പോഴെല്ലാം ഓരോ സുജൂദ് കൊണ്ടും അല്ലാഹു നിന്റെ പദവി ഉയർത്താതിരിക്കുകയില്ല. നിന്നിൽ നിന്ന് പാപങ്ങൾ മായ്ച്ചുകളയാതിരിക്കില്ല" (മുസ്ലിം).

ഐഛിക നമസ്കാരങ്ങൾ അധികരിപ്പിക്കുന്നതിലൂടെ സ്വർഗത്തിൽ പ്രവാചകന്റെ സാമീപ്യം ലഭിക്കുന്നതാണ്: റബീഅത്ത് ബ്നു കഅബ് അൽ അസ്‌ലമി رضي الله عنه നിവേദനം: അദ്ദേഹം പറഞ്ഞു: "ഞാൻ നബിﷺയോടൊപ്പം രാപ്പാർക്കുകയുണ്ടായി. തിരുമേനിﷺക്ക് വുദൂഅ് ചെയ്യുവാനും മറ്റ് ആവശ്യങ്ങൾക്കുമുള്ള വെള്ളം ഞാൻ നൽകാറുണ്ടായിരുന്നു. അങ്ങനെ എന്നോട് പറയുകയുണ്ടായി: 'ചോദിക്കുക.' അപ്പോൾ ഞാൻ ചോദിച്ചു: 'സ്വർഗത്തിൽ താങ്കളുടെ സാമീപ്യം ഞാൻ ചോദിക്കുന്നു.' നബിﷺ പറഞ്ഞു: 'വേറെ ഒരു കാര്യവും ഇല്ലേ?' ഞാൻ പറഞ്ഞു: 'എനിക്കതാണാവശ്യം.' നബിﷺ പറഞ്ഞു: 'അതിനായി നീ ധാരാളം സുജൂദുകൾ ചെയ്ത് കൊണ്ട് എന്നെ സഹായിക്കുക' (മുസ്ലിം).

സുന്നത്ത് നമസ്കാരങ്ങളുടെ കാര്യത്തിൽ പ്രവാചകൻﷺ കണിശത പുലർത്തിയിരുന്നു. അനുചരന്മാരോട് അതിനായി നിർദേശിക്കുകയും ചെയ്തിരുന്നു. അല്ലാഹുവിന് നന്ദികാണിക്കുന്നതിന്റെ പരിപൂർണതയിൽ പെട്ടതാണ് ഐഛികമായ കർമങ്ങൾ കൂടുതൽ ചെയ്യുക എന്നത്.

ആഇശ ﷺ നിവേദനം: "രാത്രി കാലങ്ങളിൽ നബിﷺ കാലിൽ നീര് വരുവോളം നിന്ന് നമസ്കരിക്കാറുണ്ടായിരുന്നു. ആഇശ ﷺ ചോദിക്കുകയുണ്ടായി: 'അല്ലാഹുവിന്റെ റസൂലേ, താങ്കൾ എന്തിനാണ് ഇങ്ങനെ ചെയ്യുന്നത്? അല്ലാഹു താങ്കൾക്ക് മുൻ ഞ്ഞതും വരാൻ പോകുന്നതുമായ കാര്യങ്ങൾ പൊറുത്ത് തന്നിട്ടില്ലയോ?' അപ്പോൾ അവിടുന്ന് പറഞ്ഞു: 'ഞാൻ നന്ദിയുള്ള അടിമയായിത്തീരേണ്ടതില്ലേ?" (ബുഖാരി, മുസ്‌ലിം).

അതിനാൽ നാം സുന്നത്ത് നമസ്കാരങ്ങൾ വർധിപ്പിക്കുക. സുന്നത്ത് നമസ്കാരങ്ങൾ പല പേരുകളിലും അറിയപ്പെടുന്നു.

**1. റവാതിബ് സുന്നത്ത്**

അഞ്ച് നേരത്തെ നിർബന്ധ നമസ്കാരങ്ങൾക്ക് മുമ്പും ശേഷവും നിർവഹിക്കാനുള്ള നമസ്കാരങ്ങൾക്കാണ് റവാതിബ് സുന്നത്ത് എന്ന് പറയുന്നത്. ഇത് ആകെ പന്ത്രണ്ട് റക്അത്താണ്. ചില റിപ്പോർട്ടുകളിൽ പത്ത് റക്അത്ത് എന്നും വന്നിട്ടുണ്ട്.

ഉമ്മുഹബീബ ﷺ നിവേദനം. അവർ പറഞ്ഞു: "നബിﷺ പറയുന്നതായി ഞാൻ കേട്ടു: 'ആരെങ്കിലും രാപ്പകലുകളിലായി പന്ത്രണ്ട് റക്അത്ത് നമസ്കരിക്കുകയാണെങ്കിൽ അവന് സ്വർഗത്തിൽ ഒരു വീട് നിർമിച്ച് നൽകപ്പെടുന്നതാണ്."

മറ്റൊരു ഹദീഥിൽ ഇങ്ങനെ കാണാം: "മുസ്‌ലിമായ ഒരു അടിമ അല്ലാഹുവിന് വേണ്ടി ഒരു ദിവസം നിർബന്ധമല്ലാത്ത പന്ത്രണ്ട് റക്അത്ത് നമസ്കരിക്കുകയാണെങ്കിൽ അല്ലാഹു അവന് സ്വർഗത്തിൽ ഒരു വീട് നിർമിച്ച് നൽകാരിക്കുകയില്ല." അല്ലെങ്കിൽ "അവന് സ്വർഗത്തിൽ ഒരു വീട് നിർമിച്ച് നൽകുന്നതാണ്' (എന്നാണ് പറഞ്ഞത്)" (മുസ്‌ലിം).

സുബ്ഹിക്ക് മുമ്പ് രണ്ടും ദുഹ്റിന് മുമ്പ് നാലും ശേഷം രണ്ടും മഗ്‌രിബിന് ശേഷം രണ്ടും ഇശാഇന് ശേഷം രണ്ടും എന്നിങ്ങനെയാണ് ആ പന്ത്രണ്ട് റക്അത്തുകൾ.

**സുബ്ഹിയുടെ റവാതിബ്**

ആഇശ ﷺ നിവേദനം: "നബിﷺ പറഞ്ഞു: സുബ്ഹിക്കു മുമ്പുള്ള രണ്ട് റക്അത്ത് ഈ ലോകത്തെക്കാളും അതിലുള്ളതിനെക്കാളും ഉത്തമമാകുന്നു" (മുസ്‌ലിം).

നബിﷺ ഏറ്റവുമധികം കണിശത കാണിച്ചിരുന്ന ഒരു സുന്നത്ത് നമസ്കാരമായിരുന്നു ഇത്. ഇതിന്റെ പ്രാധാന്യം കാരണത്താൽ യാത്രയിൽപോലും പ്രവാചകൻ ഇത് നമസ്കരിക്കുമായിരുന്നു. യാത്രയിൽ നിർബന്ധ നമസ്കാരത്തിന്റെ കൂടെയുള്ള സുന്നത്ത് നമസ്കാരങ്ങൾ ഒഴിവാക്കാവുന്നതാണ്.

**ദുഹ്റിന്റെ റവാതിബ്**

ഉമ്മുഹബീബ ﷺയിൽ നിന്ന് നിവേദനം. അവർ പറഞ്ഞു: "നബിﷺ പറയുന്നതായി ഞാൻ കേൾക്കുകയുണ്ടായി: 'ആരെങ്കിലും ദുഹ്റിനു മുമ്പ് നാല് റക്അത്തും ശേഷം നാല് റക്അത്തും പതിവായി നമസ്കരിക്കുകയാണെങ്കിൽ അല്ലാഹു അവനെ നരകത്തിന് നിഷിദ്ധമാക്കുന്നതാണ്" (അഹ്മദ്).

**മഗ്‌രിബിന്റെ റവാതിബ്**

അബ്ദുല്ലാഹിബ്നു മസ്ഊദ് ﷺ നിവേദനം. അദ്ദേഹം പറഞ്ഞു: "സുബ്ഹിക്ക് മുമ്പുള്ള രണ്ട് റക്അത്തുകളിലും മഗ്‌രിബിന് ശേഷമുള്ള രണ്ട് റക്അത്തുകളിലും റസൂൽﷺ 'ക്വുൽ യാ അയ്യുഹൽ കാഫിറൂൻ,' 'ക്വുൽ ഹുവല്ലാഹു അഹദ്' എന്ന സൂറത്തുകൾ ഓതുന്നത് എനിക്ക് എണ്ണിത്തിട്ടപ്പെടുത്താൻ കഴിയാത്തത്ര പ്രാവശ്യം പാരായണം നടത്തുന്നത് ഞാൻ കേട്ടിട്ടുണ്ട്" (തിർമിദി).

**ഇശാഇന്റെ റവാതിബ്**

ആഇശ ﷺ നിവേദനം. നബിﷺ പറഞ്ഞു: ആഇശ ﷺ നിവേദനം. നബിﷺ പറഞ്ഞു: "ആരെങ്കിലും പന്ത്രണ്ട് റക്അത്ത് സുന്നത്ത് നമസ്കരിക്കുന്ന കാര്യത്തിൽ കൃത്യത കാണിക്കുന്നുവെങ്കിൽ സ്വർഗത്തിൽ അവന് ഒരു വീട് നിർമിച്ച് നൽകുന്നതാണ്. ദുഹ്റിന് മുമ്പ് നാലും ശേഷം രണ്ടും മഗ്‌രിബിന് ശേഷം രണ്ടും ഇശാഇന് ശേഷം രണ്ടും സുബ്ഹിന് ശേഷം രണ്ടും റക്അത്തുകൾ" (തിർമിദി).

## മറ്റു ചില സുന്നത്തുകൾ

**അസ്റിന് മുമ്പ് നാല് റക്അത്ത്**

അബ്ദുല്ലാഹിബ്നു ഉമർ ﷺ നിവേദനം. അദ്ദേഹം പറയുന്നു: "നബി ﷺ പറയുകയുണ്ടായി: 'അസ്റിന് മുമ്പ് ആരെങ്കിലും നാല് റക്അത്ത് നമസ്കരിക്കുകയാണെങ്കിൽ അല്ലാഹു അവനോട് കരുണ കാണിക്കുന്നതാണ്" (അഹ്മദ്).

**മഗ്‌രിബിന് മുമ്പുള്ള രണ്ട് റക്അത്ത്**

അബ്ദുല്ലാഹിബ്നു മുഗഫ്ഫൽ ﷺ നിവേദനം. "നബിﷺ 'മഗ്‌രിബ് നമസ്കാരത്തിന് മുമ്പ് നിങ്ങൾ നമസ്കരിക്കുവിൻ' എന്ന് ആവർത്തിച്ച് പറഞ്ഞു. മൂന്നാം തവണ പറഞ്ഞു: 'ഉദ്ദേശിക്കുന്നവർ" (ബുഖാരി).

അനസ് ﷺ പറയുന്നു: "ഞങ്ങൾ മദീനയിലായിരിക്കെ, മഗ്‌രിബിന് മുഅദ്ദിൻ ബാങ്ക് വിളിച്ച് കഴിഞ്ഞാൽ തൂണുകൾക്ക് പിന്നിലേക്ക് മാറിനിന്ന് ഞങ്ങൾ പെട്ടെന്ന് ഈരണ്ട് റക്അത്ത് നമസ്കരിക്കാറുണ്ടായിരുന്നു. ഏതുവരെയെന്ന് ചോദിച്ചാൽ അപരിചിതനായ ഒരാൾ ആ സമയം പള്ളിയിൽ വന്നാൽ (മഗ്‌രിബ്) നമസ്കാരം കഴിഞ്ഞുവെന്ന് തോ

ന്നിപ്പോകും വിധം ഒരുപാടാളുകൾ ഈ രണ്ട് റക്അത്ത് നമസ്കരിക്കാറുണ്ടായിരുന്നു" (ബുഖാരി, മുസ്‌ലിം).

അബ്ദുല്ലാഹിബ്നു മുഗഫ്ഫൽ ﷺ നിവേദനം: "നബിﷺ പറഞ്ഞു: എല്ലാ രണ്ട് ബാങ്കുകൾക്കിടയിലും നമസ്കാരമുണ്ട്. എല്ലാ രണ്ടു ബാങ്കുകൾക്കിടയിലും നമസ്കാരമുണ്ട്. മൂന്നാം പ്രാവശ്യം പറയുകയുണ്ടായി; ഉദ്ദേശിക്കുന്നവർക്ക് എന്ന്" (ബുഖാരി).

ഇതിൽ പറഞ്ഞ രണ്ട് ബാങ്കിൽ ഒന്ന് നമസ്കാരസമയമായി എന്നറിയിക്കാൻ കൊടുക്കുന്ന ബാങ്കും രണ്ടാമത്തേത് നമസ്കാരം ആരംഭിക്കാറായി എന്നറിയിക്കാൻ കൊടുക്കുന്ന ഇക്വാമത്തുമാണ്.

**ജുമുഅക്ക് ശേഷം നാല് റക്അത്ത്**

അബൂഹുറയ്റ ﷺ വിൽ നിന്ന് നിവേദനം. നബിﷺ പറഞ്ഞു: "നിങ്ങളിൽ ആരെങ്കിലും ജുമുഅ നമസ്കരിച്ചാൽ അതിന് ശേഷം നാല് റക്അത്ത് നമസ്കരിക്കട്ടെ" (മുസ്‌ലിം).

വെള്ളിയാഴ്ച ജുമുഅക്ക് ശേഷം നിർവഹിക്കപ്പെടുന്ന സുന്നത്ത് നമസ്കാരമാണിത്. ജുമുഅക്ക് വന്നവർ പള്ളിയിൽവെച്ച് കൊണ്ട് ഈ നാല് റക്അത്ത് നമസ്കരിക്കണം. രണ്ട് റക്അത്ത് പള്ളിയിൽവെച്ചും ബാക്കി രണ്ട് റക്അത്ത് വീട്ടിൽ വെച്ചുമാകാം.

അബ്ദുല്ലാഹിബ്നു ഉമർ ﷺ വിൽ നിന്ന്: അദ്ദേഹം ജുമുഅ നമസ്കരിച്ചു കഴിഞ്ഞാൽ വീട്ടിൽ പോയി രണ്ട് റക്അത്ത് നമസ്കരിക്കും. പിന്നീട് പറയുകയുണ്ടായി; നബിﷺ ഇപ്രകാരമാണ് ചെയ്യാറുള്ളത്." (മുസ്‌ലിം).

**തഹിയ്യത്ത് നമസ്കാരം**

പള്ളിയിൽ പ്രവേശിച്ച് കഴിഞ്ഞാൽ പള്ളിയോടുള്ള ആദരസൂചകമായി നിർവഹിക്കപ്പെടുന്ന നമസ്കാരമാണ് തഹിയ്യത്തുൽ മസ്ജിദ് അഥവാ തഹിയ്യത്ത് നമസ്കാരം.

അബൂഖത്വാദ ﷺ വിൽ നിന്ന്; നബിﷺ പറയുകയുണ്ടായി: "നിങ്ങളിൽ ആരെങ്കിലും പള്ളിയിൽ പ്രവേശിച്ചാൽ ഇരിക്കുന്നതിന് മുമ്പ് രണ്ട് റക്അത്ത് നമസ്കരിക്കട്ടെ" (ബുഖാരി, മുസ്‌ലിം).

"നിങ്ങളിൽ ആരെങ്കിലും പള്ളിയിൽ പ്രവേശിച്ചാൽ രണ്ട് റക്അത്ത് നമസ്കരിക്കുന്നതുവരെ അവൻ ഇരിക്കരുത്" (ബുഖാരി, മുസ്‌ലിം).

**ദുഹാ നമസ്കാരം**

അബൂഹുറയ്റ ﷺ പറയുന്നു: "എന്റെ കൂട്ടുകാരനായ റസൂൽﷺ മൂന്ന് കാര്യങ്ങൾ എന്നോട് വസ്വിയ്യത്ത് നൽകിയിരുന്നു. (അത് മരണം വരെ ഞാൻ ഒഴിവാക്കിയിട്ടില്ല): എല്ലാ മാസവും മൂന്ന് ദിവസം നോമ്പ് അനുഷ്ഠിക്കൽ, രണ്ട് റക്അത്ത് ദുഹാ നമസ്കാരം, ഉറങ്ങുന്നതിന് മുമ്പ് വിത്റ് നമസ്കരിക്കൽ" (ബുഖാരി, മുസ്‌ലിം).

**നിർബന്ധ നമസ്കാരങ്ങളിൽ വരുന്ന വീഴ്ചകൾ പരിഹരിക്കാൻ സുന്നത്ത് നമസ്കാരങ്ങൾ കൊണ്ട് സാധിക്കുന്നു. മാത്രമല്ല, സുന്നത്ത് നമസ്കാരങ്ങൾ അധികരിപ്പിക്കുന്നതിലൂടെ അല്ലാഹുവിലേക്ക് കൂടുതൽ അടുക്കുവാൻ സാധിക്കുകയും പാപങ്ങൾ പൊറുക്കപ്പെടുകയും അല്ലാഹുവിന്റെ അടുക്കൽ പദവികൾ ഉയർത്തപ്പെടാൻ അത് കാരണമാകുകയും ചെയ്യും.**

**രാത്രി നമസ്കാരം (ക്വിയാമുല്ലൈൽ)**

എല്ലാ ദിവസവും ഉറങ്ങുന്നതിന് മുമ്പ് നിർവഹിക്കുന്ന നമസ്കാരമാണ് രാത്രി നമസ്കാരം. ഏറെ ശ്രേഷ്ഠകരമാണെന്ന് പ്രവാചകൻﷺ പഠിപ്പിച്ച ഒരു നമസ്കാരം കൂടിയാണിത്.

**തറാവീഹ് നമസ്കാരം**

സാധാരണ രാത്രി ഉറങ്ങുന്നതിന് മുമ്പ് നിർവഹിക്കപ്പെടുന്ന നമസ്കാരം വിശുദ്ധ റമദാനിൽ നിർവഹിക്കുമ്പോൾ അതിന് തറാവീഹ് എന്ന് പറയപ്പെടുന്നു.

ആഇശ ﷺ നിവേദനം: "നബിﷺയുടെ റമദാനിലെ നമസ്കാരം എങ്ങനെയായിരുന്നു എന്നതിനെ സംബന്ധിച്ച് ചോദിക്കപ്പെട്ടു. അവർ പറയുകയുണ്ടായി: അല്ലാഹുവിന്റെ ദൂതൻ(സ്വ) റമദാനിലാകട്ടെ, അല്ലാത്ത സന്ദർഭങ്ങളിലാകട്ടെ പതിനൊന്ന് റക്അത്തിനെക്കാൾ വർധിപ്പിക്കാറുണ്ടായിരുന്നില്ല" (ബുഖാരി, മുസ്‌ലിം).

**തഹജ്ജുദ് നമസ്കാരം**

രാത്രി നമസ്കാരം (ക്വിയാമുല്ലൈൽ), തറാവീഹ് എന്നീ പേരുകളിൽ അറിയപ്പെടുന്ന നമസ്കാരം രാത്രി ഉറക്കിൽ നിന്ന് എഴുന്നേറ്റ് നിർവഹിക്കുമ്പോൾ ആ നമസ്കാരത്തിന് പറയപ്പെടുന്ന പേരാണ് തഹജ്ജുദ് എന്ന്.

അബൂഹുറയ്റ ﷺ വിൽ നിന്ന്: നബിﷺ പറയുന്നു: "റമദാനിന് ശേഷം ഏറ്റവും ശ്രേഷ്ഠമായ നോമ്പ് അല്ലാഹുവിന്റെ മാസമായ മുഹർറത്തിലെ നോമ്പാണ്. നിർബന്ധ നമസ്കാരങ്ങൾക്ക് ശേഷം ഏറ്റവും ശ്രേഷ്ഠമായ നമസ്കാരം രാത്രിയിലെ നമസ്കാരമാണ്" (മുസ്‌ലിം).

മറ്റൊരു ഹദീഥിൽ ഇങ്ങനെ കാണാം; അംറുബ്നു അബസ ﷺ വിൽ നിന്ന്: നബിﷺ പറയുന്നതായി അദ്ദേഹം കേൾക്കുകയുണ്ടായി: "രക്ഷിതാ

വ് അടിമയുമായി ഏറ്റവും കൂടുതൽ അടുക്കുന്ന സമയം രാത്രിയുടെ അവസാന യാമത്തിലാകുന്നു. ആയതിനാൽ ആ സമയം അല്ലാഹുവിനെ ഓർക്കുന്നവരിൽ ഉൾപ്പെടാൻ നീ ആഗ്രഹിക്കുന്നുവെങ്കിൽ നീ അപ്രകാരം ചെയ്യുക" (തിർമിദി).

**വിത്ർ നമസ്കാരം**

അബൂഅയ്യൂബുൽ അൻസ്വാരിؓ നിവേദനം. നബിﷺ പറഞ്ഞു: "വിത്ർ നമസ്കാരം ഓരോ മുസ്ലിമിന്റെയും അവകാശവും ബാധ്യതയുമാണ്. മൂന്ന് റക്അത്ത് നമസ്കരിച്ച് വിത്റാക്കാൻ ആരെങ്കിലും ഉദ്ദേശിച്ചാൽ അവൻ അങ്ങനെ ചെയ്യട്ടെ. ഒരു റക്അത്ത് നമസ്കരിച്ച് വിത്റാക്കാൻ ആരെങ്കിലും ഉദ്ദേശിച്ചാൽ അവൻ അങ്ങനെ ചെയ്യട്ടെ" (അബൂദാവൂദ്).

അലിയ്യിബ്നു അബീത്വാലിബ്ؓ നിവേദനം: "നബിﷺ വിത്ർ നമസ്കരിച്ചു. തുടർന്ന് പറയുകയുണ്ടായി: ഓ, ക്വുർആനിന്റെ ആളുകളേ, നിങ്ങൾ വിതർ നമസ്കരിക്കുക. കാരണം, തീർച്ചയായും അല്ലാഹു ഒരുവനാണ്. അവൻ ഒറ്റയെ ഇഷ്ടപ്പെടുകയും ചെയ്യുന്നു" (നസാഇ).

**വുദൂഇന് ശേഷം രണ്ട് റക്അത്ത്**

അബൂഹുറയ്റؓ നിവേദനം: "നബിﷺ സുബ്ഹ് നമസ്കാരശേഷം ബിലാൽؓവിനെ വിളിച്ച് കൊണ്ട് പറയുകയുണ്ടായി: 'ഓ, ബിലാൽ, താങ്കൾ ഇസ്ലാമിൽ പ്രവർത്തിച്ച ഏറ്റവും നല്ല പ്രവർത്തനത്തെ സംബന്ധിച്ച് എന്നോട് പറഞ്ഞ് തന്നാലും. കാരണം, സ്വർഗത്തിൽ എന്റെ മുന്നിൽ താങ്കളുടെ ചെരുപ്പിന്റെ ശബ്ദം ഞാൻ കേൾക്കുകയുണ്ടായി.' ബിലാൽؓ പറഞ്ഞു: 'ഞാൻ രാത്രിയിലോ പകലിലോ ഏത് സമയം വുദൂഅ് ചെയ്താലും അതിനായി എനിക്ക് നിർദേശിക്കപ്പെട്ട രണ്ട് റക്അത്ത് ആ വുദൂഅ് ഞാൻ നമസ്കരിക്കും. അതല്ലാതെ മറ്റൊരു കർമവും (പ്രത്യേകമായി) അതിന് ഞാൻ പ്രവർത്തിക്കുന്നില്ല" (ബുഖാരി, മുസ്ലിം).

**ദൂരയാത്ര കഴിഞ്ഞ് വന്നാലുള്ള രണ്ട് റക്അത്ത്**

ദൂരയാത്ര കഴിഞ്ഞ് സ്വന്തം നാട്ടിൽ തിരിച്ചെത്തിയാൽ അവിടെയുള്ള പള്ളിയിൽ ചെന്ന് രണ്ട് റക്അത്ത് സുന്നത്ത് നമസ്കരിച്ചശേഷം വീട്ടിലേക്ക് പോകാൻ നബിﷺ പഠിപ്പിച്ചു.

ജാബിർؓ നിവേദനം. അദ്ദേഹം പറഞ്ഞു: "നബി ﷺ എന്നിൽ നിന്ന് ഒരു ഒട്ടകത്തെ വാങ്ങുകയുണ്ടായി. അങ്ങനെ ഞാൻ മദീനയിലേക്ക് പ്രവേശിച്ചപ്പോൾ എന്നോട് പള്ളിയിൽ വന്ന് രണ്ട് റക്അത്ത് നമസ്കരിക്കുവാൻ കൽപിച്ചു" (ബുഖാരി, മുസ്ലിം).

**നന്മയെ ചോദിച്ചുകൊണ്ടുള്ള സുന്നത്ത് നമസ്കാരം**

ജീവിതത്തിലെ സാഹചര്യങ്ങൾ നമ്മെക്കൊണ്ട് പലകാര്യങ്ങളും ചെയ്യിപ്പിക്കാറുണ്ട്. പലകാര്യങ്ങളും ചെയ്യാൻ നാം നിർബന്ധിതരാകാറുണ്ട്. ചിലത് നല്ലകാര്യങ്ങൾക്കുള്ള തുടക്കങ്ങളുമാകാം. ഏത് നിലപാട് സ്വീകരിക്കുന്നതാണ് ഗുണകരം എന്നറിയാത്ത അവസ്ഥയുണ്ടാകാം. അത്തരം സന്ദർഭങ്ങളിൽ പ്രവാചകൻﷺ പഠിപ്പിച്ച ഒരു സൽകർമമാണ് നന്മയെ തേടിക്കൊണ്ടുള്ള നമസ്കാരം. ഇതിലെ പ്രാർഥന സ്വഹാബത്ത് ക്വുർആൻ മനഃപാഠമാക്കുന്നതുപോലെ പഠിക്കുമായിരുന്നു.

'ജാബിറുബ്നു അബ്ദുല്ലാഹ്ؓ പറയുന്നു: "നബിﷺ ക്വുർആനിലെ ഒരു സൂറത്ത് പഠിപ്പിക്കുന്നത് പോലെ സർവ കാര്യങ്ങളിലും ഇസ്തിഖാറത്ത് ചെയ്യേണ്ടത് ഞങ്ങളെ പഠിപ്പിച്ചിരുന്നു. നബിﷺ പറഞ്ഞു: 'ഒരു കാര്യം ചെയ്യുന്നതിനെ കുറിച്ച് തീരുമാനത്തിലെത്താൻ കഴിയുന്നില്ലെങ്കിൽ രണ്ട് റക്അത്ത് നമസ്കരിക്കുകയും ഇങ്ങനെ പ്രാർഥിക്കുകയും ചെയ്താൽ ഉത്തമമായ മാർഗം പടച്ചവൻ കാണിച്ചുതരും."

"അല്ലാഹുവേ, നിന്റെ അറിവിന്റെ അടിസ്ഥാനത്തിൽ നിന്നോട് ഉത്തമമേതെന്ന് ഞാൻ ചോദിക്കുന്നു. നിന്റെ കഴിവിന്റെ അടിസ്ഥാനത്തിൽ നിന്നോട് ഞാൻ കഴിവിനെ ചോദിക്കുന്നു. നിന്റെ മഹത്തായ ഔദാര്യത്തിൽ നിന്ന് ഞാൻ ചോദിക്കുകയും ചെയ്യുന്നു. കാരണം, നീ കഴിവുള്ളവനും ഞാൻ കഴിവില്ലാത്തവനുമാണ്. നീ എല്ലാം അറിയുന്നു. ഞാൻ അറിയുന്നുമില്ല. നീയാകട്ടെ എല്ലാ പരമ രഹസ്യങ്ങളും നല്ലപോലെ അറിയുന്നവനുമാണ്. അല്ലാഹുവേ (ഇവിടെ കാര്യമെന്തെന്ന് പറയുക) എനിക്ക് എന്റെ മതത്തിലും എന്റെ കാര്യത്തിന്റെ പര്യവസാനത്തിലും -അഥവാ എന്റെ വർത്തമാനത്തിലും ഭാവിയിലും- ഉത്തമമാണെന്ന് നീ അറിയുന്നുവെങ്കിൽ അതെനിക്ക് വിധിക്കുകയും എനിക്കത് എളുപ്പമാക്കിത്തരികയും പിന്നീട് എനിക്കതിൽ അനുഗ്രഹം ചൊരിയുകയും ചെയ്യേണമേ. ഈ കാര്യം എന്റെ മതത്തിലും എന്റെ ഐഹിക കാര്യത്തിലും എന്റെ കാര്യത്തിന്റെ പര്യവസാനത്തിലും ദോഷകരമാണെന്ന് നീ അറിയുന്നുവെങ്കിൽ എന്നെ അതിൽ നിന്നും അതിനെ എന്നിൽ നിന്നും തിരിച്ചു കളയേണമേ. നന്മ എവിടെയാണോ അതെനിക്ക് വിധിക്കുകയും എന്നിട്ട് അതിനെ എനിക്ക് തൃപ്തിപ്പെടുത്തുകയും ചെയ്യേണമേ" (ബുഖാരി).

അല്ലാഹു സൽകർമങ്ങൾ ധാരാളം ചെയ്യുവാനും അത് ജീവിതത്തിൽ നിലനിർത്തുവാനും നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

റാഷിദ ബിൻത് ഉസ്മാൻ
AIWA കോളേജ് മോങ്ങം





# പ്ലാസ്റ്റിക് പാത്രം

ഒരിക്കൽ ഒരിടത്ത് സാധുവായ ഒരു മരപ്പണിക്കാരനുണ്ടായിരുന്നു. വയസ്സേറെയായപ്പോൾ അദ്ദേഹത്തിന്റെ ആരോഗ്യം ക്ഷയിച്ചു. കണ്ണിന്റെ കാഴ്ചയും നഷ്ടപ്പെട്ടു തുടങ്ങി. കൈകൾ വിറയ്ക്കുന്ന കാരണത്താൽ ഒരു സ്പൂൺ പോലും നെരെ പിടിക്കാൻ വയ്യാതായി. വായിലേക്ക് കൊണ്ടുപോകുന്ന ഭക്ഷണത്തിന്റെ നല്ലൊരു പങ്കും ഡൈനിംഗ് ടേബിളിൽ വീഴും.

അദ്ദേഹത്തിന്റെ മകനും മകന്റെ ഭാര്യയും അതിന്റെ പേരിൽ അദ്ദേഹത്തെ ശകാരിക്കുകയും ദേഷ്യപ്പെടുകയും ചെയ്യും. ഒടുവിൽ അവർ അദ്ദേഹത്തിനു മാത്രമായി ഒരു മുറിയുടെ മൂലയിൽ മറ്റൊരു മേശ ഒരുക്കിക്കൊടുത്തു.

അദ്ദേഹത്തിന്റെ കൊച്ചു പേരമകൻ ഹസൻ ഇതെല്ലാം കണ്ട് സങ്കടപ്പെട്ടു. വല്ല്യുപ്പ ഭക്ഷണം കഴിക്കുമ്പോൾ അവൻ വല്ല്യുപ്പയുടെ വായിലേക്ക് സ്പൂൺ വെച്ചുകൊടുത്ത് സഹായിക്കാൻ തുടങ്ങി. ഒരു ദിവസം അദ്ദേഹം ഭക്ഷണം കഴിക്കുന്നേരം യാദൃച്ഛികമായി പാത്രം താഴെവീണ് പൊട്ടിച്ചിതറി. അദ്ദേഹം നിറകണ്ണുകളോടെ ഇതെല്ലാം കണ്ടുകൊണ്ടിരിക്കുകയായിരുന്ന മകന്റെയും മരുകളുടെയും മുഖത്തേക്ക് പേടിയോടെ നോക്കി. അവർ അതിന്റെ പേരിൽ അദ്ദേഹത്തോട് ദേഷ്യപ്പെട്ടു. അന്നു മുതൽ അവർ അദ്ദേഹത്തിന് പ്ലാസ്റ്റിക് പാത്രത്തിൽ ഭക്ഷണം നൽകാൻ തുടങ്ങി.

പ്ലാസ്റ്റിക് പാത്രങ്ങൾ പാടെ ഉപയോഗ ശൂന്യമായിട്ടും അതിൽ ഭക്ഷണം വിളമ്പാൻ ഭാര്യ ഒരുങ്ങിയപ്പോൾ അദ്ദേഹത്തിന്റെ മകൻ ഭാര്യയോട് ആ പാത്രങ്ങൾ വലിച്ചെറിയാൻ പറഞ്ഞു.

ഉടനെ ഹസൻ രണ്ട് പാത്രങ്ങൾ കൈക്കലാക്കി, എന്നിട്ട് പറഞ്ഞു: "വലിച്ചെറിയരുത്. ഇത് ഭാവിയിൽ നിങ്ങൾക്ക് ഉപകാരപ്പെടും."

"എന്താണ് നീ പറയുന്നത്? ഒന്നും മനസ്സിലാകുന്നില്ലല്ലോ" ഉമ്മ ചോദിച്ചു.

"നിങ്ങൾ രണ്ടു പേർക്കും വയസ്സാകുമ്പോൾ നിങ്ങൾക്ക് ഭക്ഷണം വിളമ്പാൻ എനിക്ക് ഇവ ഉപയോഗിക്കാമല്ലോ എന്നാണ് ഉദ്ദേശിച്ചത്."

മകന്റെ ഈ വാക്കുകൾ കേട്ട് ഇരുവരും ലജ്ജിച്ച് തലതാഴ്ത്തി. അവർക്ക് തങ്ങളുടെ തെറ്റിന്റെ ആഴം ബോധ്യമായി. അന്നുമുതൽ അവർ പിതാവിനെ കൂടെയിരുത്തി അദ്ദേഹത്തോടൊപ്പം ഭക്ഷണം കഴിക്കാനും അദ്ദേഹത്തെ ഭക്ഷണം കഴിക്കാൻ സഹായിക്കാനും തുടങ്ങി.

സ്വർഗം നേടാനുള്ള ഉത്തമമായ വഴിയാണ് മാതാപിതാക്കളെ ശുശ്രൂഷിക്കലും സഹായിക്കലും സ്നേഹിക്കലും എന്ന് അറിയുമായിരുന്നെങ്കിൽ അദ്ദേഹത്തിന്റെ മകനും മരുമകളും അദ്ദേഹത്തോട് മോശമായി പെരുമാറുമായിരുന്നില്ല.

നമ്മുടെ നബിﷺ മാതാപിതാക്കളുടെ വിഷയത്തിൽ പറഞ്ഞതെന്താണെന്ന് അറിയാമോ? "റബ്ബിന്റെ തൃപ്തി മാതാപിതാക്കളുടെ തൃപ്തിയിലാണ്. റബ്ബിന്റെ കോപം മാതാപിതാക്കളുടെ കോപത്തിലാണ്" (തുർമുദി).

കൂട്ടുകാരേ, നാം നമ്മുടെ മാതാപിതാക്കളെ സ്നേഹിക്കുകയും ബഹുമാനിക്കുകയും അനുസരിക്കുകയും വേണം. എന്നാലേ നമുക്ക് സ്വർഗം ലഭിക്കുകയുള്ളൂ.

ടി.കെ ഉസ്മാൻ
mail@nerpatham.com






# ഇന്ത്യ ഇന്ത്യക്കാരുടേത്

ഇന്ത്യ ഇന്ത്യക്കാരുടെ രാജ്യം
ഇവിടെ ജനിച്ചവരിന്ത്യക്കാർ
വിഭിന്ന ജാതി മതക്കാരെല്ലാം
വസിച്ചിടുന്നൊരു പൂങ്കാവ്
വെള്ളക്കാരുടെയടിമത്തത്തിൻ
ചങ്ങല പൊട്ടിച്ചെറിയാനായ്
കൈകൾ കോർത്തു പിടിച്ചു
ഭിന്നതയൊക്കെ മറന്നിട്ടിന്ത്യക്കാർ
ഹിന്ദു, മുസൽമാൻ, ക്രിസ്ത്യൻ, ബൗദ്ധർ
സിക്ക്, ജിനൻമാരൊന്നിച്ച്
ജീവൻ നൽകി നേടിയെടുത്തു
പിറന്ന മണ്ണിൻ സ്വാതന്ത്ര്യം
കറുത്ത കൈകൾ തലപൊക്കുന്നു
തമ്മിലടിപ്പിച്ചിടുവാനായ്
ദേശ സ്നേഹം ചോദ്യം ചെയ്ത്
ദ്വേഷം നട്ടുവളർത്തുന്നു
സ്വാതന്ത്ര്യത്തിൻ സൂര്യവെളിച്ചം
നിലനിൽക്കേണം ഈ മണ്ണിൽ
ആരതിനെതിരിൽ നിന്നാലും നാം
ഒന്നിച്ചതിനായ് പോരാടാം.

## പ്രാർഥന

പാണികൾ രണ്ടും നീട്ടി
കേഴുകയാണ് ഞങ്ങൾ
പാരിതിൽ സമാധാന
ജീവിതം നൽകേണമേ
പരലോകമിൽ സ്വർഗം
തന്നനുഗ്രഹിക്കണേ
പരിപാലകാ നിന്നിൽ
അഭയം പ്രാപിക്കുന്നു
കടുത്ത പരീക്ഷണ
കയത്തിൽ പെടുത്തല്ലേ
കരുണാകടാക്ഷത്താൽ
കുളിർമ നൽകേണമേ
സന്തതം ഈമാൻ നില-
നിർത്തുവാൻ കനിയണേ
സങ്കട വേളയിൽ നീ
സ്ഥൈര്യമാൽ നയിക്കണേ
സൽവഴി തടയുവാൻ
ഇബ്‌ലീസ് ശ്രമിക്കുമ്പോൾ
ശപ്തനാം അവനിൽ നി-
ന്നഭയം നൽകേണമേ

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

ചരിത്രപഥം



# പ്രളയത്തിനു ശേഷം...

**അ**ല്ലാഹു നൂഹ്ﷺനോട് കുടുംബത്തെയും വിശ്വാസികളെയും കപ്പലിൽ കയറ്റാൻ നിർദേശിച്ചിരുന്നുവല്ലോ. അഥവാ അവരെ രക്ഷപ്പെടുത്തുമെന്ന് അല്ലാഹു അറിയിച്ചതാണ്. സ്വന്തം രക്തത്തിൽ പിറന്ന മകൻ മല പോലെ വന്ന തിരമാലകളിൽ അകപ്പെട്ട് മുങ്ങിമരിച്ചപ്പോൾ അദ്ദേഹം അല്ലാഹുവിനെ വിളിച്ചുകൊണ്ട് പറഞ്ഞു:

"...എന്റെ രക്ഷിതാവേ, എന്റെ മകൻ എന്റെ കുടുംബാംഗങ്ങളിൽ പെട്ടവൻ തന്നെയാണല്ലോ. തീർച്ചയായും നിന്റെ വാഗ്ദാനം സത്യമാണുതാനും. നീ വിധികർത്താക്കളിൽ വെച്ച് ഏറ്റവും നല്ല വിധികർത്താവുമാണ്" (ക്വുർആൻ 11:45).

അതിന് അല്ലാഹുവിന്റെ മറുപടി ഇപ്രകാരമായിരുന്നു: "അവൻ (അല്ലാഹു) പറഞ്ഞു: നൂഹേ, തീർച്ചയായും അവൻ നിന്റെ കുടുംബത്തിൽ പെട്ടവനല്ല. തീർച്ചയായും അവൻ ശരിയല്ലാത്തത് ചെയ്തവനാണ്. അതിനാൽ നിനക്ക് അറിവില്ലാത്ത കാര്യം എന്നോട് ആവശ്യപ്പെടരുത്. നീ വിവരമില്ലാത്തവരുടെ കൂട്ടത്തിലായിപ്പോകരുതെന്ന് ഞാൻ നിന്നോട് ഉപദേശിക്കുകയാണ്" (11:46).

നൂഹ്ﷺന്റെ മകൻ അദ്ദേഹത്തിന്റെ മകനല്ലെന്ന് അല്ലാഹു പറയുന്നു. യഥാർഥത്തിൽ നൂഹ്ﷺന് പിറന്നവൻ തന്നെയായിരുന്നല്ലോ ആ മകൻ. എന്നിട്ടും എന്തേ അല്ലാഹു അവനെക്കുറിച്ച് അവന്റെ പിതാവിനോട് അവൻ നിന്റെ മകനല്ലെന്ന് പറഞ്ഞത്? ബന്ധങ്ങൾ ആദർശാധിഷ്ഠിതമാകുമ്പോഴാണ് അത് സമ്പൂർണമായ കുടുംബബന്ധമായി മാറുന്നത്. മാതാപിതാക്കൾ അവിശ്വാസികളും മക്കൾ വിശ്വാസികളുമാണെങ്കിൽ മാതാപിതാക്കളുടെ സ്വത്തിൽ മക്കൾക്ക് അനന്തര സ്വത്തില്ലെന്നതും, മക്കൾ അ

**നൂഹ് നബിﷺയുടെ കാലത്തെ മഹാ പ്രളയത്തിന് ശേഷം, മഴ നിൽക്കുകയും വെള്ളം വറ്റുകയും അല്ലാഹു ശിക്ഷിക്കേണ്ടവരെ ശിക്ഷിക്കുകയും രക്ഷപ്പെടുത്തേണ്ടവരെ രക്ഷപ്പെടുത്തുകയും ചെയ്തു. കപ്പൽ ജൂദി പർവതത്തിൽ നങ്കൂരമിടുകയും ചെയ്തു. അർമീനിയായിലെ അറാറത്ത് മലനിരകളിലെ ഒരു മലയാണ് ജൂദി എന്നാണ് ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നത്. ആ കപ്പലിന്റെ അവശിഷ്ടങ്ങളിൽ പലതും കണ്ടെത്തിയതായി പറയപ്പെടുന്നു. അത് ഇന്നും നിലനിൽക്കുന്നുണ്ടാവാം എന്നതിലേക്കുള്ള സൂചന ക്വുർആൻ നൽകുന്നുണ്ട്.**

വിശ്വാസികളും മാതാപിതാക്കൾ വിശ്വാസികളുമാണെങ്കിൽ മക്കളുടെ സ്വത്തിൽ മാതാപിതാക്കൾക്ക് അനന്തര സ്വത്തില്ലെന്നതും ഇസ്‌ലാമിക നിയമമാണ്. ബന്ധം ഇസ്‌ലാമികമാകണം എന്നർഥം. അതിനാലാണ് നൂഹ്ﷺനോട് അല്ലാഹു അപ്രകാരം പറഞ്ഞത്. തുടർന്ന് അല്ലാഹു അദ്ദേഹത്തോട് 'നിനക്ക് അറിവില്ലാത്ത കാര്യം എന്നോട് ആവശ്യപ്പെടരുത്. നീ വിവരമില്ലാത്തവരുടെ കൂട്ടത്തിലായിപ്പോകരുതെന്ന് ഞാൻ നിന്നോട് ഉപദേശിക്കുകയാണ്' എന്നും പറഞ്ഞു.

ഈ വചനത്തെ വിശദീകരിക്കുമ്പോൾ പണ്ഡിതന്മാർ രണ്ട് കാര്യങ്ങൾ ഉണർത്തിയതായി കാണാം. എന്താണ് അദ്ദേഹം ചെയ്ത വിവരമില്ലാത്ത പ്രവർത്തനം? മകൻ അവിശ്വാസിയായിരിക്കെ അവന് വേണ്ടി അല്ലാഹുവിനോട് ചോദിച്ചതായിരിക്കാം. അല്ലാഹു നൂഹ്ﷺനോട് വിശ്വാസികളെ കപ്പലിൽ കയറ്റാനായിരുന്നല്ലോ പറഞ്ഞിരുന്നത്. എന്നാൽ നൂഹ്ﷺ കാഫിറായ മകനോട് കപ്പലിൽ കയറാൻ പറഞ്ഞു. ഒന്നുകിൽ ഇതായിരിക്കാം.

അല്ലാഹു നൂഹ്ﷺനോട് മകന്റെ കാര്യത്തിൽ എന്നോട് ഒന്നും ചോദിക്കരുതെന്ന് പറഞ്ഞപ്പോൾ അദ്ദേഹം അല്ലാഹുവിനോട് ഉടനെത്തന്നെ പൊറുത്തു തരാൻ അപേക്ഷിച്ചു.

"അദ്ദേഹം (നൂഹ്) പറഞ്ഞു: എന്റെ രക്ഷിതാവേ, എനിക്ക് അറിവില്ലാത്ത കാര്യം നിന്നോട് ആവശ്യപ്പെടുന്നതിൽ നിന്ന് ഞാൻ നിന്നോട് ശരണം തേടുന്നു. നീ എനിക്ക് പൊറുത്തുതരികയും നീ എന്നോട് കരുണ കാണിക്കുകയും ചെയ്യാത്ത പക്ഷം ഞാൻ നഷ്ടക്കാരുടെ കൂട്ടത്തിലായിരിക്കും" (11:47,48).

നൂഹ്നബിﷺയിൽ വിശ്വസിക്കാത്ത മകൻ മാത്രമല്ല ശിക്ഷിക്കപ്പെട്ടത്, അവിശ്വാസിയായ ഭാര്യയും ശിക്ഷിക്കപ്പെട്ടു. അവൾ നരകാവകാശിയാണെന്ന് അല്ലാഹു വ്യക്തമാക്കുന്നത് കാണുക:

"സത്യനിഷേധികൾക്ക് ഉദാഹരണമായി നൂഹിന്റെ ഭാര്യയെയും ലൂത്വിന്റെ ഭാര്യയെയും അല്ലാഹു ഇതാ എടുത്തുകാണിച്ചിരിക്കുന്നു. അവർ രണ്ടുപേരും നമ്മുടെ ദാസൻമാരിൽ പെട്ട സദ്‌വൃത്തരായ രണ്ട് ദാസൻമാരുടെ കീഴിലായിരുന്നു. എന്നിട്ട് അവരെ രണ്ടുപേരെയും ഇവർ വഞ്ചിച്ചു കളഞ്ഞു. അപ്പോൾ അല്ലാഹുവിന്റെ ശിക്ഷയിൽ നിന്ന് യാതൊന്നും അവർ രണ്ടുപേരും ഇവർക്ക് ഒഴിവാക്കികൊടുത്തില്ല. നിങ്ങൾ രണ്ടുപേരും നരകത്തിൽ കടക്കുന്നവരോടൊപ്പം കടന്നുകൊള്ളുക എന്ന് പറയപ്പെടുകയും ചെയ്തു" (66:10).

ആദർശമില്ലെങ്കിൽ അല്ലാഹുവിങ്കൽ കുടുംബ ബന്ധം കൊണ്ട് യാതൊരു പ്രയോജനവുമില്ല. അത് പ്രവാചകന്മാരുടെ ചരിത്രം നമുക്ക് നൽകുന്ന പ്രധാനപ്പെട്ട ഒരു ഗുണപാഠമാണ്. അന്ത്യനാളിൽ എന്റെ ഭർത്താവ് നബിയായിരുന്നെന്ന് പറഞ്ഞ് നരക ശിക്ഷയിൽ രക്ഷപ്പെടാൻ സാധ്യമല്ലെന്ന് മാത്രമല്ല, അവരോടും നരകക്കാരുടെ കൂടെ പ്രവേശിക്കുവാൻ അല്ലാഹു കൽപിക്കും. ഭാര്യ സത്യവിശ്വാസിനിയായതിനാൽ ഭർത്താവായ ഫിർഔനിനോ, മകൻ സത്യവിശ്വാസിയായതിനാൽ പിതാവായ ആസറിനോ പരലോകത്ത് രക്ഷപ്പെടാൻ കഴിയില്ല. ഓരോരുത്തരും അവനവനു വേണ്ടി അധ്വാനിക്കണം.

"ഉയർത്തെഴുന്നേൽപിന്റെ നാളിൽ നിങ്ങളുടെ രക്തബന്ധങ്ങളോ നിങ്ങളുടെ സന്താനങ്ങളോ നിങ്ങൾക്ക് പ്രയോജനപ്പെടുകയില്ല തന്നെ. അല്ലാഹു നിങ്ങളെ തമ്മിൽ വേർപിരിക്കും. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നത് കണ്ടറിയുന്നവനാകുന്നു" (ക്വുർആൻ 60:3).

അക്രമികളെല്ലാം നശിപ്പിക്കപ്പെട്ടു. പിന്നീട് എന്താണ് സംഭവിച്ചത്? അല്ലാഹു തന്നെ വിശദീകരിക്കുന്നു: "ഭൂമീ! നിന്റെ വെള്ളം നീ വിഴുങ്ങൂ. ആകാശമേ, മഴ നിർത്തൂ എന്ന് കൽപന നൽകപ്പെട്ടു. വെള്ളം വറ്റുകയും ഉത്തരവ് നിറവേറ്റപ്പെടുകയും ചെയ്തു. അത് (കപ്പൽ) ജൂദി പർവതത്തിന് മേൽ ഉറച്ചുനിൽക്കുകയും ചെയ്തു. അക്രമികളായ ജനതയ്ക്ക് നാശം എന്ന് പറയപ്പെടുകയും ചെയ്തു" (11:44).

മഴ നിൽക്കുകയും വെള്ളം വറ്റുകയും അല്ലാഹു ശിക്ഷിക്കേണ്ടവരെ ശിക്ഷിക്കുകയും രക്ഷപ്പെടുത്തേണ്ടവരെ

രക്ഷപ്പെടുത്തുകയും ചെയ്തു. കപ്പൽ ജൂദി പർവതത്തിൽ നങ്കൂരമിടുകയും ചെയ്തു. അർമീനിയായിലെ അറാറത്ത് മലനിരകളിലെ ഒരു മലയാണ് ജൂദി എന്നാണ് ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നത്. ആ കപ്പലിന്റെ അവശിഷ്ടങ്ങളിൽ പലതും കണ്ടെത്തിയതായി പറയപ്പെടുന്നു. അത് ഇന്നും നിലനിൽക്കുന്നുണ്ടാവാം എന്നതിലേക്കുള്ള ഒരു സൂചനയാണോ താഴെയുള്ള സൂക്തം എന്നും നമുക്ക് സംശയിക്കാം.

"എന്നിട്ട് നാം അദ്ദേഹത്തെയും കപ്പലിലുള്ളവരെയും രക്ഷപ്പെടുത്തുകയും അതിനെ ലോകർക്ക് ഒരു ദൃഷ്ടാന്തമാക്കുകയും ചെയ്തു" (29:15).

അല്ലാഹു അവരെ രക്ഷപ്പെടുത്തിയതിന് ശേഷം നൂഹ്ﷺനോട് ഇപ്രകാരം കൽപിച്ചു: "(അദ്ദേഹത്തോട്) പറയപ്പെട്ടു: നൂഹേ, നമ്മുടെ പക്കൽ നിന്നുള്ള ശാന്തിയോടുകൂടിയും, നിനക്കും നിന്റെ കൂടെയുള്ളവരിൽ നിന്നുള്ള സമൂഹങ്ങൾക്കും അനുഗ്രഹങ്ങളോടുകൂടിയും നീ ഇറങ്ങിക്കൊള്ളുക. എന്നാൽ (വേറെ) ചില സമൂഹങ്ങളുണ്ട്. അവർക്ക് നാം സൗഖ്യം നൽകുന്നതാണ്. പിന്നീട് നമ്മുടെ പക്കൽ നിന്നുള്ള വേദനയേറിയ ശിക്ഷയും അവർക്ക് ബാധിക്കുന്നതാണ്" (11:48).

സമാധാനത്തോടും അനുഗ്രഹത്തോടും കൂടി കപ്പലിൽ നിന്ന് ഇറങ്ങാനും നിനക്കും നിന്റെ കൂടെ വിശ്വസിച്ചവർക്കും സമാധാനവും അനുഗ്രഹവും ഉണ്ടായിരിക്കുന്നതാണ് എന്നും അറിയിക്കുന്നതോടൊപ്പം, ഇനി ശേഷക്കാരിൽ നിന്നെ അവിശ്വസിക്കുന്നവർക്ക് താൽക്കാലിക സുഖം നൽകുകയും പിന്നീട് നരക ശിക്ഷ അവർ അനുഭവിക്കേണ്ടി വരികയും ചെയ്യേണ്ടി വരുമെന്നും, പിൻതലമുറകളിൽ നിന്ന് വിശ്വാസികളായി ആരെല്ലാം ഉണ്ടാകുമോ അവർക്കെല്ലാം സമാധാനവും അനുഗ്രഹവും നൽകപ്പെടുന്നതാണെന്നും അല്ലാഹു അദ്ദേഹത്തെ അറിയിച്ചതായി ഉപരിസൂചിത വചനം വ്യക്തമാക്കുന്നു.

ഈ സംഭവം മുഹമ്മദ് നബിﷺക്ക് വഹ്‌യ് ലഭിക്കുന്നതിന് മുമ്പ് അറിയില്ലായിരുന്നു: "(നബിയേ,) അവയൊക്കെ അദൃശ്യവാർത്തകളിൽ പെട്ടതാകുന്നു. നിനക്ക് നാം അത് സന്ദേശമായി നൽകുന്നു. നീയോ, നിന്റെ ജനതയോ ഇതിനു മുമ്പ് അതറിയുമായിരുന്നില്ല. അതുകൊണ്ട് ക്ഷമിക്കുക. തീർച്ചയായും അനന്തരഫലം സൂക്ഷ്മത പാലിക്കുന്നവർക്ക് അനുകൂലമായിരിക്കും" (11:49).

അല്ലാഹുവിങ്കൽ നിന്ന് ലഭിച്ച ദിവ്യസന്ദേശത്തിലൂടെയാണ് നബിയേ, നിങ്ങൾ ഇത് അറിഞ്ഞതെന്നും ശത്രുക്കളുടെ മുന്നിൽ ഏകദൈവാരാധന വ്യക്തമാക്കുന്ന സന്ദർഭങ്ങളിൽ അവരിൽ നിന്ന് വിവിധ രൂപത്തിലുള്ള എതിർപ്പുകൾ ഏൽക്കേണ്ടി വരുമെന്നും അത്തരം ഘട്ടങ്ങളിൽ ക്ഷമയോടെ മുന്നേറണമെന്നും ഏറ്റവും നല്ല പര്യവസാനം ഉണ്ടാകുക സൂക്ഷ്മശാലികൾക്കായിരിക്കുമാണ് എന്നും നബിﷺയെ അറിയിച്ചുകൊണ്ടുമാണ് നൂഹ്ﷺന്റെ ചരിത്ര വിവരണം സൂറത്തു ഹൂദിൽ അല്ലാഹു അവസാനിപ്പിക്കുന്നത്.

നൂഹ്ﷺന്റെ ചരിത്രം നബിﷺക്ക് വഹ്‌യ് ലഭിക്കുന്നതിന് മുമ്പ് അറിയില്ലായിരുന്നുവെന്ന് ഈ സൂക്തം നമുക്ക് വ്യക്തമാക്കിത്തരുന്നു എന്ന് സൂചിപ്പിച്ചുവല്ലോ. നബിﷺ എല്ലാ കാലത്തും ഈ ലോകത്ത് ജീവിച്ചിരുന്നുവെന്ന ചിലരുടെ വാദം മുകളിൽ കൊടുത്ത ക്വുർആൻ സൂക്തത്തിന് വിരുദ്ധമല്ലേ? വായനക്കാർ ചിന്തിക്കുക. നബിﷺ എല്ലാ കാലത്തും ജീവിച്ചിരുന്ന ആളായിരുന്നുവെങ്കിൽ 'ഈ വാർത്ത നിനക്ക് ഇതിനു മുമ്പ് അറിവില്ലായിരുന്നു'വെന്ന് അല്ലാഹു നബിയോട് പറയുമായിരുന്നോ?

നൂഹ്ﷺ കപ്പലിൽ ഉണ്ടായിരുന്നപ്പോൾ അദ്ദേഹത്തിന്റെ കൂടെ ശൈഖ് ജീലാനി ഉണ്ടായിരുന്നുവെന്നും വെള്ളപ്പൊക്കം ഉണ്ടായപ്പോൾ കപ്പൽ അദ്ദേഹത്തിന്റെ കയ്യിലായിരുന്നുവെന്നുമൊക്കെയുള്ള കള്ളക്കഥകൾ പ്രചരിപ്പിക്കുന്നവർ നമ്മുടെ സമൂഹത്തിലുണ്ട്. ഇതെല്ലാം കെട്ടുകഥകൾ മാത്രമാണ്.

നൂഹ്ﷺന്റെ ചരിത്രം ഉൾക്കൊണ്ട് ഗുണകാംക്ഷയോടെയും സ്നേഹത്തോടെയും ജനങ്ങൾക്ക് തൗഹീദിന്റെ മാർഗം കാണിച്ചുകൊടുക്കുവാൻ വിശ്വാസികൾ തയ്യാറാവണം. ●


## സൃഷ്ടികൾ ക്ഷണിക്കുന്നു

'നേർപഥ'ത്തിലേക്ക് സൃഷ്ടികൾ ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. സ്വഹീഹായ ഹദീഥുകൾ മാത്രം ഉദ്ധരിക്കുകയും അതിന്റെ സ്രോതസ്സ് വ്യക്തമാക്കുകയും വേണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, EKP Building, Kallai Road Kozhikode, PIN 673002, Phone: 0495 4019437
mail@nerpatham.com, www.nerpatham.com

മൂസ സ്വലാഹി, കാര
mail@nerpatham.com

ലേഖനം




# ഹദീഥിന്റെ പ്രാമാണികത

'ഹദീഥിന്റെ പ്രാമാണികത' എന്ന വിഷയം ആധുനികരും പൗരാണികരുമായ ഹദീഥ് പണ്ഡിതന്മാർക്കിടയിൽ ഏറെ പഠനങ്ങൾക്കും ചർച്ചകൾക്കും വിഷയീഭവിച്ചിട്ടുള്ളതാണ്. ക്വുർആനിന്റെയും സുന്നത്തിന്റെയും അടിസ്ഥാനത്തിൽ അവർ നടത്തിയിട്ടുള്ള പഠനങ്ങളുടെയും ചർച്ചകളുടെയും ഫലമായി നബിﷺക്ക് വഹ്‌യിലൂടെ നൽകപ്പെട്ട ഹദീഥുകളോട് ഏതൊരു നിപാടാണ് മുസ്‌ലിം ഉമ്മത്ത് സ്വീകരിക്കേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സ്ഥിരപ്പെട്ടു വന്ന ഹദീഥുകൾക്ക് നേരെ പണ്ഡിതന്മാരാണെന്ന് പറയുന്ന ചിലരെങ്കിലും നിഷേധാത്മകമായ നിലപാട് വെച്ചുപുലർത്തുന്നത് അവരുടെ പാണ്ഡിത്യത്തിൽ സംശമുളവാക്കുന്നതാണെന്ന് പറയേണ്ടിയിരിക്കുന്നു. ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളിലൊന്നായ ഹദീഥുകളെ പരസ്യമായി നിഷേധിക്കുന്ന അൽപജ്ഞാനികൾ പൊടിതട്ടിയെടുക്കാൻ താൽപര്യപ്പെടുമ്പോൾ ഹദീഥുകളെ പ്രമാണമായി അംഗീകരിക്കുന്നേടത്ത് മുസ്‌ലിം സമുദായം അനിവാര്യമായി ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കട്ടെ.

1. നബിﷺ പറഞ്ഞ ഹദീഥുകൾ വ്യക്തമായ വഹ്‌യ് (ദിവ്യബോധനം) തന്നെയാണ്. അല്ലാഹു പറയുന്നു: "അദ്ദേഹം തന്നിഷ്ട പ്രകാരം സംസാരിക്കുന്നുമില്ല. അത് അദ്ദേഹത്തിന് ദിവ്യസന്ദേശമായി നൽകപ്പെടുന്ന ഒരു ഉത്ബോധനം മാത്രമാകുന്നു" (ക്വുർആൻ 53:3,4).

ഇബ്നു കഥീർ(റഹി) പറഞ്ഞു: "അതായത് അദ്ദേഹം തന്നിഷ്ടപ്രകാരമോ, തോന്നിയതു പോലെയോ പറയുന്നില്ല. നിശ്ചയം അദ്ദേഹത്തോട് കൽപിക്കപ്പെട്ടത് ഒന്നും കൂട്ടി ചേർക്കാതെ, കുറച്ചു കളയാതെ പരിപൂർണമായിത്തന്നെ ജനങ്ങളിലേക്ക് എത്തിച്ചിരിക്കുന്നു" (ഇബ്നു കഥീർ 4/1787).

അബ്ദുറഹ്മാനുബ്നു നാസിറുസ്സഅദി‍ؒ പറഞ്ഞു: "അതായത് അദ്ദേഹം തന്നിഷ്ട പ്രകാരം സംസാരിച്ചതല്ല. അല്ലാഹു വഹ്‌യിലൂടെ നൽകിയതായ സൂക്ഷ്മതയും സൻമാർഗവുമല്ലാതെ അദ്ദേഹം പിൻപറ്റിയിരുന്നില്ല. അവിടുത്തെ വാക്ക് തന്നിഷ്ട പ്രകാരമല്ല മറിച്ച്, വഹ്‌യായി നൽകിയതിൽ നിന്നാണ്" (തഫ്സീറുസ്സഅ്ദി 2/874,875).

നബിﷺയുടെ ഹദീഥുകളിൽ നിന്നും ഈ കാര്യം വ്യക്തമാണ്. മിഖ്ദാദ്ؓവിൽ നിന്ന് നിവേദനം. നബിﷺ പറഞ്ഞു: "അറിയുക; നിശ്ചയം, എനിക്ക് കിതാബും (ക്വുർആൻ) അതിന്റെ കൂടെ അത് പോലുള്ളതും നൽകപ്പെട്ടിരിക്കുന്നു" (അബൂദാവൂദ് 4604).

2. നബിﷺ അദ്ദേഹത്തിന്റെ സമുദായത്തെ ഹദീഥുകൾ പഠിപ്പിച്ചിരിക്കുന്നു.

അല്ലാഹു പറയുന്നു: "തീർച്ചയായും സത്യവിശ്വാസികളിൽ അവരിൽ നിന്ന് തന്നെയുള്ള ഒരു ദൂതനെ നിയോഗിക്കുക വഴി അല്ലാഹു മഹത്തായ അനുഗ്രഹമാണ് അവർക്ക് നൽകിയിട്ടുള്ളത്.

അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ അവർക്ക് ഓതിക്കേൾപിക്കുകയും അവരെ സംസ്കരിക്കുകയും അവർക്കു ഗ്രന്ഥവും (കിതാബ്) ജ്ഞാനവും (ഹിക്മത്) പഠിപ്പിക്കുകയും ചെയ്യുന്ന (ഒരു ദൂതനെ). അവരാകട്ടെ മുമ്പ് വ്യക്തമായ വഴികേടിൽ തന്നെയായിരുന്നു" (ക്വുർആൻ 3:164).

ഇബ്നു കഥീർ(റഹി) പറഞ്ഞു: "ഇവിടെ കിതാബ്, ഹിക്മത്ത് എന്നത് ക്വുർആനും, സുന്നത്തുമാണ്" (ഇബ്നു കഥീർ 1/384).

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅദി(റഹി) പറഞ്ഞു: "കിതാബ് എന്നാൽ ക്വുർആനും ഹിക്മത് എന്നാൽ ക്വുർആനിന്റെ കൂടപ്പിറപ്പായ സുന്നത്തുമാണ്" (തഫ്സീറുസ്സഅദി 1/359).

3. അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കുക എന്നാൽ ക്വുർആനും സുന്നത്തും അനുസരിക്കുക എന്നാണ്.

അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെയും അവന്റെ ദൂതനെയും അനുസരിക്കുക. നിങ്ങളിൽ നിന്നുള്ള കൈകാര്യകർത്താക്കളെയും അനുസരിക്കുക. ഇനി വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാകുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ (അതാണ് വേണ്ടത്). അതാണ് ഉത്തമവും കൂടുതൽ നല്ല പര്യവസാനമുള്ളതും" (4:59).

ഇബ്നു കഥിർ(റഹി) പറഞ്ഞു: "നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുക എന്നാൽ അവന്റെ കിതാബിനെ പിൻപറ്റുക എന്നാണ്. റസൂലിനെ അനുസരിക്കുക എന്നാൽ അവിടുത്തെ സുന്നത്തിനെ സ്വീകരിക്കുക എന്നാണ്. മതകാര്യങ്ങളിൽ ഏത് പ്രശ്നമുണ്ടായാലും അതിനെ നിങ്ങൾ ക്വുർആനിലേക്കും സുന്നത്തിലേക്കും മടക്കണമെന്ന അല്ലാഹുവിൽ നിന്നുള്ള കൽപന കൂടിയാണിത്. നിങ്ങളിലുള്ള തർക്കങ്ങളെയും അറിവില്ലായ്മയെയും മടക്കേണ്ടത് അല്ലാഹുവിന്റെ കിതാബിലേക്കും റസൂലിന്റെ സുന്നത്തിലേക്കുമാണ്"(ഇബ്നു കഥീർ 1/470).

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅദി(റഹി) പറഞ്ഞു: നിശ്ചയം മതം നിലനിൽക്കുന്നത് അല്ലാഹുവിന്റെ കിതാബിൻമേലും, റസൂലിന്റെ സുന്നത്തിൻമേലുമാണ്. ഇത് രണ്ടുമില്ലാതെ വിശ്വാസം ശരിയാവുകയില്ല. ഇവ രണ്ടിലേക്കുമുള്ള മടക്കം വിശ്വാസത്തിന്റെ ഭാഗമാണ്. മതകാര്യങ്ങളിലെ പ്രശ്നങ്ങൾ ഇവ രണ്ടിലേക്കും മടക്കാത്തവൻ യഥാർഥ വിശ്വാസമുൾക്കൊണ്ടവനല്ല. മറിച്ച് ദുർമൂർത്തികളിൽ വിശ്വസിക്കുന്നവനാണ്(തഫ്സീറുസ്സസഅ്ദി 1/431).

അബൂഹുറയ്റ(رضي الله عنه)വിൽ നിന്ന് നിവേദനം. നബി(ﷺ) പറഞ്ഞു: "എന്റെ സമുദായത്തിലെ എല്ലാവരും സ്വർഗത്തിൽ പ്രവേശിക്കും; വിസമ്മതം കാണിച്ചവർ ഒഴികെ." അവർ (അനുചരന്മാർ) ചോദിച്ചു: "അല്ലാഹുവിന്റെ റസൂലേ, ആരാണ് വിസമ്മതം കാണിച്ചവർ?" അവിടുന്ന് പറഞ്ഞു: "എന്നെ അനുസരിച്ചവൻ സ്വർഗത്തിൽ പ്രവേശിക്കും. എന്നെ ധിക്കരിച്ചവൻ ആരോ തീർച്ചയായും അവനാണ് വിസമ്മതം കാണിച്ചവൻ" (ബുഖാരി/7680).

4. നബി(ﷺ)യുടെ ഹദീഥുകൾ പരിശുദ്ധ ക്വുർആനിന്റെ വിശദീകരണമാണ്.

അല്ലാഹു പറയുന്നു: "വ്യക്തമായ തെളിവുകളും വേദഗ്രന്ഥങ്ങളുമായി (അവരെ നാം നിയോഗിച്ചു). നിനക്ക് നാം ഉദ്ബോധനം അവതരിപ്പിച്ചു തന്നിരിക്കുന്നു. ജനങ്ങൾക്കായി അവതരിപ്പിക്കപ്പെട്ടത് നീ അവർക്ക് വിവരിച്ചുകൊടുക്കാൻ വേണ്ടിയും അവർ ചിന്തിക്കാൻ വേണ്ടിയും" (ക്വുർആൻ 16:44).

"അവർ ഏതൊരു കാര്യത്തിൽ ഭിന്നിച്ച് പോയിരിക്കുന്നുവാ, അതവർക്ക് വ്യക്തമാക്കിക്കൊടുക്കുവാൻ വേണ്ടിയും വിശ്വസിക്കുന്ന ജനങ്ങൾക്ക് മാർഗദർശനവും കാരുണ്യവും ആയിക്കൊണ്ടും മാത്രമാണ് നിനക്ക് നാം വേദഗ്രന്ഥം അവതരിപ്പിച്ച് തന്നത്" (ക്വുർആൻ 16:64).

ഇമാം ശാഫിഈ(റഹി) പറഞ്ഞു: "നബി(ﷺ) വിധിച്ചതായ മുഴുവൻ കാര്യങ്ങളും അവിടുന്ന് ക്വുർആനിൽ നിന്ന് ഗ്രഹിച്ചതാണ്"(ഇബ്നു കഥീർ 1/12).

ഇമാം അഹ്മദ്ബ്നു ഹമ്പൽ(റഹി) പറഞ്ഞു: "സുന്നത്തെന്നത് ക്വുർആനിന്റെ വിശദീകരണവും അതിന്റെ തെളിവുകളുമാണ്" (ശറഹ് ഉസ്വൂലിസ്സുന്ന: 46)

ക്വുർആനിന് എങ്ങനെ വിശദീകരണം നൽകണമെന്ന് പറയുന്നേടത്ത് ഇമാം ഇബ്നു കഥീർ(റഹി) പറഞ്ഞു: "ക്വുർആൻ കൊണ്ട് ക്വുർആനിനെ വിശദീകകരിക്കാൻ നിനക്ക് സാധിക്കാതെ വന്നാൽ നിന്റെ മേൽ സുന്നത്തുണ്ട്. അത് ക്വുർആനിനുള്ള വിശദീകരണവും അതിനെ വ്യക്തമാക്കിത്തരുന്നതുമാണ്" (ഇബ്നു കഥീർ 1/12).

5. നബി(ﷺ)യുടെ സുന്നത്തുകൾ പിന്തുടരാനുള്ളതാണ്.

അല്ലാഹു പറയുന്നു: "തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ ഉത്തമമായ മാതൃകയുണ്ട്. അതായത് അല്ലാഹുവെയും അന്ത്യദിനത്തെയും പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയും അല്ലാഹുവെ ധാരാളമായി ഓർമിക്കുകയും ചെയ്തു വരുന്നവർക്ക്" (ക്വുർആൻ 33:21).

ഹുദൈഫ(رضي الله عنه)വിൽ നിന്ന് നിവേദനം. നബി(ﷺ) പറഞ്ഞു: "നിശ്ചയം, മനുഷ്യഹൃദയങ്ങളുടെ മുരടിലേ

ക്ക് ആകാശത്തുനിന്ന് അമാനത്ത് ഇറങ്ങിയിരിക്കുന്നു. നിങ്ങൾ ക്വുർആൻ പഠിക്കുകയും സുന്നത്ത് മനസ്സിലാക്കുകയും ചെയ്യുക" (ബുഖാരി: 7276).

ഇബ്നു ഔൻ ﷺ പറഞ്ഞു: മൂന്ന് കാര്യങ്ങൾ എനിക്കും എന്റെ സഹോദരങ്ങൾക്കും ഞാനിഷ്ടപ്പെടുന്നു. സുന്നത്തിനെ അറിയുകയും അതിനെക്കുറിച്ച് ചോദിക്കുകയും ചെയ്യുക. ക്വുർആനിനെ ഉൾക്കൊള്ളുകയും ജനങ്ങളോട് അതിനെക്കുറിച്ച് ചോദിക്കുകയും ചെയ്യുക. ജനങ്ങളെ നന്മയിലേക്ക് ക്ഷണിക്കുക" (ബുഖാരി).

അബ്ദുല്ലാഹിബ്നു ഉമർ ﷺ വിൽ നിന്ന് നിവേദനം. അദ്ദേഹം അബ്ദുൽ മാലിക്ബ്നു മർവാന് ബൈഅത്ത് ചെയ്ത് കൊണ്ട് ഇപ്രകാരം എഴുതി: 'എനിക്ക് സാധ്യമാകും വിധം അല്ലാഹുവിന്റെ കിതാബിലും റസൂൽ ﷺ യുടെ ചര്യയിലും അനുസരണവും കേൾവിയും ഞാൻ താങ്കൾക്കായി അംഗീകരിച്ചിരിക്കുന്നു" (ബുഖാരി: 7272).

ഇമാം ബുഖാരി(റഹി) തന്റെ സ്വഹീഹിൽ ഒരു അധ്യായത്തിന് നൽകിയ പേര് 'ക്വുർആനും സുന്നത്തും മുറുകെ പിടിക്കൽ' എന്നാണ്. ഇമാം മുസ്ലിം(റഹി) തന്റെ സ്വഹീഹിൽ അറിവുമായി ബന്ധപ്പെട്ട് പറയുന്ന അധ്യായത്തിൽ ഇമാം നവവി(റഹി) നൽകിയ ഒരു തലവാചകം ഇങ്ങനെ കാണാം: 'ഒരാൾ നല്ലതോ ചീത്തയോ ആയ ചര്യ നടപ്പിലാക്കൽ അല്ലെങ്കിൽ ഒരാൾ സൻമാർഗത്തിലേക്കോ ദുർമാർഗത്തിലേക്കോ ക്ഷണിക്കൽ.' ഇമാം അബൂദാവൂദ്(റഹി) തന്റെ സുനനിൽ സുന്നത്തുമായി ബന്ധപ്പെട്ട അധ്യായത്തിൽ 'സുന്നത്തിന്റെ വിവരണം,' 'സുന്നത്തിന്റെ അനിവാര്യത,' 'സുന്നത്തിലേക്കുള്ള ക്ഷണം' എന്നിങ്ങനെ കൊടുത്തതായി കാണാം. ഇമാം തുർമുദി(റഹി) തന്റെ ജാമിഇൽ അറിവിനെക്കുറിച്ച് പറയുന്നേടത്ത് 'സുന്നത്ത് വെടിയൽ' എന്ന് പറഞ്ഞതായി കാണാം. ഇമാം നസാഈ തന്റെ സുനനിൽ മതവിധി പറയുന്നവരുടെ മര്യാദകൾ എന്ന അധ്യായത്തിൽ 'ക്വുർആനും സുന്നത്തും അവലംബിക്കണ'മെന്ന് ബോധ്യപ്പെടുത്തിയതായി കാണാം. ഇമാം ഇബ്നു മാജ (റഹി) തന്റെ സുനനിൽ സുന്നത്ത് എന്ന അധ്യായത്തിൽ 'നബി ﷺ യുടെ സുന്നത്ത് പിൻപറ്റുക, നബി ﷺ യുടെ ഹദീഥിനെ ആദരിക്കുക, അതിനെതിരാകുന്നവരെ വെറുക്കുക' എന്ന് ഉണർത്തിയതായി കാണാം. ഇമാം അഹ്മദ്ബ്നു ഹമ്പൽ(റഹി) തന്റെ ഉസ്വൂലുസ്സുന്ന എന്ന ഗ്രന്ഥത്തിൽ 'നമ്മുടെ അടുക്കൽ സുന്നത്ത് എന്നാൽ നബി ﷺ യുടെ ഹദീഥുകളാണ്' എന്ന് പറഞ്ഞിരിക്കുന്നു. ചുരുക്കത്തിൽ ഈ പണ്ഡിതന്മാരെല്ലാം അവരുടെ വാക്കുകളിലൂടെ വ്യക്തമാക്കി തരുന്നു; നബി ﷺ യുടെ ചര്യ പിൻപറ്റാനും മുറുകെ പിടിക്കാനുള്ളതുമാണ്, തള്ളിക്കളയാനോ, മാറ്റി നിർത്താനോ ഉള്ളതല്ല എന്ന്.

6. സ്വഹീഹായ ഹദീഥുകൾ അംഗീകരിക്കൽ നിർബന്ധം, അവയെ ധിക്കരിക്കൽ അപരാധം.

അല്ലാഹു പറയുന്നു: "ഇല്ല, നിന്റെ രക്ഷിതാവിനെത്തന്നെയാണ് സത്യം; അവർക്കിടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധികർത്താവാക്കുകയും നീ വിധികൽപിച്ചതിനെപ്പറ്റി പിന്നീടവരുടെ മനസ്സുകളിൽ ഒരു വിഷമവും തോന്നാതിരിക്കുകയും അത് പൂർണമായി സമ്മതിച്ച് അനുസരിക്കുകയും ചെയ്യുന്നതുവരെ അവർ വിശ്വാസികളാവുകയില്ല" (ക്വുർആൻ 4:65).

ഇമാം ഇബ്നുകഥീർ(റഹി) ഇതിന്റെ വിശദീകരണത്തിൽ പറഞ്ഞു: "...നിങ്ങളിൽ ഒരാളും പരിപൂർണ വിശ്വാസിയാവുകയില്ല; മുഴുവൻ കാര്യങ്ങളിലും റസൂൽ ﷺ യെ വിധികർത്താവായി സ്വീകരിക്കുന്നത് വരെ. അവിടുന്ന് വിധിച്ചിട്ടുള്ളതെന്തും സത്യമാണ്. പ്രത്യക്ഷമായും പരോക്ഷമായും അതിന് കീഴ്പെടൽ നിർബന്ധവുമാണ്"(തഫ്സീർ ഇബ്നു കഥീർ 1:471).

"മത കാര്യങ്ങളിലുള്ള ഏകോപനം ക്വുർആനും സുന്നത്തും അവലംബിക്കുന്നതിലൂടെയല്ലാതെ ഉണ്ടാവുകയില്ല" (തഫ്സീറുസ്സഅദി 1/434).

അല്ലാഹു പറയുന്നു: "അല്ലാഹുവും അവന്റെ റസൂലും ഒരു കാര്യത്തിൽ തീരുമാനമെടുത്ത് കഴിഞ്ഞാൽ സത്യവിശ്വാസിയായ ഒരു പുരുഷന്നാകട്ടെ, സ്ത്രീക്കാകട്ടെ തങ്ങളുടെ കാര്യത്തെ സംബന്ധിച്ച് സ്വതന്ത്രമായ അഭിപ്രായം ഉണ്ടായിരിക്കാവുന്നതല്ല. വല്ലവനും അല്ലാഹുവെയും അവന്റെ ദൂതനെയും ധിക്കരിക്കുന്ന പക്ഷം അവൻ വ്യക്തമായ നിലയിൽ വഴിപിഴച്ചു പോയിരിക്കുന്നു" (ക്വുർആൻ 33:36).

ഇബ്നു കഥീർ(റഹി) പറഞ്ഞു: "ഈ വചനം പൊതുവായി എല്ലാ കാര്യങ്ങൾക്കുമുള്ളതാണ്. എന്തെന്നാൽ അല്ലാഹുവും റസൂലും ഒരു കാര്യം വിധിച്ചാൽ അതിനെതിരാകലോ മറ്റൊന്ന് തെരഞ്ഞെടുക്കലോ (മറ്റൊരു) അഭിപ്രായമോ, വാക്കോ ഒരാളിലും പാടില്ല" (ത്ഫ്സീർ ഇബ്നു കഥീർ 3/641).

ഇമാം അഹ്മദ്ബ്നു ഹമ്പൽ(റഹി) പറഞ്ഞു: "അനിവാര്യമായ സുന്നത്തിൽ പെട്ടതാണ്, 'അതിലൊന്നിൽ ആരെങ്കിലും വിശ്വസിക്കാതിരിക്കുകയോ, സ്വീകരിക്കാതിരിക്കുകയോ, ഉപേക്ഷിക്കുകയോ ചെയ്താൽ അവൻ അതിൽ പെട്ടവനല്ല' എന്നത്. ഹദീഥിന്റെ വിശദീകരണം ഒരാൾക്ക് അറിയുന്നില്ല, അവന്റെ ബുദ്ധി അത് കണ്ടെത്തുന്നുമില്ല എങ്കിൽ നിശ്ചയം അവന് ലഭിച്ചത് കൊണ്ട് വിധിക്കണം. അവന്റെ മേൽ (സുന്നത്തിൽ) വിശ്വസിക്കലും കീഴ്പെടലും നിർബന്ധമാണ്" (ശറഹു ഉസ്വൂലുസ്സുന്ന, പേജ്:53).

അൽഫിയ മെഹർ
mail@nerpatham.com

ലേഖനം




# മക്കളെ വളർത്തുമ്പോൾ...

അലക്ഷ്യമായ ജീവിതം.
ലക്ഷ്യബോധമില്ലാത്ത യുവത.
ശാന്തി തേടുന്ന മനസ്സുകൾ...
തുടങ്ങിയ വാചകങ്ങൾ കാണുമ്പോൾ
എന്നെക്കുറിച്ചാണല്ലോ,
ഞങ്ങളെക്കുറിച്ചാണല്ലോ
എന്ന തോന്നൽ മനസ്സിൽ വരുന്നുണ്ടോ?
എങ്കിൽ ഇത് നിങ്ങളെക്കുറിച്ചാണ്.
എന്നെക്കുറിച്ചാണ്.
മുസ്‌ലിം സമുദായത്തെക്കുറിച്ചാണ്.
ഭൗതിക വിദ്യാഭ്യാസ രംഗത്ത്,
ശാസ്ത്ര, സാങ്കേതിക രംഗത്ത്
മനുഷ്യൻ കുതിച്ചുപായുകയാണ്.
ഒരിക്കലും സാധിക്കില്ലെന്ന്
ഒരിക്കൽ മനുഷ്യർ പറഞ്ഞ പലതും
ഇന്ന് സാധിച്ചെടുത്തു കഴിഞ്ഞു.
ചൊവ്വയിൽ പോലും ചേക്കേറാൻ
അവൻ തയ്യാറെടുപ്പിലാണ്!
ചെറിയ കുട്ടികൾ പോലും
സോഷ്യൽ മീഡിയകളിൽ സജീവമാണ്.

മാതാവിനെ, പിതാവിനെ,
നാടിനെ, സമൂഹത്തെ പോലും
തിരുത്താനും വിസ്മയിപ്പിക്കാനും
കഴിവും വിധത്തിൽ
നമ്മുടെ മക്കൾ പഠന രംഗത്ത്
മുന്നോട്ട് പായുകയാണ്.
എഞ്ചിനിയറിംഗിന് പഠിക്കുന്നുവർ,
ഡോക്ടറാവാൻ പഠിക്കുന്നവർ,
ശാസ്ത്രജ്ഞരാവാൻ ശ്രമിക്കുന്നവർ
അങ്ങനെയങ്ങനെ...
എങ്കിലും...
എന്തോ നഷ്ടപ്പെട്ടത് പോലെ.
ഒരു സമാധാനമില്ലായ്മ!
സമാധാനത്തിന്റെ കൂടാരമാവേണ്ട വീടുകളിൽ
അസമാധാനം നിറഞ്ഞാടുന്നു.
മക്കളെക്കുറിച്ചോർക്കുമ്പോൾ
മാതാപിതാക്കളുടെ മനസ്സുകളിൽ
ഭയം കുമിഞ്ഞുകൂടുന്നു.
എഞ്ചിനീയറായി പടികടന്നു വരുന്ന മകൻ,
ഡോക്ടറായി പേരെടുത്ത മകൾ...
അവരുടെ സംസാരത്തിൽ,
പെരുമാറ്റത്തിൽ, പ്രകൃതത്തിൽ
വല്ലാത്തൊരു മാറ്റം, പരുഷത.
ഒച്ചയും ബഹളവും പതിവായി.
തന്നിഷ്ടങ്ങൾ മതിയെന്നായി.
ജീവിത പങ്കാളിയെ
തെരഞ്ഞെടുക്കുന്നതിൽ
മാതാപിതാക്കൾ ഇടപെടേണ്ടെന്നായി,
മതവും സംസ്കാരവും നോക്കേണ്ടെന്നായി.
'അവൾ' 'അവന്റെ' കൂടെ ഇറങ്ങിപ്പോയി.
'അവൻ' 'അവളെ' കൂട്ടിക്കൊണ്ടുവന്നു.
പൊലീസ് സ്റ്റേഷനിലും
കോടതി വരാന്തയിലും
വാഗ്വാദങ്ങൾ മുഴങ്ങി.
കരച്ചിൽ...കണ്ണുനീർ...
അവന്റെ കൂടെ അവൾ
മാളികയിൽനിന്ന് കുടിലിലേക്ക്...
വളർത്തി വലുതാക്കിയവരുടെ
സ്വപ്നങ്ങൾ ജലരേഖയായി മാറുന്നു.
ആർക്ക് വേണ്ടി ജീവിതത്തിൽ
കഷ്ടപ്പെട്ടുവോ അവരാൽ
കയ്യൊഴിക്കപ്പെടുമ്പോഴുള്ള
ഹൃദയവേദന എത്ര ഭയാനകം!
മക്കളെ വിളിച്ചുരുന്നു...പലരും...
ക്വുർആൻ പഠന ക്ലാസ്സിലേക്ക്...
മതപഠന വേദിയിലേക്ക്...
ജീവിത ലക്ഷ്യം ഗ്രഹിക്കാൻ,
മാതാപിതാക്കളെ
അനുസരിക്കേണ്ടതിന്റെയും
സ്നേഹിക്കേണ്ടതിന്റെയും
ആവശ്യകതയും കടമകളും
മനസ്സിലാക്കാൻ...
അപ്പോൾ മാതാപിതാക്കൾ
പറഞ്ഞു: 'അവൾ ബിസിയാണ്,'
'അവന് ഏറെ പഠിക്കാനുണ്ട്.'
മാതാവിനോടും പിതാവിനോടുമുള്ള,
സ്രഷ്ടാവിനോടും പ്രവാചകനോടുമുള്ള
കടമകളെന്തെന്ന് ഗ്രഹിക്കാൻ,
അനുസരിക്കേണ്ടതിന്റെ
ആവശ്യകതയറിയാൻ
അവൾക്ക്, അവന് അവസരം
നിഷേധിച്ചത് മാതാപിതാക്കൾ
തന്നെയാണ്.
അവൾ എഞ്ചിനീയറാകനുള്ള തിരക്കിലാണ്.
അവൻ ഡോക്ടറാകാനുള്ള പഠിപ്പിലാണ്.
അതിനിടക്കാണോ നിങ്ങളുടെ
ക്വുർആൻ ക്ലാസ്സും....?
പുച്ഛമായിരുന്നു ആ ഒച്ചയിൽ.
ഇന്നിപ്പോൾ അതോർത്ത്
സങ്കടപ്പുഴയിൽ മുങ്ങുകയാണ്.
ചിന്തിക്കുക.
ഇന്ന് ഈ അവസ്ഥ അയൽവാസിയുടെ
വീട്ടിലെങ്കിൽ നാളെ...നമ്മുടെ...?
ഇല്ല, ആകില്ല; ആകരുത്.
അതിനായി ബോധപൂർവം
പരിശ്രമക്കുക.
മക്കൾക്ക് ധാർമികമ ബോധം
പകർന്നു നൽകുക.
യഥാർഥ ജീവിതലക്ഷ്യമെന്തെന്ന്
പഠിപ്പിക്കുക.
അഭിമാനമായി മക്കൾ മാറട്ടെ.
അപമാനം വരുത്താതിരിക്കട്ടെ.

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com

ലേഖനം



# നന്ദിയുള്ളവരായി ജീവിക്കുക

സർവലോക രക്ഷിതാവ് മാനവസമൂഹത്തിന് ചെയ്ത് കൊടുത്ത അനുഗ്രഹങ്ങളെ ഇഹലോകത്ത് ലഭിക്കുന്ന ഏതെങ്കിലും ഒരു അളവ്കോൽ ഉപയോഗിച്ച് അളക്കുവാൻ സാധ്യമല്ല. പരമകാരുണികനായ രക്ഷിതാവ് മനുഷ്യർക്ക് ചെയ്തുകൊടുത്ത അനുഗ്രഹങ്ങൾ ആപേക്ഷികമാണ്. ഒരാൾക്ക് ലഭിച്ച അറിവ്, സമ്പത്ത്, ആരോഗ്യം, ആയുസ്സ് തുടങ്ങി ഓരോ അനുഗ്രവും മറ്റൊരാളെ സംബന്ധിച്ചിടത്തോളം അയാൾക്ക് കുറഞ്ഞോ കൂടിയോ ഇരിക്കും. എന്നാൽ ഇസ്‌ലാം എന്ന ഏറ്റവും ഉന്നതമായ, പവിത്രമായ അനുഗ്രഹം അത് മാത്രം അല്ലാഹു മാനവകുലത്തിന് പൂർത്തിയാക്കിക്കൊടുക്കുകയുണ്ടായി. അല്ലാഹു പറയുന്നു:

“ഇന്ന് നിങ്ങൾക്ക് നിങ്ങളുടെ മതം ഞാൻ പൂർത്തിയാക്കിത്തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്‌ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ടു തന്നിരിക്കുന്നു” (ക്വുർആൻ 5:3).

ആ മഹോന്നതമായ ആദർശത്തെ അറിയാനും അനുഭവിക്കാനും സാധിച്ചവരാണല്ലോ വിശ്വാസികൾ. ആ വിശ്വാസിക്ക് തന്റെ നാഥനിൽ നിന്നും ലഭിച്ച മഹത്തായ ഈ അനുഗ്രഹത്തിന് എന്താണ് പകരം വെക്കാനുള്ളത്?

വിശുദ്ധ ക്വുർആൻ, തങ്ങൾക്ക് ലഭിച്ച അനുഗ്രങ്ങൾക്ക് നന്ദിചെയ്യണമെന്ന് നിരവധി സ്ഥലങ്ങളിൽ മനുഷ്യരോട് ആഹ്വാനം ചെയ്യുന്നത് കാണാൻ സാധിക്കും. ചില കാര്യങ്ങൾ പറഞ്ഞതിനു ശേഷം ‘നിങ്ങൾ നന്ദിയുള്ളവരായേ

ക്കാം,' അതല്ലെങ്കിൽ നിങ്ങൾ 'നന്ദിയുള്ളവരാകുന്നതിനുവേണ്ടി' എന്നിങ്ങനെയുള്ള പ്രയോഗങ്ങളും നമുക്ക് ക്വുർആനിൽ കാണാം. നാഥൻ ചെയ്ത അനുഗ്രഹങ്ങൾക്ക് നന്ദികാണിക്കാനുള്ള കൽപനകളും നിർദേശങ്ങളും വിശുദ്ധ ക്വുർആനിലും പ്രവാചകവചനങ്ങളിലും നിറഞ്ഞുകിടക്കുകയാണ്.

എന്താണ് നന്ദിചെയ്യുക എന്ന് പറഞ്ഞാൽ? എങ്ങനെയാണ് നന്ദികാണിക്കേണ്ടത്? മുൻഗാമികളായ പണ്ഡിതർ 'ശുക്റ്' എന്നതിന് വ്യത്യസ്തങ്ങളായ വ്യാഖ്യാനങ്ങൾ നൽകിയിട്ടുണ്ട്. അവയിൽ വളരെ പ്രസക്തമായ ഒരു വ്യഖ്യാനം ശ്രദ്ധിക്കുക:

"അല്ലാഹു നൽകിയ അനുഗ്രഹങ്ങൾക്ക് നന്ദി പ്രകടിപ്പിക്കുകയെന്നത് അവന്റെ അടിമയുടെ നാവുകൊണ്ട് അല്ലാഹുവിനെ പ്രകീർത്തിക്കുകയും ലഭിച്ച അനുഗ്രഹങ്ങൾ നന്ദിപൂർവം എടുത്ത് പറയുകയും ചെയ്യലാണ്. അവന്റെ ഹൃദയം കൊണ്ട് നന്ദികാണിക്കുക എന്നത് അവൻ അതിന് സാക്ഷിയാവുകയും അതായത് അനുഭവിക്കുകയും അതിയായ ഇഷ്ടം പ്രകടിപ്പിക്കുകയും ചെയ്യുക എന്നതാണ്. അവന്റെ അവയവം കൊണ്ട് നന്ദികാണിക്കുക എന്നത് അവൻ (സത്യത്തിൽ) ഉറച്ച് നിൽക്കുകയും (അല്ലാഹുവിനെ) അനുസരിക്കുകയും ചെയ്യുക എന്നതാണ്" (ഇബ്നുൽ ഖയ്യിം, മദാഹിബുസ്സാബികീൻ).

അല്ലാഹുവിന്റെ അനുഗ്രഹം ലഭിക്കുമ്പോൾ അവനെ സ്തുതിക്കുകയും 'എനിക്ക് നാഥൻ ഇന്നയിന്ന അനുഗ്രഹങ്ങൾ നൽകി' എന്ന് എടുത്ത് പറയുകയും ചെയ്യണം. അതാണ് ഒരാൾ നാവിലൂടെ ചെയ്യുന്ന ശുക്റ്. ഞാനിന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങൾ എനിക്കെന്റെ റബ്ബ് ചെയ്തുതന്ന അനുഗ്രഹമാണല്ലോ എന്ന് ഓർത്ത് റബ്ബിനോട് അടങ്ങാത്ത സ്നേഹം വെച്ചു പുലർത്തുകയെന്നതാണ് ഹൃദയം കൊണ്ട് നന്ദികാണിക്കൽ.

റബ്ബ് പറഞ്ഞതിൽനിന്ന് ഒരിഞ്ചുപോലും പിന്നോട്ട് പോകാതെ ഏത് പ്രതിസന്ധി ഘട്ടത്തിലും ഉറച്ചു നിൽക്കുക, അല്ലാഹു വിരോധിച്ചത് ചെയ്യാതിരിക്കുകയും അവൻ കൽപിച്ചത് എത്ര ക്ലേശമനുഭവിച്ചാലും അത് പ്രവർത്തിക്കുകയും നിലനിർത്തുകയും ചെയ്യുക, കിട്ടിയ അനുഗ്രഹങ്ങൾ അല്ലാഹുവിന് ഇഷ്ടമുള്ള കാര്യങ്ങളിൽ മാത്രം വിനിയോഗിക്കുകയും ചെയ്യുക എന്നതെല്ലാം അവയവങ്ങളിലൂടെയുള്ള നന്ദി പ്രകടിപ്പിക്കലാണ്.

നമുക്ക് അല്ലാഹുവിന്റെ അടുക്കൽ നിന്ന് അനുഗ്രഹങ്ങൾ ലഭിച്ചിരിക്കുന്നു എന്ന ബോധമാണ് മനുഷ്യരിൽ ആദ്യമായി ഉണ്ടാവേണ്ടത്. അത് എന്റെ നാഥനിൽ നിന്ന് മാത്രമാണെന്ന ബോധം ഉണ്ടാകുമ്പോഴാണ് താഴ്മയും വിനയവും സ്നേഹവും കാണിക്കുവാനും പരസ്പരം അംഗീകരിക്കാനും സഹകരിക്കുവാനും മനസ്സിലാക്കുവാനും മനുഷ്യന് സാധിക്കുന്നത്. ആ ബോധം നഷ്ടപ്പെടുകയും എല്ലാം തന്റെ അധ്വാനഫലമാണെന്ന മിഥ്യാധാരണ ഉണ്ടാകുകയും ചെയ്യുമ്പോഴാണ് മനുഷ്യൻ അഹങ്കാരിയും അത്യാഗ്രഹിയും പാപിയും അക്രമിയുമായി മാറുന്നത്.

പ്രവാചകൻﷺയുടെ കാലത്ത് ശക്തമായ മഴകിട്ടിയപ്പോൾ ആ മഴയെ സംബന്ധിച്ച് ജനങ്ങൾ രണ്ട് നിലക്ക് സംസാരിച്ചു. അന്നേരം അല്ലാഹുവിന്റെ റസൂലിന്റെ പ്രതികരണം ഇപ്രകാരമായിരുന്നു: "ജനങ്ങളിൽ നന്ദികാണിക്കുന്നവരും നിഷേധികളുമുണ്ട്. ഇത് അല്ലാഹുവിന്റെ അനുഗ്രഹമാണെന്ന് അവർ (ഈമാനുള്ളവർ) പറഞ്ഞു. എന്നാൽ അവരിൽ ചിലർ മഴ ഇന്നയിന്ന കാരണങ്ങളാൽ കിട്ടിയതാണെന്ന് പറയുന്നു."

ഇതിൽ ആദ്യത്തെ അഭിപ്രായം നന്ദിയുടെയും രണ്ടാമത്തേത് നന്ദികേടിന്റെയുമാണ്. അല്ലാഹു പറയുന്നു:

"നിന്റെ രക്ഷിതാവിന്റെ അനുഗ്രഹത്തെ സംബന്ധിച്ച് നീ സംസാരിക്കുക" (ക്വുർആൻ 93:11).

മഹാന്മാരായ മുഴുവൻ പ്രവാചകന്മാരും നന്ദികാണിക്കുന്നവരായിരുന്നു എന്ന് ക്വുർആൻ എടുത്തു പറയുന്നത് കാണാം. ഇബ്റാഹീം(അ)നെക്കുറിച്ച് അല്ലാഹു പരിചയപ്പെടുത്തിയപ്പോൾ 'അദ്ദേഹം വളരെയേറെ നന്ദികാണിക്കുന്ന ഒരടിമയായിരുന്നു'വെന്ന് പറഞ്ഞത് കാണാം.

നബിﷺ രാത്രിയിൽ വളരെ ദീർഘിച്ചു നമസ്കരിക്കുന്നത് സംബന്ധിച്ച് മഹതി ആഇശ رضي الله عنها ചോദിച്ചപ്പോൾ 'ഞാനൊരു നന്ദിയുള്ള അടിമയാകേണ്ടേ' എന്ന് അവിടുന്ന് പ്രതിവചിച്ചത് ശ്രദ്ധേയമാണ്.

യൂനുസ്ബ്നു ഉബൈദ്(റഹി)യുടെ അടുക്കൽ ഒരിക്കൽ ഒരാൾ വന്ന് ഇല്ലായ്മയെ കുറിച്ച് പരാതിപ്പെട്ടപ്പോൾ അദ്ദേഹം നൽകിയ മറുപടി ഇവിടെ പ്രസക്തമാണ്: 'നിങ്ങളുടെ രണ്ട് കണ്ണ് എനിക്ക് തരുമോ? ഞാൻ നിങ്ങൾക്ക് ഒരുലക്ഷം ദിർഹം തരാം. നിങ്ങളുടെ ഒരു കൈ എനിക്കു തരുമോ? ഒരു ലക്ഷം ദിർഹം തരാം. നിങ്ങളുടെ ഒരു കാലെനിക്ക് ത

രുമോ? ഒരു ലക്ഷം ദിർഹം തരാം.' ഇങ്ങനെ അദ്ദേഹത്തിന്റെ അവയവങ്ങളോരോന്ന് എണ്ണിയെണ്ണി അതിനു വിലയിട്ടുകൊണ്ട് അദ്ദേഹം ചോദിച്ചു. ആഗതൻ പറഞ്ഞു: 'ഒരിക്കലുമില്ല.' അപ്പോൾ യൂനുസ്ബ്നു ഉബൈദ് (റഹി) പറഞ്ഞു: 'ഞാൻ നിന്റെയടുക്കൽ കോടികൾ കാണുന്നു. എന്നിട്ടും ഇല്ലായ്മയെക്കുറിച്ച് ആവലാതിപ്പെടുകയോ?'

അതെ, എത്രയെത്ര അനുഗ്രഹങ്ങളാണ് റബ്ബ് നമുക്ക് കനിഞ്ഞരുളിയത്! നമ്മുടെ ശരീരം. അതിന്റെ ഏതെങ്കിലുമൊരു ഭാഗത്തിന് വല്ല അസുഖവും ബാധിച്ചാൽ ബോധ്യമാകും ആ അവയവത്തിന്റെ വില. സർവശക്തൻ നമുക്ക് ഓരോരോ സെക്കൻഡിലും നൽകികൊണ്ടിരിക്കുന്ന അനുഗ്രഹങ്ങൾക്കാകട്ടെ കയ്യും കണക്കുമില്ല.

മനുഷ്യർ പരസ്പരം ചെയ്യുന്ന ഉപകാരങ്ങൾക്കും അന്യോന്യം നന്ദികാണിക്കേണ്ടതുണ്ട്. അതിന്റെ വാചികമായ രൂപമാണ് 'അല്ലാഹു നിനക്ക് നന്മചെയ്യുമാറാകട്ടെ' എന്ന പ്രവാചകൻﷺ പഠിപ്പിച്ച പ്രാർഥന.

നന്മ ചെയ്തുതന്നവർക്ക് പ്രത്യുപകാരം ചെയ്യുവാനും അതിനു സാധിക്കാത്ത പക്ഷം അവർക്കുവേണ്ടി അല്ലാഹുവിനോട് പ്രാർഥിക്കുവാനും നബിﷺ നിർദേശിച്ചിട്ടുണ്ട്.

നാം ജീവിക്കുന്ന രാജ്യത്തോടും സമൂഹത്തോടും നന്ദി കാണിക്കൽ നമ്മുടെ ബാധ്യതയാണെന്ന് ഇതിൽ നിന്നെല്ലാം വ്യക്തമാണ്. അവനവന്റെ വിശ്വാസമനുസരിച്ച് ജീവിക്കുവാനും ആരാധനകളും അനുഷ്ഠാന കർമങ്ങളും നിർവഹിക്കുവാനും അതിലേക്ക് മറ്റുള്ളവരെ ക്ഷണിക്കുവാനുമെല്ലാമുള്ള സ്വാതന്ത്ര്യവും നിർഭയത്വവും നമുക്ക് നമ്മുടെ നാട്ടിലുണ്ട്. സർവശക്തനോട് അതിന് നന്ദികാണിക്കണം. രാജ്യത്തിന്റെ പൊതുനന്മക്കായി പ്രവർത്തിക്കലും മതവിരുദ്ധമല്ലാത്ത നിയമങ്ങൾ പാലിക്കലും അതിന്റെ വളർച്ചക്കാവശ്യമായ പ്രവർത്തനങ്ങൾ ചെയ്യലുമെല്ലാം രാജ്യത്തോടു കാണിക്കുന്ന നന്ദിയാണ്. നിർഭയമായി പുറത്തിറങ്ങാൻ പോലും സാധിക്കാത്ത എത്രയെത്ര രാജ്യങ്ങൾ. സദാസമയവും കാതടിപ്പിക്കുന്ന ബോംബുവർഷവും രക്തച്ചൊരിച്ചി

**അവനവന്റെ വിശ്വാസമനുസരിച്ച് ജീവിക്കുവാനും ആരാധനകളും അനുഷ്ഠാന കർമങ്ങളും നിർവഹിക്കുവാനും അതിലേക്ക് മറ്റുള്ളവരെ ക്ഷണിക്കുവാനുമെല്ലാമുള്ള സ്വാതന്ത്ര്യവും നിർഭയത്വവും നമുക്ക് നമ്മുടെ നാട്ടിലുണ്ട്. സർവശക്തനോട് അതിന് നന്ദികാണിക്കണം. രാജ്യത്തിന്റെ പൊതുനന്മക്കായി പ്രവർത്തിക്കലും നിയമങ്ങൾ പാലിക്കലും അതിന്റെ വളർച്ചക്കാവശ്യമായ പ്രവർത്തനങ്ങൾ ചെയ്യലുമെല്ലാം രാജ്യത്തോടു കാണിക്കുന്ന നന്ദിയാണ്.**

ലുകളും മാത്രം കാണാനും കേൾക്കാനും വിധിക്കപ്പെട്ട ജനങ്ങൾ! എന്നാൽ നമുക്ക് അല്ലാഹുവിന്റെ അപാരമായ അനുഗ്രഹത്താൽ അങ്ങനെയൊരവസ്ഥയില്ല. അതിനാൽ ഈ അനുകൂലാവസ്ഥയെ ഹനിക്കുന്ന വിധത്തിലുള്ള രചനയോ പ്രസംഗമോ തീവ്രവാദ ഭീകരവാദ പ്രവർത്തനങ്ങൾക്കനുകൂലമാകുന്ന ഏതെങ്കിലും രൂപത്തിലുള്ള ഇടപെടലുകളോ വിശ്വാസികളിൽനിന്ന് ഉണ്ടാകാൻ പാടില്ല.

കിട്ടിയ അനുഗ്രഹങ്ങളെ മറന്നുകളഞ്ഞ സബഅ് ദേശക്കാരായ രണ്ടുപേരെ വിശുദ്ധ ക്വുർആൻ പരിചയപ്പെടുത്തുന്നത് കാണുക:

“തീർച്ചയായും സബഅ് ദേശക്കാർക്ക് തങ്ങളുടെ അധിവാസ കേന്ദ്രത്തിൽ തന്നെ ദൃഷ്ടാന്തമുണ്ടായിരുന്നു. അതായത് വലതുഭാഗത്തും ഇടതുഭാഗത്തുമായി രണ്ടു തോട്ടങ്ങൾ. (അവരോട് പറയപ്പെട്ടു:) നിങ്ങളുടെ രക്ഷിതാവ് തന്ന ഉപജീവനത്തിൽ നിന്ന് നിങ്ങൾ ഭക്ഷിക്കുകയും അവനോട് നിങ്ങൾ നന്ദികാണിക്കുകയും ചെയ്യുക. നല്ലൊരു രാജ്യവും ഏറെ പൊറുക്കുന്ന രക്ഷിതാവും! എന്നാൽ അവർ പിന്തിരിഞ്ഞു കളഞ്ഞു. അപ്പോൾ അണക്കെട്ടിൽ നിന്നുള്ള ജലപ്രവാഹത്തെ അവരുടെ നേരെ നാം അയച്ചു. അവരുടെ ആ രണ്ട് തോട്ടങ്ങൾക്ക് പകരം കയ്പുള്ള കായ്കനികളും കാറ്റാടി മരവും അൽപം ചില വാകമരങ്ങളും ഉള്ള രണ്ട് തോട്ടങ്ങൾ നാം അവർക്ക് നൽകുകയും ചെയ്തു. അവർ നന്ദികേട് കാണിച്ചതിന് നാം അവർക്ക് പ്രതിഫലമായി നൽകിയതാണത്. കടുത്ത നന്ദികേട് കാണിക്കുന്നവന്റെ നേരെയല്ലാതെ നാം ശിക്ഷാനടപടിയെടുക്കുമോ?” (സബഅ് 15-17).

നന്ദികേടു കാണിച്ച മറ്റൊരു നാട്ടുകാരെക്കുറിച്ച് അല്ലാഹു പറയുന്നത് കാണുക:

“അല്ലാഹു ഒരു രാജ്യത്തെ ഉപമയായി എടുത്തുകാണിക്കുകയാകുന്നു. അത് സുരക്ഷിതവും ശാന്തവുമായിരുന്നു. അതിലെ ആവശ്യത്തിനുള്ള ഭക്ഷണം എല്ലായിടത്ത് നിന്നും സമൃദ്ധമായി അവിടെ എത്തിക്കൊണ്ടിരിക്കും. എന്നിട്ട് ആ രാജ്യം അല്ലാഹുവി

ന്റെ അനുഗ്രഹങ്ങളെ നിഷേധിച്ചു. അപ്പോൾ അവർ പ്രവർത്തിച്ചുകൊണ്ടിരുന്നത് നിമിത്തം വിശപ്പിന്റെയും ഭയത്തിന്റെയും ഉടുപ്പ് അല്ലാഹു ആ രാജ്യത്തിന് അനുഭവിപ്പിക്കുമാറാക്കി" (നഹ്ൽ. 112).

സ്രഷ്ടാവിനോട് നന്ദികേട് കാണിച്ച ഒരു വ്യക്തിയുടെ കഥ അല്ലാഹു പറഞ്ഞുതരുന്നത്കാണുക: "നീ അവർക്ക് ഒരു ഉപമ വിവരിച്ചുകൊടുക്കുക. രണ്ട് പുരുഷന്മാർ. അവരിൽ ഒരാൾക്ക് നാം രണ്ട് മുന്തിരിത്തോട്ടങ്ങൾ നൽകി. അവയെ (തോട്ടങ്ങളെ) നാം ഈന്തപ്പനകൊണ്ട് വലയം ചെയ്തു. അവയ്ക്കിടയിൽ (തോട്ടങ്ങൾക്കിടയിൽ) ധാന്യകൃഷിയിടവും നാം നൽകി. ഇരു തോട്ടങ്ങളും അവയുടെ ഫലങ്ങൾ നൽകിവന്നു. അതിൽ യാതൊരു ക്രമക്കേടും വരുത്തിയില്ല. അവയ്ക്കിടയിലൂടെ നാം ഒരു നദി ഒഴുക്കുകയും ചെയ്തു. അവന്നു പല വരുമാനവുമുണ്ടായിരുന്നു. അങ്ങനെ അവൻ തന്റെ ചങ്ങാതിയോട് സംവാദം നടത്തിക്കൊണ്ടിരിക്കെ പറയുകയുണ്ടായി: ഞാനാണ് നിന്നെക്കാൾ കൂടുതൽ ധനമുള്ളവനും കൂടുതൽ സംഘബലമുള്ളവനും. സ്വന്തത്തോട് തന്നെ അന്യായം പ്രവർത്തിച്ച് കൊണ്ട് അവൻ തന്റെ തോട്ടത്തിൽ പ്രവേശിച്ചു. അവൻ പറഞ്ഞു: ഒരിക്കലും ഇതൊന്നും നശിച്ച് പോകുമെന്ന് ഞാൻ വിചാരിക്കുന്നില്ല. അന്ത്യസമയം നിലവിൽ വരും എന്നും ഞാൻ വിചാരിക്കുന്നില്ല. ഇനി ഞാൻ എന്റെ രക്ഷിതാവിങ്കലേക്ക് മടക്കപ്പെടുകയാണെങ്കിലോ, തീർച്ചയായും, മടങ്ങിച്ചെല്ലുന്നതിന് ഇതിനേക്കാൾ ഉത്തമമായ ഒരു സ്ഥലം എനിക്ക് ലഭിക്കുക തന്നെ ചെയ്യും. അവന്റെ ചങ്ങാതി അവനുമായി സംവാദം നടത്തിക്കൊണ്ടിരിക്കെ പറഞ്ഞു: മണ്ണിൽ നിന്നും അനന്തരം ബീജത്തിൽ നിന്നും നിന്നെ സൃഷ്ടിക്കുകയും, പിന്നീട് നിന്നെ ഒരു പുരുഷനായി സംവിധാനിക്കുകയും ചെയ്തവനിൽ നീ അവിശ്വസിച്ചിരിക്കുകയാണോ? എന്നാൽ (എന്റെ വിശ്വാസമിതാണ്.) അവൻ അഥവാ അല്ലാഹുവാകുന്നു എന്റെ രക്ഷിതാവ്. എന്റെ രക്ഷിതാവിനോട് യാതൊന്നിനെയും ഞാൻ പങ്കുചേർക്കുകയില്ല. നീ നിന്റെ തോട്ടത്തിൽ കടന്ന സമയത്ത്, ഇത് അല്ലാഹു ഉദ്ദേശിച്ചതത്രെ, അല്ലാഹുവെക്കൊണ്ടല്ലാതെ യാതൊരു ശക്തിയും ഇല്ല എന്ന് നിനക്ക് പറഞ്ഞ് കൂടായിരുന്നോ? നിന്നെക്കാൾ ധനവും സന്താനവും കുറഞ്ഞവനായി നീ എന്നെ കാണുന്നുവെങ്കിൽ. എന്റെ രക്ഷിതാവ് എനിക്ക് നിന്റെ തോട്ടത്തെക്കാൾ നല്ലത് നൽകി എന്ന് വരാം. നിന്റെ തോട്ടത്തിന്റെ നേരെ അവൻ ആകാശത്ത് നിന്ന് ശിക്ഷ അയക്കുകയും, അങ്ങനെ അത് ചതുപ്പുനിലമായിത്തീരുകയും ചെയ്തു എന്ന് വരാം. അല്ലെങ്കിൽ അതിലെ വെള്ളം നിനക്ക് ഒരിക്കലും തേടിപ്പിടിച്ച് കൊണ്ട് വരുവാൻ കഴിയാത്ത വിധം വറ്റിപ്പോയെന്നും വരാം. അവന്റെ ഫലസമൃദ്ധി (നാശത്താൽ) വലയം ചെയ്യപ്പെട്ടു. അവ (തോട്ടങ്ങൾ) അവയുടെ പന്തലുകളോടെ വീണടിഞ്ഞ് കിടക്കവെ താൻ അതിൽ ചെലവഴിച്ചതിന്റെ പേരിൽ അവൻ (നഷ്ടബോധത്താൽ) കൈ മലർത്തുന്നവനായി ത്തീർന്നു. എന്റെ രക്ഷിതാവിനോട് ആരെയും ഞാൻ പങ്കുചേർക്കാതിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ എന്ന് അവൻ പറയുകയും ചെയ്ത്കൊണ്ടിരുന്നു. അല്ലാഹുവിന് പുറമെ യാതൊരു കക്ഷിയും അവന്ന് സഹായം നൽകുവാനുണ്ടായില്ല. അവന്ന് (സ്വയം) അതിജയിക്കുവാൻ കഴിഞ്ഞതുമില്ല" (ക്വുർആൻ 18: 32-43).

അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നന്ദികാണിക്കുക എന്നത് തന്നെയാണ് ആ അനുഗ്രഹങ്ങൾ നിലനിർത്തിക്കിട്ടുന്നതിനുള്ള മാർഗം. നമുക്ക് ലഭിച്ച അറിവ്, സമ്പത്ത്, ആരോഗ്യം, ഒഴിവ് സമയം തുടങ്ങിയവയെല്ലാം വിലയേറിയ അനുഗ്രഹങ്ങളാണ്. ഏത് അനുഗ്രഹവും -ചെറുതായാലും വലുതായാലും- അതെന്റെ റബ്ബിനിക്ക് തന്നതാണെന്ന ബോധമാണ് അതിപ്രധാനം.

"നിങ്ങൾ നന്ദികാണിച്ചാൽ തീർച്ചയായും ഞാൻ നിങ്ങൾക്ക് (അനുഗ്രഹം) വർധിപ്പിച്ചു തരുന്നതാണ്. എന്നാൽ നിങ്ങൾ നന്ദികേട് കാണിക്കുകയാണെങ്കിൽ തീർച്ചയായും എന്റെ ശിക്ഷ കഠിനമായിരിക്കും എന്ന് നിങ്ങളുടെ രക്ഷിതാവ് പ്രസ്താവിച്ച സന്ദർഭം ശ്രദ്ധേയമത്രെ"(7:14). ●

**നിർഭയമായി പുറത്തിറങ്ങാൻ പോലും സാധിക്കാത്ത എത്രയെത്ര രാജ്യങ്ങൾ. സദാസമയവും കാതടിപ്പിക്കുന്ന ബോംബുവർഷവും രക്തച്ചൊരിച്ചിലുകളും മാത്രം കാണാനും കേൾക്കാനും വിധിക്കപ്പെട്ട ജനങ്ങൾ! എന്നാൽ നമുക്ക് അല്ലാഹുവിന്റെ അപാരമായ അനുഗ്രഹത്താൽ അങ്ങനെയൊരവസ്ഥയില്ല. അതിനാൽ ഈ അനുകൂലാവസ്ഥയെ ഹനിക്കുന്ന വിധത്തിലുള്ള രചനയോ പ്രസംഗമോ തീവ്രവാദ ഭീകരവാദ പ്രവർത്തനങ്ങൾക്കനുകൂലമാകുന്ന ഏതെങ്കിലും ഇടപെടലുകളോ വിശ്വാസികളിൽനിന്ന് ഉണ്ടാകാൻ പാടില്ല.**

ഡോ. അബ്ദുർറസ്സാക് അൽബദർ
വിവ. അബ്ദുൽ ജബ്ബാർ അബ്ദുല്ല



# സ്ത്രീ സംരക്ഷിക്കപ്പെടണം

**സഹോദരിയും പിതൃസഹോദരിയും മാതൃസഹോദരിയുമായാൽ**

സഹോദരിയോടും പിതൃസഹോദരിയോടും മാതൃസഹോദരിയോടും ബന്ധം ചാർത്തുവാനും നല്ല രീതിയിൽ പെരുമാറുവാനും അവരുടെ അവകാശങ്ങൾ വകവെക്കുവാനും ഇസ്‌ലാം കൽപിക്കുകയും അതിന് മഹത്തായ പ്രതിഫലം നിശ്ചയിക്കുകയും ചെയ്തു.

അല്ലാഹുവിന്റെ തിരുദൂതൻﷺ മൊഴിയുന്നത് കേട്ടതായി മിക്ദാം ഇബ്നു മഅ്ദീ കരിബി(റ)ൽനിന്ന് ഇമാം ബുഖാരിയും (അദബുൽമുഫ്റദ്) ഇബ്നുമാജയും നിവേദനം:

"നിങ്ങൾ മാതാക്കൾക്ക് പുണ്യം ചെയ്യണമെന്ന് നിശ്ചയം നിങ്ങളോട് അല്ലാഹു കൽപിക്കുന്നു. പിന്നെയും മാതാക്കൾക്ക് പുണ്യം ചെയ്യണമെന്ന് അവൻ നിങ്ങളോട് കൽപിക്കുന്നു. ശേഷം നിങ്ങൾ നിങ്ങളുടെ പിതാക്കൾക്ക് പുണ്യം ചെയ്യണമെന്ന് അല്ലാഹു കൽപിക്കുന്നു. പിന്നീട് മാതാപിതാക്കളോട് ഏറ്റവും അടുത്തവർ, പിന്നീട് അവരോട് അടുത്തവർ എന്നീ ക്രമത്തിൽ പുണ്യം ചെയ്യണമെന്ന് നിങ്ങളോട് അല്ലാഹു കൽപിക്കുന്നു."

അബൂ സഈദിൽഖുദ്‌രി(റ)യിൽ നിന്ന് ഇമാം അബൂദാവൂദും തുർമുദിയും നിവേദനം. അല്ലാഹുവിന്റെ ദൂതർﷺ പറഞ്ഞു:

"നിങ്ങളിലൊരാൾക്ക് മൂന്നു പെൺമക്കൾ അല്ലെങ്കിൽ മൂന്നു സഹോദരിമാർ ഉണ്ടാവുകയും അവരോട് നന്മയിൽ വർത്തിക്കുകയും ചെയ്താൽ അയാൾ സ്വർഗത്തിൽ പ്രവേശിക്കുക തന്നെ ചെയ്യും."

ആഇശ(റ)യിൽനിന്ന് ഇമാം ബുഖാരിയും മുസ്‌ലിമും നിവേദനം. തിരുനബിﷺ പറഞ്ഞു:

"കുടുംബ ബന്ധം അല്ലാഹുവിൽനിന്നുള്ള സുദൃഢമായ ബന്ധമാകുന്നു. വല്ലവനും അതു ചാർത്തിയാൽ അല്ലാഹു അവനോട് ബന്ധം ചാർത്തും. വല്ലവനും അത് മുറിച്ചാൽ അല്ലാഹു അവനോട് ബന്ധം മുറിക്കും."

അനസി(റ)ൽനിന്ന് നിവേദനം. തിരുനബിﷺ പറഞ്ഞു: "തന്റെ ഉപജീവനം വിശാലമാക്കപ്പെടുവാനും ആയുസ്സ് ദീർഘമാക്കപ്പെടുവാനും വല്ലവനും ഇഷ്ടപ്പെടുന്നുവെങ്കിൽ അവൻ തന്റെ കുടുംബ ബന്ധം ചാർത്തട്ടെ."

**അന്യ സ്ത്രീയാണെങ്കിൽ**

ഒരു മനുഷ്യനെ സംബന്ധിച്ചിടത്തോളം ഒരു സ്ത്രീ അവന്റെ ബന്ധുവല്ല; അവളാകട്ടെ ഒരു സഹായവും പരിഗണനയും ആവശ്യമായ അവസ്ഥയിലാണ് എങ്കിൽ അവളെ പരിഗണിക്കുവാനും അവൾക്ക് സുകൃതം ചെയ്യുവാനും അവളെ സഹായിക്കുവാനും ഇസ്‌ലാം പ്രോത്സാഹിപ്പിക്കുകയും അതിന് മഹനീയമായ പ്രതിഫലം നിശ്ചയിക്കുകയും ചെയ്തു. നബിﷺ പറഞ്ഞതായി ഇമാം ബുഖാരിയും മുസ്‌ലിമും നിവേദനം:

"വിധവകളുടെയും അഗതികളുടെയും വിഷയത്തിൽ അധ്വാനിക്കുന്നവൻ അല്ലാഹുവിന്റെ മാർഗത്തിലുള്ള യോദ്ധാവിനെ പോലെയോ ക്ഷീണമില്ലാതെ (രാത്രി) നമസ്കരിക്കുന്നവനെ പോലെയോ മുറിക്കാതെ നോമ്പനുഷ്ഠിക്കുന്നവനെ പോലെയോ ആകുന്നു."

ഇസ്‌ലാമിക അധ്യാപനങ്ങളുടെ തണലിൽ ഒരു സ്ത്രീ നേടുന്ന ആദരവിന്റെയും ഔദാര്യത്തിന്റെയും നേരിയ പരാമർശമാണിത്. അല്ലാഹു അവന്റെ ദാസന്മാർക്ക് തൃപ്തിപ്പെട്ടേകിയ ഈ മഹനീയ മതമല്ലാത്ത ഇതര മതങ്ങളിൽ ഇതുപോലുള്ളതോ ഇതിനോട് അടുത്തതോ ആയ വമ്പിച്ച പരിഗണയും സ്വീകാര്യമായ മാന്യതയും മതിയായ നന്മയും ഒരു സ്ത്രീ കണ്ടെത്തുകയെന്നത് അതിവിദൂരമാകുന്നു.

**സ്ത്രീ സംരക്ഷിക്കപ്പെടണമെന്ന ബോധം**

സ്ത്രീകളെ സംരക്ഷിക്കുവാനുള്ള ബോധം മുസ്‌ലിം മനസ്സുകളിൽ ഇസ്‌ലാം നട്ടുവളർത്തി എന്നത് മുസ്‌ലിം സ്ത്രീയെ ഇസ്‌ലാം ആദരിച്ചതിന്റെ വശ്യമായ രൂപങ്ങളിലൊന്നാണ്, തീർച്ച. ഗീറത്ത് അഥവാ അഭിമാന സംരക്ഷണാർഥമുള്ള രോഷം മഹനീയ സ്വഭാവവും മാന്യമായ വിശേഷണവുമാണ്. ഒരു മുസ്‌ലിമിന്റെ ഹൃദയത്തിൽ കുടികൊള്ളുന്ന സ്വഭാവമാകുന്നു അത്; തന്റെ സംരക്ഷണത്തിലുള്ള സ്ത്രീയെ പരിപാലിക്കുവാനും അവർക്ക് കാവലാകുവാനും അവരുടെ അന്തസ്സും ആഭിജാത്യവും സംരക്ഷിക്കുവാനും നഗ്നതാ പ്രദർശനത്തിൽനിന്നും അലങ്കാര പ്രദർശനത്തിൽനിന്നും അന്യരോടൊത്തുള്ള കൂടിക്കലരലിൽനിന്നും അവരെ തടയുവാനും പ്രസ്തുത സ്വഭാവം പ്രേരിപ്പിക്കും.

അഭിമാനത്തെ തൊട്ട് പ്രതിരോധിക്കലും തന്റെ സംരക്ഷണത്തിലുള്ള സ്ത്രീയുടെ വിഷയത്തിൽ അഭിമാന രോഷമുണ്ടാകലും ജിഹാദായിട്ടാണ് ഇസ്‌ലാം എണ്ണുന്നത്. പ്രസ്തുത മാർഗേണ ജീവൻ നഷ്ടപ്പെടുന്നവന് സ്വർഗത്തിൽ ശഹീദിന്റെ പദവി പ്രതിഫലമായി നൽകപ്പെടുകയും ചെയ്യും.

സഈദ് ഇബ്‌നുസെയ്ദി﷡ൽനിന്ന് നിവേദനം. അല്ലാഹുവിന്റെ റസൂൽ ﷺ പറയുന്നത് ഞാൻ കേട്ടു: "ഒരാൾ തന്റെ സമ്പത്ത് (സംരക്ഷിക്കുന്നതിനു)വേണ്ടി കൊല്ലപ്പെട്ടു, അയാൾ രക്തസാക്ഷിയാണ്. ഒരാൾ തന്റെ ദീൻ (സംരക്ഷിക്കുവാൻ) വേണ്ടി കൊല്ലപ്പെട്ടു, അയാൾ രക്തസാക്ഷിയാണ്. ഒരാൾ തന്റെ രക്തം (സംരക്ഷിക്കുവാൻ) വേണ്ടി കൊല്ലപ്പെട്ടു, അയാൾ രക്തസാക്ഷിയാണ്. ഒരാൾ തന്റെ ഇണയെ (സംരക്ഷിക്കുവാൻ) വേണ്ടി കൊല്ലപ്പെട്ടു, അയാളും രക്തസാക്ഷിയാണ്."

മറ്റൊരു നിവേദനത്തിൽ ഇപ്രകാരമുണ്ട്: "ഒരാൾ തന്റെ അഭിമാനം (സംരക്ഷിക്കുന്നതിനു)വേണ്ടി കൊല്ലപ്പെട്ടു, അയാൾ ശഹീദാണ്."

എന്നു മാത്രമല്ല, ഈമാനിന്റെ സ്വഭാവങ്ങളിൽ കറകളഞ്ഞ സ്വഭാവമായിട്ടാണ് അഭിമാന സംരക്ഷണാർഥമുള്ള രോഷത്തെ ഇസ്‌ലാം ഗണിക്കുന്നത്. മുഗീറ﷡യിൽ നിന്ന് നിവേദനം:

"സഅ്ദ് ഇബ്‌നു ഉബാദ﷡ പറഞ്ഞു: "എന്റെ ഭാര്യയോടൊപ്പം ഒരു വ്യക്തിയെ ഞാൻ കാണുകയായാൽ അവനെ ഞാൻ വാളു കൊണ്ട് നിഷ്‌കരുണം വെട്ടും." ഈ വാർത്ത തിരുദൂതരുടെ സവിധത്തിലെത്തി. അപ്പോൾ തിരുമേനി ﷺ പറഞ്ഞു: "സഅ്ദിന്റെ അഭിമാനരോഷത്തിൽ നിങ്ങൾ ആശ്ചര്യപ്പെടുന്നുവോ? തീർച്ചയായും ഞാൻ സഅ്ദിനെക്കാൾ രോഷമുള്ളവനാണ്. അല്ലാഹുവാകട്ടെ എന്നെക്കാൾ രോഷമുള്ളവനാണ്. അല്ലാഹുവിന് രോഷമുള്ളതിനാലാണ് അവൻ പ്രത്യക്ഷവും പരോക്ഷവുമായ നീചവൃത്തികളെ നിഷിദ്ധമാക്കിയത്."

അബൂഹുറയ്‌റയിൽനിന്ന് നിവേദനം. അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: "നിശ്ചയം അല്ലാഹു രോഷം കൊള്ളും. വിശ്വാസിയും രോഷംകൊള്ളും. അല്ലാഹു ഹറമാക്കിയത് ഒരു വിശ്വാസി ചെയ്യുകയെന്നത് അല്ലാഹുവിനെ രോഷാകുലനാക്കുന്ന കാര്യങ്ങളിൽ പെട്ടതാണ്."

ഗയൂറിന്റെ വിപരീത പദമാണ് ദയ്യൂഥ്. തന്റെ കുടുംബത്തിൽ നീചവൃത്തി സമ്മതിക്കുന്നവനാണ് ദയ്യൂഥ്. കുടുംബത്തിന്റെ വിഷയത്തിൽ അവന് യാതൊരു വിധ സംരക്ഷണ ബോധവുമുണ്ടായിരിക്കില്ല. ഇത്തരക്കാരുടെ വിഷയത്തിൽ ശക്തമായ മുന്നറിയിപ്പ് ഇസ്‌ലാം നൽകിയിരിക്കുന്നു.

അബ്ദുല്ലാഹിബ്‌നു ഉമറി﷡ൽനിന്നും നിവേദനം. അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: "മൂന്ന് കൂട്ടർ, അല്ലാഹു അന്ത്യനാളിൽ അവരിലേക്ക് നോക്കുകയില്ല. തന്റെ മാതാപിതാക്കളെ ദ്രോഹിക്കുന്നവൻ, പുരുഷന്മാരോട് സദൃശ്യരായി ആൺകോലം കെട്ടുന്ന സ്ത്രീകൾ. കടുംബത്തിൽ ഹീനതക്ക് കൂട്ടുനിൽക്കുന്ന ഗൃഹനാഥൻ."

മുസ്‌ലിംകൾക്ക് അവരുടെ ഭാര്യമാരുടെ വിഷയത്തിലുള്ള അഭിമാനരോഷത്തിലുള്ള കണിശതയെയും ഈ കാര്യത്തിലുള്ള അവരുടെ സജീവ ശ്രദ്ധയെയും ആഖ്യാനിക്കുന്ന സംഭവങ്ങളാൽ ചരിത്രം ധന്യമാണ്.

ഇബ്‌നുൽജൗസി തന്റെ അൽമുൻതളിമെന്ന ഗ്രന്ഥത്തിൽ നൽകിയത് ഈ വിഷയത്തിൽ അത്ഭുത സംഭവങ്ങളിലൊന്നാണ്. മുഹമ്മദ് ഇബ്‌നു മൂസൽ ക്വാദി പറയുന്നു:

"ഹിജ്‌റാബ്ദം ഇരുന്നൂറ്റി എൺപത്തി ആറിൽ മൂസാ ഇബ്‌നുഇസ്ഹാക്വ് അൽക്വാദിയുടെ മജ്‌ലിസിൽ ഞാൻ സന്നിഹിതനായിരിന്നു. അപ്പോൾ ഒരു സ്ത്രീ മുന്നിട്ട് വന്നു. തന്റെ ഭർത്താവ് അഞ്ഞൂറ് ദീനാർ മഹ്‌റായി തനിക്ക് നൽകുവാനുണ്ടെന്ന് അവൾ വാദിച്ചു. ഭർത്താവ് അത് നിഷേധിച്ചു. ക്വാദി വാദിയോട് പറഞ്ഞു: 'താങ്കൾ സാക്ഷികളെ ഹാജറാക്കണം.' 'ഞാൻ അവരെ ഹാജറാക്കിയിട്ടുണ്ട്' വാദി പ്രതികരിച്ചു. സാക്ഷ്യനിർവഹണത്തിൽ വിരൽ ചൂണ്ടുവാൻ സ്ത്രീയെ കാണണമെന്ന് സാക്ഷികളിൽ ചിലർ വാദിച്ചു. സാക്ഷി എഴുന്നേറ്റ് സ്ത്രീയോട് പറഞ്ഞു: 'എഴുന്നേൽക്കൂ.' അപ്പോൾ ഭർത്താവ് പറഞ്ഞു: 'നിങ്ങൾ എന്താണ് ചെയ്യുന്നത്?' സാക്ഷി പറഞ്ഞു: 'താങ്കളുടെ ഭാര്യയെ അറിയുമെന്നതിന്റെ സാധുതക്ക് മുഖം തുറന്ന നിലക്ക് കാണുവാൻ അവർ അവളിലേക്ക് നോക്കുകയാണ്.' ഭർത്താവ് പറഞ്ഞു: 'എങ്കിൽ ഞാൻ ക്വാദിയെ സാക്ഷിയാക്കി പ്രഖ്യാപിക്കുന്നു; അവൾ വാദിക്കുന്ന മഹ്ർ ഞാൻ നൽകാമെന്നേറ്റിരിക്കുന്നു. അവൾ മുഖം വെളിപ്പെടുത്തരുത്.' അപ്പോൾ ആ സ്ത്രീ പറഞ്ഞു: 'എങ്കിൽ ക്വാദിയെ സാക്ഷിയാക്കി ഞാനും പ്രഖ്യാപിക്കുന്നു; ഈ മഹ്ർ ഞാൻ അദ്ദേഹത്തിനു ദാനമായി നൽകിയിരിക്കുന്നു. അതിൽ നിന്ന് ഇഹത്തിലും പരത്തിലും ഞാൻ അദ്ദേഹത്തിന് ഒഴിവ് നൽകിയിരിക്കുന്നു.' ഉടൻ ക്വാദി പറഞ്ഞു: 'മാന്യ സ്വഭാവങ്ങളെ കുറിച്ചുള്ള രചനയിൽ ഈ വ്യക്തി രേഖപ്പെടുത്തപ്പെടണം."

അതെ, മഹത്തായ സ്വഭാവങ്ങൾ, ഉത്തമ മര്യാദകൾ, ഉന്നത മൂല്യങ്ങൾ എന്നിവയിൽ ഈ വ്യക്തി രേഖപ്പെടുത്തപ്പെടേണ്ടതുണ്ട്. തന്റെ ഭാര്യക്ക് യാതൊരു നിലയും കൽപിക്കാത്ത, മാന്യമായ പെരുമാറ്റമോ സൽസ്വഭാവങ്ങളോ തന്റെ കുടുംബത്തോട് പ്രകടിപ്പിക്കാത്ത വ്യക്തിയെവിടെ? ഈ വ്യക്തി എവിടെ? ●

ശമീർ മദീനി
shameermadeeni@gmail.com

ക്വുർആൻ പഠനം

# പ്രവാചക വിമർശനങ്ങളിലെ ബാലിശതകൾ

**"(നബിയേ,) അവർ പറയുന്നത് നിനക്ക് വ്യസനമുണ്ടാക്കുന്നുണ്ട് എന്ന് തീർച്ചയായും നമുക്ക് അറിയാം. എന്നാൽ (യഥാർഥത്തിൽ) നിന്നെയല്ല അവർ നിഷേധിച്ചുതള്ളുന്നത്, പ്രത്യുത,അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെയാണ് ആ അക്രമികൾ നിഷേധിക്കുന്നത്. നിനക്ക് മുമ്പും ദൂതൻമാർ നിഷേധിക്കപ്പെട്ടിട്ടുണ്ട്. എന്നിട്ട് തങ്ങൾ നിഷേധിക്കപ്പെടുകയും മർദിക്കപ്പെടുകയും ചെയ്തത് നമ്മുടെ സഹായം അവർക്ക് വന്നെത്തുന്നത് വരെ അവർ സഹിച്ചു. അല്ലാഹുവിന്റെ വചനങ്ങൾക്ക് (കൽപനകൾക്ക്) മാറ്റം വരുത്താൻ ആരും തന്നെയില്ല. ദൈവദൂതൻമാരുടെ വൃത്താന്തങ്ങളിൽ ചിലത് നിനക്ക് വന്നുകിട്ടിയിട്ടുണ്ടല്ലോ" (ക്വുർആൻ 6:33,34)**

സ്രഷ്ടാവ് തന്നിലേയ്ക്കടുപ്പിക്കുവാനും നന്മകളിലേക്ക് മാർഗദർശനം ചെയ്യുവാനും മനുഷ്യരിലേക്കയച്ച മനുഷ്യസ്നേഹികളും കരുണയുള്ള മനസ്സിന്റെ ഉടമകളുമായിരുന്നു പ്രവാചകന്മാർ. അവരെ അംഗീകരിക്കുകയും ആദരിക്കുകയും സ്നേഹിക്കുകയും ചെയ്യേണ്ടതിന് പകരം ഭൂരിഭാഗം പ്രബോധിതരും പ്രതികൂലമായ പ്രതികരണങ്ങളുമായാണ് അവരെ എതിരേറ്റത്. പരിഹാസം, മർദനം, നാടുകടത്തൽ തുടങ്ങി കൊലപാതകങ്ങൾവരെ ഉണ്ടായിട്ടുണ്ട്.

പ്രവാചകശൃംഖലയിലെ അവസാനത്തെ കണ്ണിയായ മുഹമ്മദ് നബിﷺയുടെ ചരിത്രവും ഒട്ടും വ്യത്യസ്തമല്ല. മക്കക്കാരുടെ 'കണ്ണിലുണ്ണി'യായിരുന്ന മുഹമ്മദിനെ സ്നേഹാദരവുകളോടെ അവരെല്ലാം വിളിച്ചത് 'അൽ-അമീൻ' (വിശ്വസ്തൻ) എന്നായിരുന്നു.

തന്റെ നാൽപതാമത്തെ വയസ്സിൽ പ്രവാചകത്വം കിട്ടിയ ശേഷം ജനങ്ങളോട് പടച്ചവന്റെ സന്ദേശങ്ങൾ വിളംബരം ചെയ്തതോടുകൂടി വിമർശകരും എതിരാളികളും ഉണ്ടായിത്തുടങ്ങി. സ്വന്തം കൂട്ടുകുടുംബങ്ങളിൽ നിന്നുതന്നെ തുടങ്ങി ആദ്യ എതിർപ്പുകൾ.

ദൈവികസന്ദേശങ്ങളെ കുറിച്ചും പാരത്രികജീവിതത്തെ കുറിച്ചുമുള്ള മുന്നറിയിപ്പുകൾ നൽകാനായി മക്കാനിവാസികളായ ബന്ധുമിത്രാദികളെയും ഗോത്രനായകന്മാരെയും വിളിച്ചുകൂട്ടിയ പ്രവാചകന് നേരെ ആക്രോശവും പരിഹാസവുമായി ആദ്യം വന്നത് സ്വന്തം കുടുംബക്കാരൻ കൂടിയായ അബൂലഹബ് എന്ന വ്യക്തിയായിരുന്നു.

പിന്നീടങ്ങോട് ഒരു വശത്ത് വിമർശകരും ശത്രുക്കളും അധികരിച്ചുകൊണ്ടിരുന്നു; മറുവശത്ത് സ്വന്തം ജീവനെക്കാൾ പ്രവാചകനെ സ്നേഹിച്ച അനുചരന്മാരുടെ എണ്ണവും. അന്ധമായ വിരോധത്തിന്റെ ഉൾപ്രേരണയാൽ കലിതുള്ളിയ എതിരാളികൾ തോന്നിയതൊക്കെ വിമർശനങ്ങളാക്കി മാറ്റുകയാണുണ്ടായത്. മുഹമ്മദ് നബിﷺ ഒരു ഭ്രാന്തനും മാരണക്കാരനുമാണ് എന്നാണ് ചിലപ്പോൾ അവർ പറഞ്ഞതെങ്കിൽ, (ക്വുർആൻ 51:52) മറ്റുചിലപ്പോൾ കവിയെന്നും ജ്യോത്സ്യനെന്നും പറഞ്ഞു പരിഹസിച്ചു. (ക്വുർആൻ 52:29,30).

സത്യസന്ധമായി ചിന്തിക്കുകയും വിലയിരുത്തുകയും ചെയ്യുന്ന ആർക്കും ഇത്തരം വിമർശനങ്ങളിലെ നിരർഥകതകൾ കണ്ടെത്താൻ കഴിയുന്നതാണ്. ഒരു ഭ്രാന്തനും ജോത്സ്യനും മാരണക്കാരനും എങ്ങനെ ഇത്രക്ക് യുക്തിഭദ്രവും അത്ഭുതകരവുമായ ഒരു ഗ്രന്ഥവും കുറ്റമറ്റ ആദർശവും ലോകത്തിന് സമർപ്പിക്കാൻ കഴിയും? ലോകത്ത് എത്രയോ ഭ്രാന്തന്മാരും ജ്യോത്സ്യന്മാരും ജാലവിദ്യക്കാരും കവികളും കഴിഞ്ഞുപോയിട്ടുണ്ട്. അവർക്കാർക്കും കഴിയാതിരുന്നത് എന്തേ മുഹമ്മദ് നബിﷺക്ക് മാത്രം സാധിച്ചു?

അല്ലാഹു പറയുന്നു: "ഇതൊരു കവിയുടെ വാക്കല്ല. വളരെക്കുറച്ചേ നിങ്ങൾ വിശ്വസിക്കുന്നുള്ളൂ. ഒരു ജ്യോത്സ്യന്റെ വാക്കുമല്ല. വളരെക്കുറച്ചേ നിങ്ങൾ ആലോചിച്ച് മനസ്സിലാക്കുന്നുള്ളൂ. ഇത് ലോകരക്ഷിതാവിങ്കൽ നിന്ന് അവതരിപ്പിക്കപ്പെട്ടതാകുന്നു" (ക്വുർആൻ 69:41-43).

മറ്റു മതഗ്രന്ഥങ്ങൾ കോപ്പിയടിച്ചും അവയിലേത് കട്ടുകേട്ടുമാണ് മുഹമ്മദ്ﷺതന്റെ ആദർശം രൂപപ്പെടുത്തിയതെന്ന ആരോപണമുന്നയിക്കുന്നവരും ഒരു നിമിഷം ചിന്തിച്ചിരുന്നെങ്കിൽ! അങ്ങനെയായിരുന്നെങ്കിൽ എന്തുകൊണ്ട് അത്തരം ഗ്രന്ഥങ്ങളിലെ അബദ്ധങ്ങളും ആ മതസമൂഹങ്ങളിലെ വൈരുധ്യങ്ങളുമൊന്നും മുഹമ്മദ് നബിﷺയുടെ നാവിലൂടെ ലോകം ശ്രവിച്ചില്ല? മാത്രമല്ല അവയിലെ പല തെറ്റുകളും കൈകടത്തലുകളും ചൂണ്ടിക്കാണിക്കുകയും ശക്തമായി എതിർക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷം എന്തുകൊണ്ടുണ്ടായി?

# WISDOM BOOKS

**PUBLISHING ■ DISTRIBUTION**

E.K.P. Building, Calicut
web:www.wisdomislam.org
E-mail: publication@wisdomilsam.org
9497714525,9846048393,9895185814

## പുതിയ പുസ്തകങ്ങൾ

**1 വിശ്വാസിയുടെ നമസ്കാരം**
ഫദ്ലുൽ ഹഖ് ഉമരി
പേജ് :126 | വില : 90

**2 ഇസ്‌ലാം നിർഭയത്വത്തിന്റെ മതം**
പി. എൻ. അബ്ദുറഹ്മാൻ
പേജ് :58 | വില : 40

**3 നമസ്കാരത്തിലെ പ്രാർഥനകളും പ്രകീർത്തനങ്ങളും അർഥസഹിതം**
ഡോ. ജലാലുൽ ഹഖ് സലഫി
പേജ് :54 | വില : 40

**4 റമദാൻ: നാം അറിയേണ്ടതും ചെയ്യേണ്ടതും**
അബ്ബാസ് ചെറുതുരുത്തി
പേജ് :48 | വില : 40

**5 ക്വുർആൻ പഠന ക്വിസ്**
ഡോ. പി. കെ. അബ്ദുറസാഖ് സുല്ലമി
പേജ് : 90 | വില : 70

**6 ലാ ഇലാഹ ഇല്ലല്ലാഹ്**
ഫദ്ലുൽ ഹഖ് ഉമരി
പേജ് :104 | വില : 90

**7 ഇസ്‌ലാം അടിസ്ഥാന തത്ത്വങ്ങൾ**
ഇമാം അഹ്മദ് (വിവ: മൂസ സ്വലാഹി കാര)
പേജ് :100 | വില : 90

**പ്രീ പബ്ലിക്കേഷൻ ആനുകൂല്യം**
**460 രൂപ വില വരുന്ന 7 പുസ്തകങ്ങൾ 350 രൂപക്ക്**

**സ്പെഷ്യൽ ഡിസ്കൗണ്ട്**
**2460 രൂപയുടെ പുസ്തകങ്ങൾ 2000 രൂപക്ക്**

RNI NO: KERMAL 2015/64152
Posting at RMS Calicut
Nerpatham Weekly
Published on 09 Sep 2017
Reg NO: KL/CT/225/2016-18
Price: ₹10/-

# അവതരിപ്പിക്കുന്നു, കൂടുതൽ പുതുമകളോടെ...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി
പീസ് റേഡിയോ മൊബൈൽ ആപ്പ് വിജയകരമായ 2ാം വർഷത്തിലേക്ക്



ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio
Tune to reality

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio | Search peace radio App

www.peaceradio.com

Scan QR Code

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com | radiopeace | peaceradionow | +91 9544795099